# ബജറ്റ് പ്രസംഗം

## 2020 - 2021

**ശ്രീ. കെ.ആർ. പ്രേമകുമാർ**

**ഡെപ്യൂട്ടി മേയർ**

**2020 മാർച്ച് 21**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

# ഉള്ളടക്കം

പേജ് നമ്പർ


| | | |
|---|---|---|
| 1. | ആമുഖം | 11 |
| 2. | 2019-2020 ലെ പുതുക്കിയ ബജറ്റും 2020-2021 ലെ ബജറ്റ് നിർദ്ദേശവും | 14 |
| 3. | ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കൽ | 15 |
| 4. | ബജറ്റ് മോണിറ്ററിംഗ് സംവിധാനം | 16 |
| 5. | ധനസമാഹരണം | 16 |
| 6. | സർട്ടിഫിക്കറ്റ് ഫീസ് | 17 |
| 7. | പേ ആന്റ് പാർക്ക് ഫീസ് | 18 |
| 8. | സർവ്വീസ് ചാർജ് | 18 |
| 9. | ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ചാർജ് | 18 |
| 10. | ബുക്കിംഗ് ചാർജ് | 19 |
| 11. | വേക്കൻസി റിവിഷൻ | 19 |
| 12. | അനധികൃത നിർമ്മാണം | 20 |
| 13. | റീ-അസസ്സ്മെന്റ് | 21 |
| 14. | നഗരനവീകരണത്തിന് ഫണ്ട് | 21 |
| 15. | അധിക വരുമാനം | 21 |
| 16. | നികുതി പിരിവ് | 22 |
| 17. | ചരക്ക് സേവന നികുതി | 22 |
| 18. | പെൻഷൻ ഫണ്ട് | 23 |
| 19. | സേവന ഉപനികുതി നടപ്പിലാക്കില്ല | 23 |
| 20. | ഡിജിറ്റൽ പേയ്മെന്റ് | 24 |
| 21. | ആസ്തി തിട്ടപ്പെടുത്തലും എസ്റ്റേറ്റ് മാനേജ്മെന്റും | 24 |
| 22. | വെസ്റ്റ് കൊച്ചി- ബെസ്റ്റ് കൊച്ചി | 25 |
| 23. | ശാസ്ത്രീയമായ ഡ്രൈനേജ് സംവിധാനം | 27 |
| 24. | കനാൽ-കനാൽ പരിസര വികസനത്തിന് ഒരു മോഡൽ പദ്ധതി | 29 |
| 25. | വെള്ളക്കെട്ടില്ലാത്ത നഗരം | 30 |

26. കാനകളുടെ പരിപാലനം .... 31
27. ചെറുതോടുകളുടെ പരിപാലനം .... 32
28. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ .... 32
29. പ്രീ മൺസൂൺ ഡ്രൈവ് .... 33
30. ഫ്ളഡ് ഫ്രീ കൊച്ചി മൊബൈൽ ആപ്പ് .... 33
31. നഗരം സോളാർ എനർജിയിലേക്ക് .... 34
32. തെരുവ് വിളക്ക് - പുതിയ സംവിധാനം .... 35
33. മീറ്ററിംഗ് ആന്റ് ടൈമർ .... 36
34. സ്ട്രീറ്റ് ലൈറ്റിംഗ് സംവിധാനം .... 36
35. കെട്ടിട ഊർജ്ജ ക്ഷമത .... 36
36. ഗ്രീൻ ബിൽഡിംഗ് പദ്ധതി .... 38
37. കുടിവെള്ളം: ആവശ്യകതയും-ലഭ്യതയും .... 38
38. പുരോഗമിക്കുന്ന പദ്ധതികൾ .... 39
39. എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ .... 40
40. ആർ.ഒ. പ്ലാന്റുകൾ .... 41
41. മൊബൈൽ ആപ്പ് .... 41
42. പൊതുഗതാഗതം .... 41
43. പ്രാദേശിക ഗതാഗത വികസന പദ്ധതി .... 42
44. സ്ഥലമെടുപ്പിന്-സ്പെഷൽ ഫണ്ട് .... 43
45. സ്മാർട്ട് റോഡുകൾ .... 43
46. ബി.എം.&ബി.സി. റോഡുകൾ .... 44
47. നവീകരിക്കുന്ന നൂറ് റോഡുകൾ .... 45
48. കെ.പി. വള്ളോൻ റോഡ് .... 45
49. പള്ളുരുത്തി 40 അടി റോഡ് .... 45
50. തമ്മനം-പുല്ലേപ്പടി റോഡ് .... 46
51. സുഭാഷ് ചന്ദ്രബോസ് റോഡ് .... 46
52. ഗോശ്രീ-മാമംഗലം റോഡ് .... 46
53. നവീകരണവും ആധുനികവൽക്കരണവും .... 47
54. ഡച്ച് പാലസ് റോഡ് .... 47
55. ടൈൽ റോഡുകൾ .... 47

| | | |
|---|---|---|
| 56. | ടൈൽ നിർമ്മാണ യൂണിറ്റ് | 48 |
| 57. | റോഡുകളുടെ പരിപാലനം ജനപങ്കാളിത്തത്തോടെ | 48 |
| 58. | അംഗപരിമിത സൗഹൃദ നഗരം | 49 |
| 59. | നടപ്പാത | 49 |
| 60. | സൈക്കിൾ സൗഹാർദ്ദ നഗരം | 50 |
| 61. | കനാൽ-കായൽതീര സംരക്ഷണം | 51 |
| 62. | മുഖച്ഛായ മാറുന്ന പനമ്പള്ളിനഗർ | 52 |
| 63. | സ്ക്വയറുകൾ | 52 |
| 64. | ഗാന്ധി സ്ക്വയർ | 53 |
| 65. | വാസ്കോഡഗാമ സ്ക്വയർ | 53 |
| 66. | സിഗ്നൽ സംവിധാനം | 53 |
| 67. | ഷെയർ-ഇ ഓട്ടോ പദ്ധതി | 54 |
| 68. | പരിസ്ഥിതി സൗഹൃദ യാത്രാ പദ്ധതി | 54 |
| 69. | നോർത്ത്-സൗത്ത് കൊറിഡോർ | 56 |
| 70. | ബസ്സുകളുടെ റൂട്ട് പുനഃക്രമീകരണം | 56 |
| 71. | മോഡൽ ബസ് ടെർമിനൽ | 57 |
| 72. | പാലങ്ങൾ | 57 |
| 73. | ആർ.ഒ.ബി. | 57 |
| 74. | ഫുട്ട് ഓവർ ബ്രിഡ്ജ് | 58 |
| 75. | ജംഗ്ഷനുകൾ | 58 |
| 76. | പാർക്കിംഗ് | 59 |
| 77. | എം.ജി. റോഡിൽ മൾട്ടിലെവൽ പാർക്കിംഗ് | 60 |
| 78. | വാട്ടർ മെട്രോ | 60 |
| 79. | റോ-റോ എസ്.പി.വി. | 61 |
| 80. | റോ-റോ സർവ്വീസ് 24 മണിക്കൂർ | 61 |
| 81. | റോ-റോ ലാഭത്തിൽ | 62 |
| 82. | മുതിർന്ന പൗരൻമാർക്ക് സൗജന്യ നിരക്ക് | 62 |
| 83. | പുതിയ റൂട്ടിൽ റോ-റോ സർവ്വീസ് | 62 |
| 84. | റോ-റോ ജെട്ടി | 63 |
| 85. | ഖരമാലിന്യം-പുതിയ മാനേജ്മെന്റ് പ്ലാൻ | 63 |

86. സ്വകാര്യവത്കരണം ........ 65
87. ബ്രഹ്മപുരം പ്ലാന്റ് ........ 65
88. പ്ലാന്റ് നവീകരണം ........ 66
89. ഇലക്ട്രിക് വാഹനങ്ങൾ ........ 66
90. കൊച്ചി ക്ലീനപ്പ് ആപ്പ് ........ 66
91. എറോബിക് കമ്പോസ്റ്റിംഗ് സിസ്റ്റം ........ 67
92. വയർലെസ് സംവിധാനം ........ 67
93. തൊഴിലാളികൾക്ക് യൂണിഫോം ........ 68
94. പ്ലാസ്റ്റിക് നിരോധനം ........ 68
95. തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ ........ 69
96. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ........ 69
97. ശുചിത്വ കേരളം പദ്ധതി ........ 69
98. സുവറേജ് സംവിധാനം ........ 70
99. സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ........ 71
100. സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - പടിഞ്ഞാറ് കൊച്ചി ........ 71
101. വികേന്ദ്രീകൃത സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ........ 72
102. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ........ 72
103. സെപ്റ്റേജ് മാലിന്യം ........ 72
104. കൊതുക് നിവാരണം ........ 73
105. വെക്റ്റർ കൺട്രോൾ പ്രോഗ്രാമിന് സ്ഥിരം സംവിധാനം ........ 74
106. സീസണൽ സ്പ്രേയിംഗ് ........ 75
107. ടൂറിസം ........ 75
108. ടൂറിസം മാസ്റ്റർ പ്ലാൻ ........ 76
109. ടൂറിസം മേഖലയിൽ പ്രത്യേക പദ്ധതി ........ 76
110. സ്പൈസ് മ്യൂസിയം ........ 77
111. മഹാത്മാ ഗാന്ധി ബീച്ച് ........ 77
112. ബീച്ച് സംരക്ഷണം ........ 78
113. ബീച്ചിൽ ആധുനിക സൗകര്യം ........ 78
114. ഗാന്ധിസ്മൃതി മണ്ഡപം ........ 79
115. ഓപ്പൺ എയർ തിയറ്റർ ........ 79

| | | |
|---|---|---|
| 116. | പഴയന്നൂർ കൊട്ടാരം | 79 |
| 117. | ജി. സാംസ്കാരിക സമുച്ചയം | 80 |
| 118. | ക്രിയേറ്റീവ് എക്കോണമി പദ്ധതി | 81 |
| 119. | സി-ഹെഡ് | 82 |
| 120. | കലാപഠനം | 82 |
| 121. | ഉണർവ്വ് | 83 |
| 122. | പരിസ്ഥിതി പഠന പുസ്തകം | 84 |
| 123. | അർബൻ ഇക്കോളജി സെന്റർ | 84 |
| 124. | ജലസംരക്ഷണം | 85 |
| 125. | സ്പോഞ്ച് സിറ്റി | 86 |
| 126. | സിറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ | 87 |
| 127. | മറൈൻ ലിറ്റർ പദ്ധതി | 88 |
| 128. | മേപ്പത്തോൺ | 88 |
| 129. | അർബൻ കമ്മ്യൂണിറ്റി അസ്സസ്മെന്റ് ടൂൾ | 89 |
| 130. | പാർക്കുകൾ | 89 |
| 131. | ആശുപത്രികൾ | 90 |
| 132. | ഹോസ്പിറ്റൽ മാനേജ്മെന്റ് സംവിധാനം | 90 |
| 133. | ഹോസ്പിറ്റൽ സ്റ്റാഫ് | 91 |
| 134. | കൂടുതൽ മരുന്ന് | 91 |
| 135. | ആശുപത്രി ഉപകരണങ്ങൾ | 91 |
| 136. | ഹോമിയോ ആശുപത്രികൾ | 92 |
| 137. | ആയുർവേദം | 92 |
| 138. | ബ്രേക്ക് ദ ചെയ്ൻ - കൊച്ചി | 92 |
| 139. | നവജാതശിശുക്കൾക്കായി | 93 |
| 140. | നോ-ഹോൺ ഏരിയ | 94 |
| 141. | ഗ്ലോബൽ കവനന്റ് ഓഫ് മേയേഴ്സ് | 95 |
| 142. | പി.എം.എ.വൈ. ലൈഫ് മിഷൻ | 95 |
| 143. | രാജീവ് ആവാസ് യോജന | 96 |
| 144. | കെട്ടിട സമുച്ചയങ്ങളുടെ പുനരുപയോഗം | 96 |
| 145. | മൾട്ടിപ്ലക്സ് | 97 |

| | | |
|---|---|---|
| 146. | ആസ്ഥാന മന്ദിരം | 98 |
| 147. | പച്ചാളം സോണൽ ഓഫീസ് | 98 |
| 148. | പുതിയ ഹെൽത്ത് സർക്കിൾ ഓഫീസ് | 99 |
| 149. | ഹെൽത്ത് സർക്കിൾ ഓഫീസ് നവീകരണം | 99 |
| 150. | ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ | 99 |
| 151. | സ്വാഗത കവാടം | 100 |
| 152. | കൊച്ചി സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതി | 101 |
| 153. | സുസ്ഥിര വികസന ലക്ഷ്യങ്ങൾ | 101 |
| 154. | സ്ഥാപനങ്ങളുടെ ശാക്തീകരണം | 102 |
| 155. | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | 103 |
| 156. | ലൈബ്രറികൾ | 103 |
| 157. | ഇ-ഗവേണൻസ് | 104 |
| 158. | പരാതി അദാലത്തിന് സ്ഥിരം സംവിധാനം | 104 |
| 159. | നഗരം കാമറ വലയത്തിൽ | 104 |
| 160. | ഇന്റർനാഷണൽ അർബൻ കോ-ഓപ്പറേഷൻ പദ്ധതി | 105 |
| 161. | പള്ളുരുത്തി അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ | 105 |
| 162. | വഴിയോര കച്ചവടം | 106 |
| 163. | വെന്റിംഗ് സോൺ | 106 |
| 164. | നോ-വെന്റിംഗ് സോൺ | 107 |
| 165. | റെസ്ട്രിക്റ്റഡ് വെന്റിംഗ് സോൺ | 107 |
| 166. | കൾച്ചറൽ വെന്റിംഗ് സോൺ | 108 |
| 167. | വഴിയോര കച്ചവടത്തിന് ഗ്രേഡിംഗ് | 108 |
| 168. | ശുചിത്വ ഭക്ഷണം | 108 |
| 169. | സുഭിക്ഷ | 109 |
| 170. | വിമുക്തി | 109 |
| 171. | പൊതുവിദ്യാഭ്യാസം | 109 |
| 172. | കൽവത്തി സ്കൂൾ നവീകരണം | 110 |
| 173. | സ്കൂൾ ലൈബ്രറികൾ | 110 |
| 174. | കളരി | 111 |
| 175. | മേയേഴ്സ് കപ്പ് ഫുട്ബോൾ ടൂർണമന്റ് | 111 |

176. സ്കൂൾ കുട്ടികൾക്ക് മുട്ടക്കോഴി വിതരണം .......... 111
177. ഒരു വാർഡിൽ ഒരു കളിസ്ഥലം .......... 112
178. ശ്രീ. കെ. കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹാളും ഇൻഡോർ സ്റ്റേഡിയവും .......... 112
179. കച്ചേരിപ്പടി കോർപ്പറേഷൻ ഗ്രൗണ്ട് നവീകരണം .......... 112
180. പട്ടികജാതി ക്ഷേമം .......... 113
181. പട്ടികവർഗ്ഗ വിഭാഗം .......... 113
182. അംഗനവാടികൾ .......... 114
183. വയോമിത്രം–വയോജന സൗഹൃദനഗരം .......... 114
184. സീനിയർ സിറ്റിസൺ പാർക്ക് .......... 115
185. പാലിയേറ്റീവ് കെയർ .......... 115
186. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി .......... 115
187. എച്ച്.ഐ.വി. ബാധിച്ചവർ .......... 116
188. ഓട്ടിസം .......... 116
189. എബിലിറ്റി സെന്റർ .......... 116
190. കാർഷികരംഗം .......... 117
191. കൃഷി–വിദ്യാഭ്യാസം .......... 117
192. ഫലവൃക്ഷ തൈകൾ .......... 118
193. ജൈവപച്ചക്കറി കൃഷി .......... 118
194. മത്സ്യമേഖല - വിദ്യാഭ്യാസ സഹായം .......... 119
195. കോളനികളുടെ നവീകരണം .......... 119
196. മാർക്കറ്റുകളുടെ നവീകരണം .......... 119
197. ഫിഷ് ലാന്റിംഗ് സെന്റർ .......... 119
198. ഫൈബർ വള്ളങ്ങൾ .......... 120
199. മത്സ്യസമ്പത്ത് വികസിപ്പിക്കുന്നതിനുള്ള പദ്ധതി .......... 120
200. ചമ്പക്കര മാർക്കറ്റ് .......... 120
201. ആൽബുക്കർക്ക് ജെട്ടി .......... 121
202. തോപ്പുംപടി ഹാർബർ വകസനം .......... 121
203. മാർക്കറ്റുകളുടെ നവീകരണം .......... 121
204. എറണാകുളം മാർക്കറ്റ് ഏരിയ ഡെവലപ്മെന്റ് .......... 122

| | | |
|---|---|---|
| 205. | ബ്രോഡ്‌വേ സ്ട്രീറ്റ് നവീകരണം | 122 |
| 206. | സ്വയംതൊഴിൽ സംരംഭം | 122 |
| 207. | ലോക്കൽ എംപ്ലോയ്മെന്റ് അവയർനെസ് പ്രോഗ്രാം | 122 |
| 208. | എ.ബി.സി. പദ്ധതി | 123 |
| 209. | വളർത്തുനായ്ക്കളിൽ മൈക്രോ ചിപ്പ് | 123 |
| 210. | അറവുശാലകൾക്ക് ആധുനിക മുഖം | 124 |
| 211. | സൗജന്യ പൊതു ടോയ്‌ലറ്റുകൾ | 124 |
| 212. | ശ്മശാനം | 124 |
| 213. | സ്ത്രീസൗഹൃദ നഗരം | 125 |
| 214. | ഷീ ഷെൽട്ടർ | 125 |
| 215. | നഗരത്തിൽ വിശ്രമകേന്ദ്രങ്ങൾ | 126 |
| 216. | വിമൻസ് വില്ലേജ് | 126 |
| 217. | കുടുംബശ്രീ പ്രവർത്തനം | 127 |
| 218. | കുടുംബശ്രീ ആപ്പ് | 127 |
| 219. | സ്വയംതൊഴിൽ പദ്ധതി | 127 |
| 220. | ലിങ്കേജ് വായ്പ | 128 |
| 221. | നൈപുണ്യവും വികസനവും | 128 |
| 222. | സാമൂഹ്യസംഘാടനവും സ്ഥാപന വികസനവും | 129 |
| 223. | അഭയകേന്ദ്രങ്ങൾ | 129 |
| 225. | ഇടക്കൊച്ചി അഭയ കേന്ദ്രം | 129 |
| 226. | നഗര ഉപജീവന കേന്ദ്രം | 130 |
| 227. | കരുതൽ | 130 |
| 228. | ഹോണറേറിയം | 131 |
| 229 | ഉപസംഹാരം | 131 |

**ആമുഖം**

ബഹുമാന്യരെ,

1. ലോക സാംസ്കാരിക വാണിജ്യ ചരിത്രത്തിൽ സവിശേഷമായ ഒരു സ്ഥാനമുള്ള നഗര കേന്ദ്രമാണ് നമ്മുടെ കൊച്ചി. ലോക ഭൂപടത്തിലും ചരിത്രത്തിലും പ്രാമുഖ്യം ലഭിക്കുന്നതിന് കാരണമായത് കൊച്ചിയുടെ പ്രകൃതിദത്തമായ തുറമുഖമാണ്. കൊച്ചി എന്ന തുറമുഖ പട്ടണം ചരിത്രാതീത കാലം മുതൽ തന്നെ ഒരു പ്രമുഖ വാണിജ്യകേന്ദ്രം ആവുകയും യൂറോപ്യൻ കോളനിവൽക്കരണത്തിന്റെ സിരാകേന്ദ്ര മാവുകയും ചെയ്തു. 94.88 ചതുരശ്ര കിലോമീറ്ററിലായി രണ്ട് താലൂക്കുകളിലും പന്ത്രണ്ട് വില്ലേജുകളിലും നാല് നിയമസഭാ മണ്ഡലങ്ങളിലുമായി സ്ഥിതി ചെയ്യുന്ന നമ്മുടെ ഇന്നത്തെ കൊച്ചി നഗരം വാണിജ്യപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായി പഴയകൊച്ചിയുടെ സ്വാഭാവപരമായ തുടർച്ച പുലർത്തിക്കൊണ്ട് ഒരു ആധുനിക നഗരമായി അഭിമാനപൂർവ്വം നിലകൊള്ളുന്നു.

2. ഒരുകാലത്ത് കൊച്ചിയുടെ വാണിജ്യ-വ്യവസായ രംഗം തുറമുഖ കേന്ദ്രീകൃതമായിരുന്നുവെങ്കിൽ ഇന്ന് അത് വിവര സാങ്കേതിക വിദ്യയും ബയോടെക്നോളജിയും എഞ്ചിനീയറിംഗ് ടെക്നോള ജിയും മെഡിക്കൽ ടെക്നോളജിയും വിനോദസഞ്ചാര വ്യവസാ യവും അടക്കമുള്ള വ്യത്യസ്ഥ മേഖലകളിലൂടെ മുന്നേറുകയാണ്. ഈ മേഖലകളുടെയെല്ലാം തന്നെ വളർച്ച നമ്മുടെ കൊച്ചിയെ ലോകം ശ്രദ്ധിക്കുന്ന ഒരു പ്രധാന നഗരമായി മാറ്റിക്കൊണ്ടിരിക്കുകയാണ്.

3. എന്നിരുന്നാലും, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലായാലും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലായാലും പല വെല്ലുവിളികളും നാം നേരിടുന്നു എന്നത് യാഥാർത്ഥ്യമണ്. ഈ ഒരു പ്രത്യേക സാഹചര്യത്തെ നേരിടുന്നതിന് സ്ഥലപരവും സാമ്പത്തികവും - വിഭവപരവുമായ മേഖലകളിൽ ശാസ്ത്രീയമായ കാഴ്ച്ചപ്പാടോടു കൂടിയ നിരവധി ആസൂത്രണ പ്രക്രിയകൾക്കും നാം തുടക്കം കുറിച്ചിട്ടുണ്ട്.

4. കാലാവസ്ഥാ വ്യതിയാനം എന്ന ലോകം അഭിമുഖീകരിക്കുന്ന പുതിയ കാലത്തിന്റെ വെല്ലുവിളി ഏറ്റവും കൂടുതൽ നേരിടുന്ന നഗരങ്ങളിൽ ഒന്നുകൂടിയാണ് നമ്മുടെ കൊച്ചി. സമുദ്രനിരപ്പിലുള്ള വളരെ ചെറിയ വ്യതിയാനം പോലും നമ്മുടെ നഗരത്തിന്റെ നിലനില്പിനെ തന്നെ ബാധിച്ചേക്കും. ജലനിരപ്പിലുള്ള വ്യതിയാനത്തെ നമ്മുടെ കൊച്ചി എന്നും നേരിട്ടിരുന്നത് വേമ്പനാട്ടുകായലിന്റേയും അതിന്റെ കൈവഴികളുടേയും ഇവയിലൊക്കെ ചെന്നു ചേരുന്ന നിരവധി തോടുകളുടേയും സഹായത്തോടെയാണ്. രാമേശ്വരം കനാലും കൽവത്തി കനാലും പഷ്ണിത്തോടും തേവര-പേരണ്ടൂർ കനാലും ഇടപ്പള്ളി തോടും പുഞ്ചത്തോടും ചങ്ങാടം പോക്ക് തോടും മുല്ലശ്ശേരിക്കനാലും ഏറനാട് തോടും അടക്കം എല്ലാ തോടുകളും നമ്മുടെ ഹൃദയത്തിൽ നിന്നുകൊണ്ട് നാം സംരക്ഷിക്കേണ്ട നമ്മുടെ പൈതൃക സമ്പത്തുകളാണ്. ആ വലിയ തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഈ മഹത്തായ നഗരത്തിന്റെ പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുവാൻ ലഭിച്ച ചുമതല ഞങ്ങൾ നിർവ്വഹിക്കുന്നത്.

5. നമ്മുടെ കൊച്ചി അടക്കമുള്ള ആഗോള വിസ്തൃതിയുടെ 0.5 ശതമാനം മാത്രം വരുന്ന നഗര പ്രദേശങ്ങളിലാണ് ലോക ജനസംഖ്യയുടെ ഭൂരിഭാഗവും വസിക്കുന്നത്. സാമ്രാജ്യങ്ങൾ രാജ്യങ്ങളാവുകയും രാജ്യങ്ങളുടെ മേൽക്കോയ്മ നഗരങ്ങൾക്ക് ലഭ്യമാവുകയും ചെയ്യുന്ന

പുതിയൊരു ലോകക്രമത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നഗരങ്ങളിലെ ജീവിത നിലവാരമാണ് ലോക ജനതയുടെ ജീവിത ഗുണനിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചികയായി ഇന്ന് വിവക്ഷിക്കപ്പെടുന്നത്. ആയതുകൊണ്ട് തന്നെ നഗരങ്ങളിലെ ജീവിത സാഹചര്യവും ഗുണനിലവാരവും ഉയർത്തുന്നതിനുള്ള കർമ്മ പദ്ധതികളാണ് ഐക്യരാഷ്ട്രസഭയും നഗരങ്ങളുടെ നേതൃത്വത്തലുള്ള മറ്റ് കൂട്ടായ്മകളും തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

6. നഗരവത്ക്കരണം ഏറ്റവും കൂടുതൽ നടന്നുകൊണ്ടിരിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ നഗരവത്ക്കരണം നടക്കുന്നത് നമ്മുടെ കൊച്ചി യിലും പരിസരപ്രദേശങ്ങളിലുമാണ്. ഭൂഉപയോഗത്തിലും വിഭവങ്ങ ളുടെ ഉപയോഗത്തിലും ദേശീയ ശരാശരിയേക്കാളും എത്രയോ മുകളിലാണ് കൊച്ചി നഗരം. ഈയൊരു പശ്ചാത്തലത്തിൽ കൊച്ചി നഗരത്തിന്റെ വളർച്ചയും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ശാസ്ത്രീയമായ ആസൂത്രണത്തിന്റേയും ദീർഘവീക്ഷണത്തിന്റേയും ഭൂമികയിൽ നിന്നുകൊണ്ടുവേണം.

7. കൊച്ചി നഗരത്തിന്റേയും സമീപപ്രദേശങ്ങളുടേയും വികസനയാത്ര യിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കേണ്ട സ്ഥാപനം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനാണ് (കെ.എം.സി.). നിയമപരവും മനുഷ്യ വിഭവശേഷിപരവും സാമ്പത്തികവുമായ നിരവധി പരിമിതികൾക്കു ള്ളിലും നാളിതുവരെ നിലവിലുണ്ടായിരുന്ന എല്ലാ കൗൺസിലുകളും അവരുടേതായ സംഭാവനകൾ ഈ നഗരത്തിന്റെ വളർച്ചയ്ക്കായി നൽകിയിട്ടുണ്ട്. 2015 സെപ്റ്റംബറിൽ നിലവിൽ വന്ന ഈ കൗൺസി ലും നിരവധി പരിമിതികൾക്കും പ്രതിസന്ധികൾക്കുമിടയിലും ഈ മഹത്തായ നഗരത്തിന്റെ വികസന പാതയിൽ ശക്തമായ അടിത്തറ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ തന്നെയാണ് കാഴ്ച്ചവച്ചത്. നഗരഭരണ രംഗത്ത് ശാസ്ത്രീയമായ സാമ്പത്തികാസൂത്രണങ്ങൾ

ക്കും പദ്ധതികൾക്കും തുടക്കം കുറിച്ചു എന്നത് ഈ കൗൺസിലിന്റെ എടുത്ത് പറയാവുന്ന നേട്ടങ്ങളിലൊന്നാണ്. സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പ്രത്യേക പരിഗണന നൽകിയ കൗൺസിലാണിത്. അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന പദ്ധതികൾ ക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ കൗൺസിൽ പ്രവർത്തി ച്ചത്.

8. ഈ കൗൺസിലിന്റെ അവസാനത്തെ വാർഷിക ബജറ്റ് അവതരിപ്പി ക്കുമ്പോൾ ഞങ്ങൾ പ്രത്യേക പരിഗണന നൽകുന്നതും കഴിഞ്ഞ നാലു ബജറ്റുകളിലായി ഈ നഗരത്തിന്റെ വികസനത്തിനായി വിഭാവനം ചെയ്ത പദ്ധതികളുടെ ലക്ഷ്യപ്രാപ്തിയാണ്.

9. 'വെറും ഭരണത്തിലല്ല, ഭരിക്കുന്നു എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടു മ്പോഴാണ് ഏതൊരു ഗവൺമെന്റും അർത്ഥവത്താവുന്നത്' എന്ന കാൾമാർക്സിന്റെ വരികൾ ഉദ്ധരിച്ചുകൊണ്ട് ഭരിക്കുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനുതകുന്ന തരത്തിലുള്ള കർമ്മ പദ്ധതികളും വരുംകാല കൊച്ചിയുടെ വികസനത്തിനും ഭാവിക്കും ഉതകുന്ന തരത്തിലുള്ള ശാസ്ത്രീയമായ കാഴ്ച്ചപ്പാടോടുകൂടിയുള്ള പദ്ധതികളും പരിപാടികളുമാണ് ഈ സാമ്പത്തിക വർഷത്തെ ജനകീയ ബജറ്റിന്റെ മുഖമുദ്ര. അഭിമാനപുരസ്സരം 2020-2021 വർഷത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ബജറ്റ് നികുതി-ധനകാര്യ കമ്മിറ്റിക്കുവേണ്ടി ബഹുമാനപ്പെട്ട കൗൺസിലിനു മുമ്പാകെ സമർപ്പിക്കുന്നു.

**2019-2020 ലെ പുതുക്കിയ ബജറ്റും 2020-2021 ലെ ബജറ്റ് നിർദ്ദേശവും**

10. 2018-19 കാലയളവിലെ 657,62,97,375 രൂപ വരവും 501,34,74,044 രൂപ ചെലവും 156,28,23,331 രൂപ നീക്കിബാക്കിയുമുള്ള യഥാർത്ഥ കണക്കുകളും, 2019-20-ലെ 926,90,00,082 രൂപ വരവും 873,72,56,454 രൂപ ചെലവും 38,13,76,128 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബഡ്ജറ്റും.

11. 2020–2021–ലേക്ക് 998,88,86,928 രൂപ വരവും 955,83,22,070 രൂപ ചെലവും 28,01,49,858 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് എസ്റ്റിമേറ്റും അംഗീകരിക്കുവാനും ആയത് ബഹു. കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

## ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കൽ

12. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ വിഭാവനം ചെയ്ത പല പദ്ധതികളും പ്രവർത്തനപഥത്തിലെത്തിക്കുവാൻ കഴിഞ്ഞു എന്നുള്ളതിൽ ചാരിതാർത്ഥ്യമുണ്ട്. എന്നാൽ പല പദ്ധതികളും പൂർണ്ണമായും അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നതാണ് വാസ്തവം. ഈ പശ്ചാത്തലത്തിൽ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും കഴിഞ്ഞ നാലു ബജറ്റുകളിലായി പ്രഖ്യാപിച്ച്, സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങളാൽ നടപ്പിലാകാത്തതൊഴികെയുള്ള, മുഴുവൻ പദ്ധതികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ഒരു പ്രത്യേക 'ടാസ്ക് ഫോഴ്സ്' രൂപീകരിച്ച് പ്രവർത്തനമാരംഭിക്കും.

13. മേയറുടേയും ഡെപ്യൂട്ടി മേയറുടേയും നേതൃത്വത്തിൽ സെക്രട്ടറിയുടേയും അഡീഷണൽ സെക്രട്ടറിയുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടേയും മേൽനോട്ടത്തിൽ ഒരു പ്രത്യേകാധികാര സമിതി രൂപീകരിച്ചായിരിക്കും ഇതിന്റെ പ്രവർത്തനം. ഓരോ കൗൺസിലിന്റേയും കാലത്ത് പ്രഖ്യാപിക്കുന്ന പദ്ധതികളും പരിപാടികളും ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുക എന്ന ഒരു പുതിയ 'വികസന സംസ്കാരം' നിലവിൽ വരുത്തുക എന്നതാണ് കൗൺസിൽ ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

## ബജറ്റ് മോണിറ്ററിംഗ് സംവിധാനം

14. ഓരോ സാമ്പത്തിക വർഷത്തേയും ബജറ്റ് അവതരിപ്പിച്ചതിനു ശേഷം നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള കുറ്റമറ്റ ഒരു സംവിധാനം മുനിസിപ്പൽ കോർപ്പറേഷനുകൾക്കില്ല എന്നത് യാഥാർത്ഥ്യമാണ്. ആയതിന് പരിഹാരം കാണുക എന്നത് പ്രത്യേക പരിഗണന അർഹിക്കുന്നു. നികുതി-ധനകാര്യ കമ്മിറ്റിക്കുകീഴിൽ ഉദ്യോഗസ്ഥരുടെ പൂർണ്ണ സമയ സേവനത്തോടുകൂടിയുള്ള ഒരു ബജറ്റ് മോണിറ്ററിംഗ് സംവിധാനം നിലവിൽ വരുത്തും. ഇത്തരത്തിൽ ഒരു പ്രത്യേക സംവിധാനം ഒരുക്കുന്നതിനാവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കും. ബജറ്റ് നിർദ്ദേശങ്ങളും അവയുടെ നടത്തിപ്പ് പുരോഗതിയും ജനങ്ങൾക്ക് ലഭ്യമാവുന്ന വിധത്തിൽ 'ഓൺലൈൻ സംവിധാനം' തയ്യാറാക്കും. ഓരോ സാമ്പത്തിക വർഷത്തേയും ബജറ്റിനു മുമ്പായി മുൻ സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ നടത്തിപ്പ് പുരോഗതി പ്രസിദ്ധീകരിക്കും. ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുക എന്നത് അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും. ബജറ്റ് മോണിറ്ററിംഗ് സംവിധാനത്തിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കായിരിക്കും.

## ധനസമാഹരണം

15. നികുതിപിരിവ് ഊർജ്ജിതമാക്കാനുള്ള കാര്യക്ഷമവും കുറ്റമറ്റതുമായ നടപടികളുമായി ഈ കൗൺസിൽ മുന്നോട്ട് പോകും. മുൻ ബജറ്റുകൾ വിഭാവനം ചെയ്ത മുനിസിപ്പൽ ബോണ്ട് വഴിയുള്ള ധനസമാഹരണവും മൂല്യവർദ്ധനവിന് അധിഷ്ഠിതമായ ധനസമാഹരണവും ആരംഭിക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ തുടക്കം കുറിക്കും. കൂടാതെ, ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നികുതി പുനർ നിർണ്ണയിച്ചുകൊണ്ടും

മെയിന്റനൻസ് ഗ്രാന്റിലൂടെ ബഹു. സംസ്ഥാന സർക്കാരിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കിയും വസ്തു നികുതി റിവിഷനിലൂടെയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നികുതി പിരിച്ചും വിനോദസഞ്ചാര മേഖലയിൽ നിന്ന് ബോട്ടുകൾക്കും ബസ്സുകൾക്കും പ്രത്യേക നികുതി ഈടാക്കിയും മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കിയും ഹോട്ടലുകളിൽ നിന്ന് സ്റ്റാർ ചാർജ്ജ് ഈടാക്കിയും ആശുപത്രികളിൽ നിന്ന് സ്പെഷൽ ചാർജ്ജ് ഈടാക്കിയും തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുത്തും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഭൂമിയിൽനിന്ന് നികുതി പിരിച്ചും ഈ സാമ്പത്തിക വർഷം പതിനഞ്ച് കോടി രൂപയുടെ അധിക വരുമാനം കണ്ടെത്തും.

## സർട്ടിഫിക്കറ്റ് ഫീസ്

16. ജനന-മരണ സർട്ടിഫിക്കറ്റുകൾക്ക് നിലവിൽ ഈടാക്കുന്ന തുക തുടർന്നും ഈടാക്കിക്കൊണ്ട് അഡീഷണലായി വാങ്ങുന്ന സർട്ടിഫിക്കറ്റിനുള്ള തുക വർദ്ധിപ്പിക്കും. അഡീഷണൽ സർട്ടിഫിക്കറ്റിന് നിലവിലുള്ള തുക അഞ്ച് രൂപ എന്നത് ഇരുപത് രൂപയായി വർദ്ധിപ്പിക്കും.

17. വിവാഹ രജിസ്ട്രേഷന് നിലവിലുള്ള ഫീസായ നൂറ്റി ഇരുപത് രൂപ ഇരുന്നൂറ് രൂപയായി വർദ്ധിപ്പിക്കും. വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഇരുപത്തിയഞ്ച് രൂപയിൽനിന്ന് അൻപത് രൂപയായി വർദ്ധിപ്പിക്കും.

18. കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സർട്ടിഫിക്കറ്റിനായി നിലവിലുള്ള ഫീസ് ഇരുപത്തിയഞ്ച് രൂപ അൻപത് രൂപയായി വർദ്ധിപ്പിക്കും.

19. ഈ വർദ്ധനവുകളിലൂടെ ഈ സാമ്പത്തിക വർഷം ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

## പേ ആന്റ് പാർക്ക് ഫീസ്

20. നഗരത്തിൽ നിരവധിയായ സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾ ഉണ്ടെങ്കിലും അവയൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. നഗരത്തിലെ വലുതും ചെറുതുമായ എല്ലാ പേ ആന്റ് പാർക്കുകൾക്കും രജിസ്ട്രേഷനും രജിസ്ട്രേഷൻ ഫീസും നിർബന്ധമാക്കും. പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ഫീസ് ഈടാക്കും.

21. ഈ ഇനത്തിൽ ഈ സാമ്പത്തിക വർഷം ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## സർവ്വീസ് ചാർജ്

22. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതിയുടെ എഴുപത്തിയഞ്ച് ശതമാനം സർവ്വീസ് ചാർജ്ജായി പിരിക്കുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് കൊച്ചി നഗരത്തിലെ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കി നികുതി വരുമാനം വർദ്ധിപ്പിക്കും. ഇതിന് പ്രത്യേക 'ഡ്രൈവ്' ആരംഭിക്കും. ഡെപ്യൂട്ടി സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക 'വിംഗ്' ഇതിനായി പ്രവർത്തിക്കും.

23. ഇതിലൂടെ ആറ് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ചാർജ്

24. വിനോദസഞ്ചാര മേഖലയിൽ ഏറ്റവും സ്തുത്യർഹമായ സേവനം കാഴ്ച്ച വക്കുന്നവരാണ് വലുതും ചെറുതുമായ ഹോംസ്റ്റേ ശൃംഖല. കൊച്ചി നഗരത്തിൽ മാത്രം ഏകദേശം ആയിരത്തോളം ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നണ്ട്. നിലവിൽ രജിസ്റ്റർ ചെയ്ത ഹോംസ്റ്റേ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി എഴുന്നൂറ്റമ്പത് രൂപ മാത്രമാണ് കെ.എം.സി. ഈടാക്കുന്നത്.

25. നഗരത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഹോംസ്റ്റേകളേയും രജിസ്ട്രേഷൻ നെറ്റിന്റെ ഭാഗമാക്കി ഇവയോരോന്നിന്റേയും നിലവാരം അനുസരിച്ച് ക്ലാസിഫൈ ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കും. ഹോംസ്റ്റേകളുടെ സ്ഥാനം, ബൗദ്ധിക സാഹചര്യങ്ങൾ, സേവനത്തിലെ മേന്മ എന്നിവ അടക്കമുള്ളവ കെ.എം.സി. നിയോഗിക്കുന്ന വിഗഗ്ദ്ധ സംഘം പരിശോധിച്ചാണ് ഈ ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുക. ഇതിന്റെ മാർഗ്ഗരേഖ രണ്ടു മാസത്തിനുള്ളിൽ തയ്യാറാക്കി ക്ലാസിഫിക്കേഷൻ തയ്യാറാക്കും ഈ പദ്ധതിയുടെ ഏകോപന ചുമതല കെ.എം.സി. ഹെൽത്ത് ഓഫീസർക്ക് നൽകുന്നു.

26. ഈ ക്ലാസിഫിക്കേഷൻ പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം ഇരുപത്തഞ്ച് ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ബുക്കിംഗ് ചാർജ്

27. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള ടൗൺഹാളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഗ്രൗണ്ടുകൾ തുടങ്ങിയവ വാടകക്ക് നൽകുന്നതിന് അപേക്ഷ ഫോറം സംവിധാനം ഏർപ്പെടുത്തും. പൂരിപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിരിക്കുന്ന വാടകയായ തുക പിരിച്ചതിന് ശേഷമേ ഈ സ്ഥാപനങ്ങൾ ഉപയോഗത്തിനായി അനുവദിക്കുകയുള്ളൂ. ഇതിനായി പ്രത്യേകം അപേക്ഷ ഫോറം തയ്യാറാക്കും. ഓരോ അപേക്ഷാ ഫോറത്തിനും ഇരുപത് രൂപ ഈടാക്കും.

28. ഈ ഇനത്തിൽ ഒരു ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടാകും.

## വേക്കൻസി റിവിഷൻ

29. വേക്കൻസി റിവിഷനുമായി ബന്ധപ്പെട്ട അപേക്ഷകളിൽ മുൻ കാലങ്ങളിൽ അമ്പത് ശതമാനം മാത്രമാണ് ഇളവ് നൽകിയിരുന്നത്.

എന്നാൽ അടുത്ത കാലത്തായി അത് നൂറ് ശതമാനമായി വർദ്ധിപ്പിച്ചതിന്റെ ഫലമായി വൻ സാമ്പത്തിക നഷ്ടമാണ് മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നഗരത്തിലെ ഭവനരഹിതർക്ക് വീടു നൽകുന്നതിനുള്ള നിരവധി പദ്ധതികളാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. വൻ സാമ്പത്തിക ബാധ്യതയാണ് ഇതുമൂലം ഉണ്ടാകുന്നത്. നഗരത്തിൽ ഒന്നിലധികം വീടുകളും മറ്റുമുള്ളവർക്ക് റിവിഷനിലൂടെ നികുതി പൂർണ്ണമായും ഒഴിവാക്കിക്കിട്ടുകയാണ്. ഇത് സാമൂഹ്യനീതിക്ക് നിരക്കുന്നതല്ല. ഒന്നിലധികം വീടുകളുള്ളവരിൽ നിന്നും വേക്കൻസി സെസ് പിരിച്ച് വീടില്ലാത്തവർക്ക് വീട് നൽകാനുള്ള പദ്ധതിയെ ശക്തിപ്പെടുത്തണമെന്ന് ബഹു. സർക്കാരിനോട് വിനയപുരസ്സരം അഭ്യർത്ഥിക്കും. ഈയൊരു സാഹചര്യത്തിൽ മുൻ കാലങ്ങളിലെപ്പോലെ വേക്കൻസി റിവിഷനുമായി ബന്ധപ്പെട്ട അപേക്ഷയിൽ അമ്പത് ശതമാനത്തിന്റെ ഇളവ് മാത്രം അനുവദിച്ചു കൊണ്ട് മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വന്നുകൊണ്ടിരിക്കുന്ന ധനനഷ്ടം നികത്തുവാൻ സഹായിക്കണമെന്ന് ബഹു. സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കും. ഇതിലൂടെ രണ്ട് കോടി രൂപയുടെ വരുമാന നഷ്ടം നികത്താൻ സാധിക്കും.

## അനധികൃത നിർമ്മാണം

30. നഗരത്തിലെ മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തി നികുതി പിരിക്കുകയും ചെയ്യും. ഇതിനായി ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും.

31. ഇതിലൂടെ ഈ സാമ്പത്തിക വർഷം രണ്ട് കോടി രൂപയുടെ അധിക വരുമാനം കണ്ടെത്തും.

## റീ-അസസ്സ്മെന്റ്

32. നഗരത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് നിലവിൽ അവയുടെ ഉപയോഗം, ഏത് ആവശ്യത്തിനാണോ അനുമതി ലഭിച്ചത് എന്നിവ താരതമ്യം ചെയ്ത് ഉപയോഗമാറ്റത്തിന് പിഴ ചുമത്തും.

33. ഇതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം കണ്ടെത്തും.

## നഗരനവീകരണത്തിന് ഫണ്ട്

34. ആവശ്യമായ സാമ്പത്തിക പിൻബലം ഇല്ലാത്തതിനാലാണ് ബജറ്റിൽ വിഭാവനം ചെയ്യുന്ന പല പദ്ധതികളും നടപ്പിൽവരുത്തുവാൻ സാധിക്കാത്തത്. ആയതുകൊണ്ട് തന്നെയാണ് പി.പി.പി. മോഡലുകളും ബി.ഒ.ടി. മോഡലുകളും ഒക്കെ പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിക്കുന്നത്. നമ്മുടെ നഗരത്തിന്റെ വളർച്ചയ്ക്ക് പൊതു-സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങൾ വലിയ സംഭാവനകൾ നൽകുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഒരു പുതിയ സംവിധാനം നിലവിൽ വരുത്തും. ഈ പദ്ധതിയുടെ കോ-ഓർഡിനേഷൻ ചുമതല അഡീഷണൽ സെക്രട്ടറിക്ക് നൽകും.

## അധിക വരുമാനം

35. വസ്തു നികുതി പുതുക്കിയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി വരുമാന വർദ്ധനവ് വളരെ പ്രതീക്ഷയോടെയാണ് ഈ കൗൺസിൽ കാണുന്നത്. കാര്യക്ഷമമായി നികുതി പിരിക്കുന്നതോടുകൂടി, മുൻകാല വർദ്ധനവ് അടക്കം 2019-2020 സാമ്പത്തിക വർഷം 34 കോടി രൂപയുടെ അധിക വരുമാനവും 2020-2021 സാമ്പത്തിക വർഷം മുപ്പത് കോടി രൂപയുടെ അധിക വരുമാനവുമാണ് പ്രതീക്ഷിക്കുന്നത്.

36. വിനോദ നികുതി ഭാഗികമായി പിരിക്കുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് കോടി രൂപയുടെ അധിക വരുമാനവും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു.

## നികുതി പിരിവ്

37. വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ അതിനനുസരിച്ചുള്ള തനത് വരുമാന വർദ്ധനവും അനിവാര്യമാണ്. നികുതി വരുമാന ചോർച്ച തടയുക എന്നതിന് ഇതുമായി ബന്ധപ്പെട്ട് പ്രത്യേക പ്രാധാന്യമുണ്ട്. നികുതി പിരിവ് സംവിധാനങ്ങൾ ശാസ്ത്രീയമായി പുനസംഘടിപ്പിച്ച് ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതിനാവശ്യമായ നിയമപരവും സങ്കേതികപരവുമായ നടപടികൾ ആരംഭിക്കും.

38. ആവശ്യത്തിന് ബിൽ കലക്ടർമാർ ഇല്ലാത്തത് കാര്യക്ഷമമായ നികുതി പിരിവിനെ ബാധിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. നിലവിൽ താത്കാലിക ബിൽ കലക്ടർമാരുടെ സേവനം ഉപയോഗിച്ചാണ് നികുതി പിരിവ് നടത്തുന്നത്. ഇവരുടെ താത്കാലിക സേവനം നീട്ടി നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും, കുറ്റമറ്റ രീതിയിൽ നികുതി പിരിവ് നടക്കണമെങ്കിൽ കൂടുതൽ ബിൽ കലക്ടർമാരെ നിയമിക്കേണ്ടതുണ്ട്. ആയതിനായുള്ള നടപടികൾ സ്വീകരിച്ച് ഈ സാമ്പത്തിക വർഷം തന്നെ ആനുപാതികമായ എണ്ണത്തിൽ ബിൽ കലക്ടർമാരെ നിയമിക്കുകയും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും.

## ചരക്ക് സേവന നികുതി

39. 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏകീകൃത ചരക്ക് സേവന നികുതിയുടെ ഭാഗമായി കൊച്ചി മുനിസിപ്പൽ കോർപ്പ

റേഷന് ബഹു. സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കേണ്ട മുപ്പത്തെട്ട് കോടിയോളം രൂപ സംസ്ഥാന സർക്കാർ ഇതുവരെ അനുവദിച്ച് നൽകിയിട്ടില്ല. ഇത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് വൻ സാമ്പത്തിക പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ തുക എത്രയും പെട്ടെന്ന് അനുവദിച്ചു തരണമെന്ന് ബഹു. സർക്കാരിനോട് അഭ്യർത്ഥിക്കും. ഈ തുക ഈ സാമ്പത്തിക വർഷം തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## പെൻഷൻ ഫണ്ട്

40. വിരമിച്ച മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാർക്ക് കേരള സർക്കാർ നൽകേണ്ട പെൻഷൻ ബഹു. സംസ്ഥന സർക്കാർ ആവശ്യപ്പെട്ട പ്രകാരം തനതുഫണ്ടിൽ നിന്നും നൽകിയ വകയിൽ എൺപത് കോടിയോളം രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ബഹു. സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കേണ്ടതായുണ്ട്. ആയത് ഈ സാമ്പത്തിക വർഷം തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ തുക ബഹു. സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## സേവന ഉപനികുതി നടപ്പിലാക്കില്ല

41. ബഹു. സംസ്ഥാന സർക്കാർ ഉത്തരവ് അടിസ്ഥാനത്തിലുള്ള നികുതി പരിഷ്ക്കരണ നടപടികൾ ആരംഭിച്ചിട്ടുള്ള പശ്ചാത്തലത്തിൽ നികുതി ദായകർക്കുണ്ടാകുന്ന അധികഭാരം ഒഴിവാക്കുന്നതിനായി നിലവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിരിക്കുന്നതും മുൻകാല ബജറ്റുകളിൽ കൊച്ചിയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതുമായ പത്ത് ശതമാനം സേവന ഉപനികുതി പിരിക്കുന്നത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കില്ല.

## ഡിജിറ്റൽ പേയ്മെന്റ്

42. രാജ്യത്തെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലവിധ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ച് അവരുടെ സേവനം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ എല്ലാ വലിയ നഗരങ്ങളും ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് അവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. സേവനം ഉപയോഗിക്കുന്നവരിൽ നിന്ന് വളരെ ചെറിയ തുക ഓഡി റ്റോറിയങ്ങളും ഹാളുകളും ബുക്ക് ചെയ്യുന്നതിനും ഇലക്ട്രിസിറ്റി-വാട്ടർ ചാർജ്ജുകൾ അടയ്ക്കുന്നതിനും എല്ലാ തരത്തിലുള്ള നികുതി കൾ അടയ്ക്കുന്നതിനും ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സാധിക്കുന്നു.

43. ഇത്തരത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരം ഉള്ള ഇന്ത്യയുടെ വിവിധ നഗരങ്ങളിൽ ഡിജിറ്റൽ പേയ്മെന്റ് സേവനം നൽകിവരുന്ന 'എയർപേ പേയ്മെന്റ് സർവ്വീസ് എന്ന സ്ഥാപനം കൊച്ചി നഗരത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമ പരമായ എല്ലാ വശങ്ങളും പഠിച്ച് കൊച്ചി നഗരത്തിൽ 'എയർപേ പേയ്മെന്റ്" പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഏകോപനവും നടപ്പിലാക്കുന്നതിനുള്ള ചുമതലയും അഡീഷണൽ സെക്രട്ടറിക്ക് നൽകുന്നു.

## ആസ്തി തിട്ടപ്പെടുത്തലും എസ്റ്റേറ്റ് മാനേജ്മെന്റും

44. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സ്ഥാവരജംഗമ വസ്തുക്കളും സ്വത്തുവകകളും അന്യാധീനപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മുടെ കടമയാണ്. സ്ഥലമായോ കെട്ടിടമായോ മറ്റ് സ്ഥാപനങ്ങ ളായാലും അവയെല്ലാം അളന്ന് തിട്ടപ്പെടുത്തി രേഖപ്പെടുത്തേണ്ട താണ്. കടമുറികളടക്കമുള്ളവയുടെ കാര്യത്തിലും വളരെ കാര്യക്ഷമ

മായ നടപടികൾ നമ്മുടെ ഭാഗത്തുനിന്നുണ്ടായേ പറ്റൂ. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള എല്ലാ ആസ്തികളും കൃത്യമായി അളന്ന് തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയുന്ന പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

45. കെ.എം.സി.യുടെ അധീനതയിലുള്ളതും മറ്റു പുറമ്പോക്കു ഭൂമിയുടേയും കയ്യേറ്റം തടയുന്നതിനും നിലവിൽ കയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും നിയമവിദഗ്ദ്ധരെ അടക്കം ഉൾപ്പെടുത്തി ഒരു പുതിയ സംവിധാനം രൂപീകരിക്കും. ഇതിനായി അഡീഷണൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെല്ലിന് രൂപംനൽകും. ഈ സെല്ലിന്റെ പ്രവർത്തനത്തെ സഹായിക്കാനായി വിരമിച്ച ഒരു തഹസിൽദാർ, സർവ്വേയർമാർ എന്നിവരുടെ സേവനം ലഭ്യമാക്കും.

46. ഈ സെല്ലിന്റെ രൂപീകരണത്തിന് പത്ത് ലക്ഷം രൂപ നീക്കി വെക്കുന്നു.

## വെസ്റ്റ് കൊച്ചി– ബെസ്റ്റ് കൊച്ചി

47. പശ്ചിമകൊച്ചിയുടെ സമഗ്ര സുസ്ഥിര വികസനത്തിനുള്ള പുതിയ കർമ്മരേഖയാണിത്. കൊച്ചിയുടെ വികസന ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള പ്രദേശങ്ങളാണ് ഫോർട്ട്കൊച്ചിയും മട്ടാഞ്ചേരിയും. ഈ സ്ഥലങ്ങളുടെ 'കാച്ച്മെന്റ്' ആയി കിടക്കുന്ന തോപ്പുംപടി വരെയുള്ള ഭാഗങ്ങളും. നഗരവൽക്കരണം ഏറ്റവും ശക്തമായ രീതിയിൽ നടന്ന ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഭൂപ്രദേശങ്ങളിൽ ഒന്നാണ് ഇത്. യൂറോപ്യൻ കോളനിവത്ക്കരണത്തിനു മുൻപേതന്നെ ദക്ഷിണ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള നഗരങ്ങളുമായി വാണിജ്യ സാംസ്കാരിക വിനിമയങ്ങൾ നടത്തിയ ഒരു പ്രദേശമാണിത്. ഇന്ത്യയുടെ വിനോദസഞ്ചാര ഭൂപടത്തിൽ കൊച്ചിക്ക് പ്രഥമ പ്രാധാന്യം കൈവരുന്നത് ഈ മേഖലയുടെ

സവിശേഷമായ ചരിത്ര പൈതൃക പ്രത്യേകതകൾ കൊണ്ടാണ്.

48. എന്നാൽ സ്വാതന്ത്ര്യാനന്തര കാലത്ത് ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി പ്രദേശത്തെ വികസനം ക്രമേണ പിന്നോട്ട് പോകുന്നതാണ് നാം കണ്ടത്. ജനസാന്ദ്രത കൂടുന്നതും അടിസ്ഥാന സൗകര്യങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം സംജാതമായി. 'അർബൻ ഡീജനറേഷൻ' എന്നത് ഈ പ്രദേശത്തിന്റെ പര്യായപദമെന്നപോലെയായി. എന്നാൽ, ഈ പ്രദേശത്തിന്റെ മഹിമ തിരിച്ച് പിടിക്കുന്ന തീതിയിലുള്ള നഗര നവീകരണ പ്രവർത്തനങ്ങൾ കാര്യമായൊന്നും നടന്നില്ല എന്നുതന്നെ പറയാം. ഈയൊരു പശ്ചാത്തലത്തിൽ കൊച്ചിയുടെ അഭിമാനമായ ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളുടെ പ്രൗഢി തിരിച്ചുപിടിക്കുവാനുള്ള ഒരു ബൃഹദ്പദ്ധതി ഈ കൗൺസിൽ പ്രഖ്യാപിക്കുന്നു. ഭാരത സർക്കാരുമായും വിവിധ സംസ്ഥാന സർക്കാരുമായും നഗര വികസനത്തിനായി ഔദ്യോഗിക ധാരണയുണ്ടാക്കി ഇന്ത്യയിലെ നിരവധി നഗരങ്ങളുടെ നഗര നവീകരണത്തിനും സുസ്ഥിര വികസനത്തിനുമായി സാങ്കേതിക-സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളായ ജി.ഐ.ഇസെഡ്, എ.എഫ്.ഡി., ഐ.സി.എൽ.ഇ.ഐ. ഡബ്ല്യു.ആർ.ഐ, ഐ.യു.സി, വുപ്പേർട്ടൽ ഇൻസ്റ്റിറ്റ്യൂട്ട്, യു.എൻ. ഹാബിറ്റാറ്റ് എന്നീ സ്ഥാപങ്ങളുടെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ പശ്ചിമകൊച്ചിയിലെ 6, 7, 8, 9, 10, 24, 25, 26, 27, 28 എന്നീ ഡിവിഷനുകളെ ഡെവലപ്മെന്റ് സോൺ വൺ ആയിക്കണ്ട് ആ പ്രദേശത്തിന്റെ ഭൂപ്രകൃതിക്കും മറ്റ് പ്രത്യേകതകൾക്കും അടിസ്ഥാനമാക്കിയുള്ള ഒരു ഡീറ്റയ്ൽഡ് ഡെവലെപ്മെന്റ് പ്ലാൻ തയ്യാറാക്കും. കൂടാതെ 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23 വരെയുള്ള ഡിവിഷനുകൾ ഉൾപ്പെട്ട പ്രദേശത്തെ 'ഡെവലപ്മെന്റ് സോൺ ടു' ആയികണ്ട് പ്രദേശത്തിന്റെ പ്രത്യേകതകളും ജനസാന്ദ്രതയും ഭൂപ്രകൃതിയും മറ്റും കണക്കിലെടുത്തുകൊണ്ട് സോൺ ഒന്നിനു സമാനമായ രീതിയിൽ ഡീറ്റയ്ൽഡ് ഡെവലപ്മെന്റ് പ്ലാൻ

തയ്യാറാക്കും. നിലവിൽ സ്മാർട്ട് സിറ്റീസ് പദ്ധതിയിൽ പെട്ട 1, 2, 3, 4, 5 ഡിവിഷനുകളെ സോൺ വണ്ണിന്റെ പ്രത്യേക പരിഗണനാ പ്രദേശമായി കണക്കാക്കി, ഒരു ഡീറ്റയ്ൽഡ് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കും.

49. ഈ ഡെവലപ്മെന്റ് പ്ലാനുകൾ നിലവിൽ സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾകൂടി കണക്കിലെടുത്ത്, പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, നഗരനവീകരണം, സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന സൗകര്യ മൊരുക്കൽ, ജീവിത നിലവാരം ഉയർത്തുന്ന പദ്ധതികൾ ആവിഷ്ക്ക രിക്കൽ, സുസ്ഥിര വികസനം എന്നിവയിൽ അധിഷ്ഠിതമായിരിക്കും.

50. 2020 മേയ് മാസത്തിൽ ആരംഭിച്ച് 2021 ജനുവരിയിൽ പൂർത്തിയാ ക്കുന്ന രീതിയിൽ ഡീറ്റയ്ൽഡ് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാ ക്കും. ഈ ഡീറ്റയ്ൽഡ് ഡെവലപ്മെന്റ് പ്ലാനുകൾ അടിസ്ഥാനമാ ക്കിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് യൂറോപ്യൻ യൂണിയൻ അടക്കമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുടേയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സഹായം തേടും.

51. പശ്ചിമകൊച്ചിയുടെ ഒരു വലിയ പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറ്റി മറിക്കാൻ ഉതകുന്ന ഈ പദ്ധതിക്ക് പ്രാഥമികമായ കണക്കനു സരിച്ച് മൊത്തം എഴുന്നൂറ് കോടിയോളം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് 17.5 കോടി രൂപയും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 32.5 കോടി രൂപയും ഈ സാമ്പത്തിക വർഷം ചെലവഴിക്കും.

## ശാസ്ത്രീയമായ ഡ്രൈനേജ് സംവിധാനം

52. കൊച്ചി നഗരത്തിന്റെ നല്ലൊരുഭാഗവും സമുദ്ര നിരപ്പിലും സമുദ്ര നിരപ്പിനു താഴെയുമാണ് സ്ഥിതി ചെയ്യുന്നത്. കുറച്ചു ഭാഗങ്ങൾ സമുദ്ര നിരപ്പിന് മുകളിലാണെങ്കിലും കാലാവസ്ഥാ മാറ്റംമൂലം സമുദ്ര

നിരപ്പിലുണ്ടാകുന്ന വ്യതിയാനം കൊച്ചിക്കുണ്ടാക്കുന്ന ആഘാതം വളരെ വലുതായാണ് 'ദ എനർജി ആന്റ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്' (ടെറി) അടുത്ത കാലത്തായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയുടെ തീരത്തെ സമുദ്ര ജലനിരപ്പ് 0.38 മില്ലിമീറ്ററോളം ഓരോ വർഷവും ഉയരുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരമൊരു പശ്ചാത്തലത്തിൽ ഒരു പ്രതിരോധ സംവിധാനം തീർക്കുന്നതിന് നമ്മുടെ കായലിനും കനാലുകൾക്ക് മറ്റ് ചെറു കൈവഴികൾക്കും പ്രത്യേക പ്രാധാന്യമുണ്ട്. കൊച്ചി കായലും കനാലുകളും യാതൊരു തരത്തിലുമുള്ള കൈയ്യേറ്റങ്ങൾക്കും നികത്തലുകൾക്കും വിധേയമാകാതെ സംരക്ഷിക്കുവാനുള്ള ബാധ്യത നമുക്കുണ്ട്.

53. ഈ പശ്ചാത്തലത്തിൽ കൊച്ചിയുടെ മുഴുവൻ കനാലുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഒരു ബൃഹദ്പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. കൊച്ചിയിലെ ചെറുതും വലുതുമായ എല്ലാ കനാലുകളും തോടുകളും നവീകരിച്ച് സംരക്ഷിക്കും. മുല്ലശ്ശേരി കനാൽ, വിവേകാനന്ദ തോട്, ഏറനാട്, കട്ടത്തറ, ചിറക്കൽ പുഴ, തേവര-പേരണ്ടൂർ കനാൽ, പാലാരിവട്ടം-തമ്മനം തോട്, വൈറ്റില തോട്, ചങ്ങാടംപോക്ക് തോട്, മാന്ത്ര കനാൽ, പള്ളിച്ചാൽ തോട്, ബൗണ്ടറി കനാൽ, പഷ്ണിത്തോട്, ചിറക്കൽ പുഴ സംരക്ഷണം, കണ്ണച്ചാൽ തോട്, ബിന്നിത്തോട്, മംഗളവനം തോട്, കാരണക്കോടം തോട്, തുരുത്തിച്ചാൽ തോട്, കൽവത്തി കനാൽ, രാമേശ്വരം കനാൽ, ഈരവേലി കനാൽ, കാരണക്കോടം തോട്, പണ്ടാരച്ചാൽ കനാൽ, കാരണക്കോടം കനാൽ, ചമ്പക്കര കനാൽ, കല്ലുചിറ വലിയ കനാൽ, പള്ളിച്ചാൽ കനാൽ, റെയിൽനഗർ തോട് കനാൽ, പുഞ്ചത്തോട്, കരീത്തോട് തുടങ്ങിയ നഗരത്തിലെ എല്ലാ കനാലുകളും തോടുകളും ബഹു. കേന്ദ്ര-സംസ്ഥാന സർക്കാർ, മറ്റ് ഏജൻസികൾ എന്നിവയുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ നവീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കും.

54. ഇതിനായി തനത് ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവരുടെ സഹായത്തോടെ എഴുപത് കോടി രൂപ ചെലവഴിക്കും.

**കനാൽ-കനാൽ പരിസര വികസനത്തിന് ഒരു മോഡൽ പദ്ധതി**

55. കനാലുകളാണ് നമ്മുടെ നഗരത്തിന്റെ ജീവനാഡി എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കനാലുകളുടെ നവീകരണത്തിനായി നിരവധി പദ്ധതികൾ ഈ കൗൺസിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. വിദേശ നഗരങ്ങളിൽ കനാലുകളുടെ നവീകരണത്തിന് അവലംഭിക്കുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ച് നഗരത്തിന്റെ ഹൃദയഭാഗത്തുള്ള മുല്ലശ്ശേരി കനാലിന്റേയും പരിസരത്തിന്റേയും വികസനത്തിനും നവീകരണത്തിനുമായി ഒരു പുതിയ പദ്ധതി നടപ്പിലാക്കും.

56. കനാലിന്റെ വശങ്ങളുടെ വികസനം, കനാൽ നവീകരിക്കൽ, പ്രത്യേകിച്ച് വെള്ളപ്പൊക്കത്തെ അതിജീവിക്കാനുള്ള പുനരുദ്ധാരണ തന്ത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള നവീകരണ പ്രക്രിയയാണ് തയ്യാറാക്കുക. കനാൽ പരിസരത്ത്, ഇപ്പോൾ താരതമ്യേന ഉപയോഗക്കുറവുള്ള സ്ഥലങ്ങൾ നഗരത്തിനും നഗരവാസികൾക്കും പ്രയോജനപ്പെടുന്നവിധം വിനോദ, സാമൂഹിക, തെരുവു കച്ചവട സംരംഭങ്ങൾക്കായി (വെന്റിംഗ് സോൺ) പ്രയോജനപ്പെടുത്തും.

57. വീടുകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കനാലിലേക്കു വരുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കും. ഈ പദ്ധതിയുടെ പാരിസ്ഥിതിക ഗുണങ്ങൾ നഗരാസൂത്രണവുമായി സംയോജിപ്പിച്ച് കടൽ മുഖവുമായുള്ള നഗര ഹൃദയത്തിന്റെ ബന്ധം പുനസ്ഥാപിക്കും.

58. കനാലിന്റെ പരിസരത്തുള്ള പൊതു ഗതാഗത സംവിധാനങ്ങളായ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, എറണാകുളം ബോട്ട് ജെട്ടി

എന്നിവയുടെ പുനർ രൂപകല്പന ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിലൊന്നായിരിക്കും.

59. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് മുതൽ മറൈൻ ഡ്രൈവ് വരെ നീണ്ടുകിടക്കുന്ന രണ്ട് കിലോമീറ്ററിൽ താഴെ മാത്രം നീളമുള്ള മുല്ലശ്ശേരി കനാൽ കൊച്ചിയിലെ കനാലുകളുടെ നവീകരണത്തിനും സൗന്ദര്യവൽക്കരണത്തിനുമുള്ള 'മാതൃക' പദ്ധതിയായി കണക്കാക്കും. ഈ പരിസരത്തെ വിവിധ സ്ഥലങ്ങളെ മെട്രോ സ്റ്റേഷനുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള നടപ്പാത ഒരുക്കി സജീവമായ ഒരു കാൽനട സംസ്കാരത്തിനുതകുന്ന വിധം രൂപകല്പന ചെയ്ത് വികസിപ്പിക്കുകയും ചെയ്യും.

60. ഈ മേഖലയ്ക്കായി ഏറ്റവും മികച്ചതും ക്രിയാത്മകവുമായ പരിഹാരങ്ങൾ ക്ഷണിക്കുകയും ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തിലൂടെ വികസിപ്പിച്ചെടുക്കുന്ന ഒരു ദേശീയതല നഗര ഡിസൈൻ മത്സരം (യു.ഡി.സി.) ഈ പദ്ധതിയുടെ ഭാഗമാകും. വിശ്വോത്തര ഡിസൈൻ തയ്യാറാക്കിയശേഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തും.

61. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ബഹു. കേന്ദ്രസർക്കാരിന്റെ ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ജി.ഐ.ഇസെഡിന്റെ സാങ്കേതിക സഹായത്തോടെ ഇന്ത്യയിലെ വിവിധ സ്മാർട്ട് സിറ്റീസ് നഗരങ്ങളിൽ നടപ്പാക്കുന്ന സുസ്ഥിര നഗര വികസനം (സ്മാർട്ട് സിറ്റീസ്) പദ്ധതിയിൽ ഉൾപ്പെടുത്തി ഇത് നടപ്പിലാക്കും. പദ്ധതിയുടെ കോ-ഓർഡിനേഷൻ ചുമതല സി-ഹെഡിനെ ഏൽപ്പിക്കുന്നു.

## വെള്ളക്കെട്ടില്ലാത്ത നഗരം

62. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അസാധാരണമായ സാഹചര്യങ്ങളാണ് നമ്മുടെ നഗരം കഴിഞ്ഞ കുറേ വർഷങ്ങളായി

നേരിടേണ്ടിവന്നുകൊണ്ടിരിക്കുന്നത്. 2019 ഒക്ടോബർ മൂന്നാം ആഴ്ച്ച 48 മണിക്കൂറിൽ 200 മില്ലീമീറ്റർ മഴയാണ് കൊച്ചി നഗരത്തിൽ മാത്ര മായി പെയ്തത്. ഇത് അസാധാരണവും സർവ്വകാല റെക്കോർഡു മാണ്. ഇത്തരം സവിശേഷമായ സാഹചര്യങ്ങൾ നാം ഇനിയും പ്രതീക്ഷിക്കേണ്ടതുമുണ്ട്. അതിനായി തയ്യാറെടുപ്പുകൾ നടത്തേണ്ട തുമുണ്ട്. അപ്രതീക്ഷിതമായ കനത്ത മഴ നഗരത്തിനെ വെള്ളത്തിൽ മുക്കുമ്പോൾ വെള്ളക്കെട്ട് നിവാരണത്തിനായി നാം നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ വെള്ളക്കെട്ട് നിവാരണത്തിനായി ഡിവിഷൻ തലത്തിലുള്ള ഒരു കർമ്മ പരിപാടി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. ഏഴ് കോടി നാൽപ്പത് ലക്ഷം രൂപ നീക്കിവെച്ചുകൊണ്ട് വെള്ളക്കെട്ടു മായി ബന്ധപ്പെട്ട് നഗരത്തിലെ എഴുപത്തിനാല് ഡിവിഷനുകളും നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

63. ഓരോ ഡിവിഷനും ഈ ഇനത്തിൽ പത്ത് ലക്ഷം രൂപ വീതം അനു വദിക്കുന്നു. പണമനുവദിക്കുന്നതിന് നിലവിലുള്ള 'സീനിയോറിറ്റി' സംവിധാനമൊന്നും ബാധിക്കാത്ത രീതിയിൽ എല്ലാ ഡിവിഷനുക ളിലും ആവശ്യമായ പ്രവർത്തനങ്ങൾ ഉടനടി ആരംഭിച്ച് വെള്ളക്കെട്ടു മായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ തുക ഡിവിഷൻ ഫണ്ടിന്റെ ഭാഗമായി കണക്കാക്കേണ്ടതാണ്.

## കാനകളുടെ പരിപാലനം

64. നഗരത്തിലെ കാനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പുതി യൊരു സംവിധാനം നിലവിൽ വരുത്തും. നിലവിൽ കാനകളുടെ ചെളികോരൽ പ്രവർത്തനങ്ങൾ മൂന്ന് മാസത്തെ സമയപരിധിയാണ് അനുവദിച്ചിട്ടുള്ളത്. മൂന്ന് മാസ കാലയളവിനുള്ളിൽ ചെളികോരി കാന വൃത്തിയാക്കുന്നതോടെ ഈ കാനകളുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ അവസാനിക്കുകയാണ് പതിവ്. ഈ പതിവ് മാറ്റി നഗരത്തിലെ എല്ലാ കാനകളും ഒരു വർഷത്തേക്കായുള്ള പരിപാലനത്തിനായി 'ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്' സംവിധാനത്തിലേക്ക് മാറ്റും. ചെളികോരുന്നതടക്കം ഓരോ കാനകളുടേയും പരിപാലനം ആ വർഷം കോൺട്രാക്ട് എടുക്കുന്ന സ്ഥാപനത്തിനോ വ്യക്തിക്കോ ആയിരിക്കും. വെള്ളക്കെട്ടടക്കമുള്ള എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് കാന പരിപാലിക്കുന്ന ചുമതലയും ബാധ്യതയും കോൺട്രാക്ട് എടുക്കുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആയിരിക്കും. ഈ രീതിയിൽ കാനകൾ മുഴുവൻ ശാസ്ത്രീയമായി വർഷം മുഴുവൻ പരിപാലിക്കുന്നതിനുള്ള ഒരു പുതിയ കർമ്മപദ്ധതിയാണ് ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുക. നഗരത്തിലെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട ഈ സുപ്രധാന പദ്ധതിയുടെ നിർവ്വഹണം ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും.

65. ഈ പദ്ധതി നടത്തിപ്പിനായി ഓരോ ഡിവിഷനിലേക്കും നാല് ലക്ഷം രൂപ വീതം അനുവദിക്കുന്നു. ഈ തുക ഡിവിഷൻ ഫണ്ടിന്റെ ഭാഗമായി കണക്കാക്കും.

## ചെറുതോടുകളുടെ പരിപാലനം

66. ഇതേ രീതിയിൽ നഗരത്തിലെ എല്ലാ ചെറുതോടുകളും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകി പരിപാലിക്കും. ഇതിനായി ഓരോ ഡിവിഷനിലേക്കും ആറ് ലക്ഷം രൂപ വീതം അനുവദിക്കുന്നു. ഈ തുക ഡിവിഷൻ ഫണ്ടിന്റെ ഭാഗമായിരിക്കും.

## നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

67. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയ ഡ്രെയിനേജ് പദ്ധതിയുടെ ഭാഗമായി അമ്പത്തഞ്ച് കോടിയുടെ നല്പത്തൊമ്പത് പ്രവർത്തികളാണുള്ളത്.

ഇതിൽ മുപ്പത്തിമൂന്ന് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇരുപെത്തട്ട് കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഏറ്റവും വലിയ പ്രവൃത്തികൾ ആയ തേവര-പേരണ്ടൂർ കനാലിന്റെ നവീകരണം കോടതിയുടെ നിരീക്ഷണത്തിലായതിനാൽ ഇതിന്റെ പൈൽ ആന്റ് സ്ലാബ് വർക്കുകൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

## പ്രീ മൺസൂൺ ഡ്രൈവ്

68. കാലാവസ്ഥാ വ്യതിയാനവും മനുഷ്യ നിർമ്മിതവുമായ പ്രശ്നങ്ങളാൽ നമ്മുടെ നഗരം നേരിടുന്ന വെള്ളക്കെട്ടുമായി ബന്ധപ്പട്ട പ്രശ്നങ്ങൾ നേരിടുന്നതിന്റെ ഭാഗമായി മാർച്ച് 30ന് ആരംഭിച്ച് ഏപ്രിൽ 30 വരെ നീണ്ടുനിൽക്കുന്ന ഒരു പ്രീ മൺസൂൺ ഡ്രൈവ് സംഘടിപ്പിക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാ ഭരണകൂടം, റെവന്യു വകുപ്പ്, പോലീസ്, ഇന്ത്യൻ നേവി, അഗ്നിശമന വിഭാഗം, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ്, അതോറിറ്റി, ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിറ്റി, കൊച്ചിൻ ലീഗൽ സർവ്വീസസ് അതോറിറ്റി, റെസിഡന്റ് അസോസിയേഷനുകൾ, കുടുംബശ്രീ, കൊച്ചി സോഷ്യൽ സർവ്വീസസ് സൊസൈറ്റി, മറ്റ് സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയായിരിക്കും ഈ ഡ്രൈവ് സംഘടിപ്പിക്കുക.

69. ഇതിനായി രണ്ട് കോടി രൂപ ചെലവഴിക്കും.

## ഫ്ളഡ് ഫ്രീ കൊച്ചി മൊബൈൽ ആപ്പ്

70. കാലാവസ്ഥാ വ്യതിയാനത്തിന്റേയും മറ്റും ഭാഗമായി നഗരത്തിൽ സംഭവിക്കുന്ന വെള്ളക്കെട്ടടക്കമുള്ള പ്രശ്നങ്ങൾ, മറ്റ് അസാധാരണ സാഹചര്യങ്ങൾ എന്നിവ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യാനും ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നമേഖലകൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കാനും സഹായിക്കുന്ന

തരത്തിലുള്ള ഒരു മൊബൈൽ ആപ്പ് 'ഫ്ളഡ് ഫ്രീ കൊച്ചി മൊബൈൽ ആപ്പ്' എന്ന പേരിൽ പുറത്തിറക്കും. ക്ലൈമറ്റ് സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കും.

**നഗരം സോളാർ എനർജിയിലേക്ക്**

71. ചുള്ളിക്കൽ വാർഡിൽ നടന്ന എനർജി സർവ്വേയുടെ മാതൃക പിന്തുടർന്നുകൊണ്ട് നഗരത്തിലെ എല്ലാ വാർഡുകളിലും എനർജി സർവ്വേ നടത്തും. ഇന്ത്യയിലാദ്യമായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയിൽ നടത്തിയ 'എനർജി സർവ്വേ'യിലൂടെ ചുള്ളിക്കൽ ഡിവിഷൻ ചരിത്രത്തിന്റെ ഭാഗമാവുകയാണ്. ഈ സർവ്വേക്ക് നേതൃത്വം നൽകിയ ഡിവിഷൻ കൗൺസിലർ ശ്രീ. ആന്റണി ഫ്രാൻസിസിനേയും സർവ്വേ പ്രവർത്തനങ്ങൾ നടത്തിയ സി-ഹെഡിനേയും ഞാനീയവസരത്തിൽ അഭിനന്ദിക്കുന്നു. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുള്ളിക്കൽ വാർഡിനെ 'സമ്പൂർണ്ണ സോളാർ എനർജി വാർഡ്' ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും.

72. നമ്മുടെ നഗരം പാരമ്പര്യ ഊർജ്ജ ഉപയോഗത്തിൽ നിന്നും പാരമ്പര്യേതരമായ സോളാർ എനർജിയിലേക്ക് മാറ്റുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. നിലവിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, അനുബന്ധ സ്ഥാപനങ്ങൾ, നഗരത്തിലെ തെരുവ് വിളക്കുകൾ എന്നിവ സോളാർ സംവിധാനങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അടുത്ത രണ്ട് വർഷം കൊണ്ട് നിലവിലുള്ള വൈദ്യുതി ഉപയോഗം മുപ്പത് ശതമാനം കുറച്ച് കൊണ്ട് രാജ്യത്തിന് മാതൃക ആകുന്നതിനുള്ള അതിശക്തമായ നടപടികളുമായി മുന്നോട്ട് പോകും. ഈ പദ്ധതിയുടെ നടത്തിപ്പിനായി മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ.ഇ.) സഹായം തേടും.

73. പദ്ധതിക്കായി തനത് ഫണ്ടിലൂടെയും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും മുപ്പത്തിയഞ്ച് കോടി രൂപ ചെലവഴിക്കും.

## തെരുവ് വിളക്ക് - പുതിയ സംവിധാനം

74. കേരളത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഏറ്റവും കൂടുതൽ സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്ന നഗരമാണ് കൊച്ചി. തെരുവ് വിളക്കുകളുടെ കറന്റ് ചാർജിനായി മാത്രം പതിനേഴ് കോടിയോളം രൂപയാണ് വർഷാവർഷം മുടക്കിക്കൊണ്ടിരിക്കുന്നത്. നിലവിൽ ഫ്ളൂറസന്റ് ലൈറ്റ് ട്യൂബ്, ബൾബ്, സോഡിയം വേപ്പർ ലാംപ്, മെർക്കുറി വേപ്പർ ലാംപ്, സി.എഫ്.എൽ., ഹാലോജെൻ ലാംപ് എന്നീ ഊർജ്ജക്ഷമത കുറഞ്ഞ സംവിധാനമാണ് തെരുവ് വിളക്കിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നഗരത്തിലാകമാനം നൂറ്റമ്പതോളം തെരുവ് വിളക്കുകൾ മാത്രമാണ് ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റ് സംവിധാനത്തിലേക്ക് മാറ്റിയത്. കറന്റ് ചാർജ് ഇനത്തിൽ വരുന്ന വൻ ബാധ്യത കുറച്ചുകൊണ്ടുവരുന്നതിന് തെരുവ് വിളക്കുകളുടെ സംവിധാനം പൂർണ്ണമായും എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കും. ഇത് വഴി നിലവിലുള്ള കറന്റ് തുക മൂന്നിലൊന്നായി കുറയും. ഈ രീതിയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് തെരുവ് വിളക്കുകളുടെ ആധുനികവൽക്കരണം പൂർത്തീകരിക്കും.

75. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ഡിവിഷനിലേക്കും അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കും. ഈ അഞ്ച് ലക്ഷം രൂപയും ഡിവിഷൻ ഫണ്ടിന്റെ ഭാഗമായി കണക്കാക്കും. ഇത്തരുണത്തിൽ തെരുവ് വിളക്ക് സംവിധാനങ്ങളുടെ പൂർണ്ണമായും ആധുനികവൽക്കരണമാണ് ഈ കൗൺസിൽ ലക്ഷ്യമിടുന്നത്.

## മീറ്ററിംഗ് ആന്റ് ടൈമർ

76. എല്ലാ തെരുവ് വിളക്കുകളിലും മീറ്ററിംഗ് സംവിധാനവും ടൈമർ സംവിധാനവും ഏർപ്പെടുത്തും. നിലവിലുള്ള ഹൈമാസ്റ്റ് സംവിധാനങ്ങളും എൽ.ഇ.ഡി. യിലേക്ക് മാറ്റും.

77. പദ്ധതിക്കായി ബജറ്റിൽ രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## സ്ട്രീറ്റ് ലൈറ്റിംഗ് സംവിധാനം

78. നഗരത്തിൽ ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്ക് സംവിധാനങ്ങൾ ഇല്ലാത്ത എല്ലാ സ്ഥലങ്ങളിലും പുതുതായി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സംവിധാനം ഒരുക്കും. നിലവിലുള്ള ലൈനുകൾ ഭൂമിക്കടിയിൽ അല്ലാത്ത സ്ഥലങ്ങളിൽ ഭൂമിക്ക് അടിയിലേക്ക് മാറ്റുന്നതിന് കെ.എസ്.ഇ.ബി. യോട് ആവശ്യപ്പെടുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യും. നഗരത്തിൽ മാർഗ്ഗതടസ്സമായി നിൽക്കുന്നതും അപകടാവസ്ഥയിൽ നിൽക്കുന്നതുമായ എല്ലാ ഇലക്ട്രിക് പോസ്റ്റുകളും മറ്റു സംവിധാനങ്ങളും മാറ്റി സ്ഥാപിക്കും.

79. പദ്ധതിയുടെ നടത്തിപ്പിനായി രണ്ട് കോടി രൂപ നീക്കിവെക്കും.

## കെട്ടിട ഊർജ്ജ ക്ഷമത

80. 2018–2019 കാലയളവിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു വേണ്ടി വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ഡബ്ല്യു.ആർ.ഐ.) സഹായത്തോടെ സീറോ കാർബൺ ബിൽഡിംഗുകളിലേക്കുള്ള കൊച്ചിയുടെ മാറ്റത്തിന് സഹായമാകുവാൻ വേണ്ടി ഒരു മാർഗ്ഗരേഖ തയ്യാറാക്കിയിരുന്നു. നീണ്ട ഒരു വർഷ കാലയളവിലെ ഗവേഷണത്തിനും പഠനത്തിനും ശേഷമാണ് ഡബ്ല്യു.ആർ.ഐ. ഈ മാർഗ്ഗരേഖ തയ്യാറാക്കിയത്. നിലവിൽ കൊച്ചിയിലെ കെട്ടിടങ്ങളുടെ വൈദ്യുതി

ഉപഭോഗ രീതികൾ, കെട്ടിട നിർമ്മാണ ശൈലികൾ, ഭരണപരമായ തീരുമാനങ്ങളിലും ചിന്തകളിലും നൈസർഗ്ഗികമായി വരേണ്ട മാറ്റങ്ങൾ, അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ട ഇടപെടലുകൾ മുതലായവ മാർഗ്ഗ രേഖയിലെ പ്രധാന വിഷയങ്ങളായിരുന്നു.

81. 2019-ൽ ഈ ഒരു പദ്ധതിയുടെ രണ്ടാം ഭാഗമെന്ന രീതിയിൽ ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (ജി.ഇ.എഫ്.) ഫണ്ട് ചെയ്യുന്ന യുനൈറ്റഡ് നേഷൻസ് സസ്റ്റെയിനബിൾ എനർജി ഫോർ ഓൾ പദ്ധതിയുടെ കീഴിൽ കീഴിൽ ബിൽഡിംഗ് എഫിഷൻസി ആക്സില റേറ്റർ (ബി.ഇ.എ.) എന്ന പ്രോഗ്രാമിൽ കൊച്ചി ഭാഗമായി. സീറോ കാർബൺ ബിൽഡിംഗ് 'റോഡ് മേപ്പി'ലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഒന്നായ കൊച്ചിയിലെ ഓഫീസ് കെട്ടിടങ്ങളിലെ വൈദ്യുതി ഉപഭോഗ രീതികൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരു ബെഞ്ച്മാർക്കിംഗ് പ്രോഗ്രാം ആണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. ഒരു നിശ്ചിത വൈദ്യുതി ഉപഭോഗത്തിനു മുകളിലുള്ള ഊർജ്ജക്ഷമത കുറവായു ള്ള അമ്പത് ഓഫീസ് കെട്ടിടങ്ങൾക്ക് തങ്ങളുടെ വൈദ്യുതി ഉപയോഗം തിരിച്ചറിയാനും തുടർന്ന് അത് കുറക്കുവാൻ വേണ്ടി ചെയ്യാവുന്ന പരിഹാര മാർഗ്ഗങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കുവാനും ആയിരിക്കും ഈ പദ്ധതി ശ്രമിക്കുന്നത്.

82. ഭാവിയിൽ കൊച്ചിയിലും അത് പോലെ മറ്റ് നഗരങ്ങളിലും നടത്താ വുന്ന ഇത്തരം ബെഞ്ച്മാർക്കിംഗ് പ്രോഗ്രാമുകൾക്ക് ഈ പദ്ധതി ഒരു മാർഗ്ഗദർശനമാകും. ഇതിന് വേണ്ടി കൊച്ചിയിലെ തിരഞ്ഞെടുത്ത ഓഫീസ് കെട്ടിടങ്ങളുടെ വൈദ്യുതി ഉപയോഗത്തിനെ സംബന്ധിച്ചു ള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. 2020 ജൂൺ വരെയായി രിക്കും ഈ പദ്ധതിയുടെ കാലയളവ്.

83. നിലവിൽ നടക്കുന്ന ഈ പദ്ധതിയിൽ കൊച്ചിയുടെ സുസ്ഥിരമായ വികസനത്തിലേക്കും 'സീറോ കാർബൺ കെട്ടിടങ്ങൾ' എന്നുള്ള ആശയത്തിലേക്കും ഉള്ള പ്രയാണത്തെ സഹായിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

84. ഈ പദ്ധതിയുടെ പൂർത്തീകരണം ഈ സാമ്പത്തിക വർഷം നടക്കും.

**ഗ്രീൻ ബിൽഡിംഗ് പദ്ധതി**

85. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ജി.ഐ.ഇസെഡിന്റെ സാങ്കേതിക സഹായത്തോടെ ഇതിനകം തന്നെ ആരംഭിച്ച 'ക്ലൈമറ്റ് സിറ്റീസ് പദ്ധതി'യുടെ ഭാഗമായി 'ഗ്രീൻ ബിൽഡിം ഗ്സ് ആന്റ് ഗ്രീൻ ഹോംസ്' എന്ന ആശയത്തിൽ അധിഷ്ഠിതമായി കെട്ടിടങ്ങളുടെയും വീടുകളുടേയും നിർമ്മാണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഊർജ്ജ ഉപയോഗം കുറച്ചുകൊണ്ടു വരുന്ന ഒരു പദ്ധതിക്ക് തുടക്കമിടും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമാവലി, ബൈലോ എന്നിവ തയ്യാറാക്കും. ഇതിന്റെ ആദ്യപടിയായി കെ.എം.സി. ആസ്ഥാന മന്ദിരം എങ്ങിനെ ഊർജ്ജ ക്ഷമമായ കെട്ടിടമാക്കാം എന്നതിനെക്കുറിച്ച് സാങ്കേതിക പഠനം നടത്തുകയും അതിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ്, ബർലിൻ സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിലെ വിദഗ്ദ്ധരുടെ മേൽനോട്ടത്തി ലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

**കുടിവെള്ളം: ആവശ്യകതയും-ലഭ്യതയും**

86. കഴിഞ്ഞ നാല് കൊല്ലത്തെ ഈ കൗൺസിലിന്റെ പ്രവർത്തനത്തിന്റെ ഫലമായി നഗരത്തിൽ കുടിവെള്ളത്തിന്റെ ലഭ്യതയും ആവശ്യകത യും തമ്മിലുള്ള അന്തരം ഏറെ കുറഞ്ഞിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതി കളാണ് ഈ നേട്ടത്തിന് നമ്മെ സഹായിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം കേരള ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ നാല്പ്പത്തിരണ്ട് കോടി രൂപയുടെ പദ്ധതികളാണ് കുടിവള്ള വിതരണ രംഗത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം നിലവിൽ

തുടങ്ങിവച്ച പദ്ധതികളുടെ പൂർത്തീകരണമാണ് മുഖ്യലക്ഷ്യം. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണത്തിന് എല്ലാവരുടേയും പിന്തുണ അഭ്യർത്ഥിക്കുന്നു.

**പുരോഗമിക്കുന്ന പദ്ധതികൾ**

87. നിലവിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പതിനെട്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ ആറ് ഓവർ ഹെഡ് ടാങ്കുകളും പുതിയ ലൈനുകൾ സ്ഥാപിക്കുന്ന ആറ് പ്രവർത്തികളും പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന നാലു പ്രവർത്തികളും ആണ് ഉള്ളത്. ആറ് ഓവർഹെഡ് ടാങ്കുകളിൽ പത്ത് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള തേവരയിലുള്ള ടാങ്കിന്റെ പണി പൂർത്തീകരിച്ചു. 4.5 കോടി രൂപയാണ് നിർമ്മാണ ചെലവ്. പതിനഞ്ച് ലക്ഷം ലിറ്ററിന്റെ 7.75 കോടി അടങ്കൽ തുകയുള്ള ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം കുന്നുംപുറത്ത് പുരോഗമിച്ച് കൊണ്ടിരിക്കുന്നു. പതിമൂന്ന് ലക്ഷം ലിറ്ററിന്റെ ടാങ്കിന്റെ പണി ഇടക്കൊച്ചിയിൽ നടന്നുകൊണ്ടിരിക്കുന്നു. ആറ് കോടി രൂപയാണ് അടങ്കൽ തുക.

88. പതിനഞ്ച് കോടി അടങ്കൽ തുകയുള്ള നാല്പ്പത് ലക്ഷം ലിറ്ററിന്റെ ഓവർഹെഡ് ടാങ്കിന്റെ പണി കലൂരിൽ ആരംഭിച്ചു. പച്ചാളത്ത് പതിനേഴ് ലക്ഷം ലിറ്ററിന്റേയും (7.75 കോടി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പതിനഞ്ച് ലക്ഷം ലിറ്ററിന്റെ ഗ്രൗണ്ട് ലെവൽ ടാങ്ക് കരുവേലിപ്പടിയിൽ പൂർത്തീകരിച്ചു. 3.3 കോടി രൂപയാണ് അടങ്കൽ തുക. അരൂരിൽ നിന്നും ഇടക്കൊച്ചി വരെ 350 എം.എം. പൈപ്പ് ഇടുന്ന ജോലി (1.52 കോടി രൂപ) പൂർത്തീകരിച്ചു. വളഞ്ഞമ്പലം, കോന്തുരുത്തി റോഡ്, പണ്ഡിറ്റ് കറുപ്പൻ റോഡ് എന്നിവിടങ്ങളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന ജോലികൾ പൂർത്തീകരിച്ചു. 0.82 കോടി, 1.61 കോടി, 0.66 കോടി എന്നിങ്ങനെയാണ് പദ്ധതി തുകകൾ.

3.65 കോടിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ ജോലി കരുവേലിപ്പടിയിൽ അവസാനഘട്ടത്തിലാണ്. 42.5 കോടിയുടെ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന അഞ്ച് ജോലികൾ വിവിധ സ്ഥലങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

89. 23, 33, 34, 69, 70, 71, 72, 73 എന്നീ ഡിവിഷനുകളിലെ ജലലഭ്യത കൂട്ടുന്നതിന് പച്ചാളത്ത് പുതിയ ജലസംഭരണിയും ഓവർഹെഡ് ടാങ്കും പുതുതായി നിർമ്മിക്കും. കതൃക്കടവിൽ നിന്നും പച്ചാളത്തേക്ക് പുതിയ പൈപ്പ് ലൈൻ നിർമ്മിക്കും. ഇതിനായി പതിനെട്ട് കോടി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

90. ഈ പദ്ധതികളെല്ലാം തന്നെ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. പദ്ധതികളുടെ പൂർത്തീകരണത്തോടെ ഒന്നര ലക്ഷത്തോളം പേർക്ക് ഗുണം ലഭിക്കുകയും ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ സമയം കുടിവെള്ളം ഇതുവഴി നൽകാൻ സാധിക്കും.

## എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ

91. നഗരത്തിലെ പൊതുകുടിവെള്ള ടാപ്പുകൾക്കായി ഓരോ വർഷവും നാല്പ്പത് ലക്ഷം രൂപയോളം ബില്ലിനത്തിൽ കെ.എം.സി. ചിലവഴിക്കുന്നുണ്ട്. എന്നാൽ ഈ പൊതുടാപ്പുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. കൂടാതെ ഏറ്റവും കൂടുതൽ ജലനഷ്ടം സംഭവിക്കുന്നതും പൊതുടാപ്പുകളിലൂടെയാണ്. ഈ പരിതസ്ഥിതിയിൽ നഗരത്തിലെ എല്ലാ പൊതുടാപ്പുകളും നിർത്തലാക്കും. പകരം നിലവിൽ പൊതുടാപ്പുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 5000 രൂപ വീതം നൽകും. കൂടാതെ, പി.എം.എ.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾക്കും കുടിവെള്ള കണക്ഷന് 5000 രൂപ വീതം നൽകും. ആവശ്യമായ മറ്റ് സബ്സിഡികളും ലഭ്യമാക്കും.

92. 2020 ജൂലൈ മുതൽ മുഴുവൻ പൊതുടാപ്പുകളും നിർത്തലാക്കും. നിലവിൽ പൊതുടാപ്പുകൾ ഉപയോഗിക്കുന്ന വീടുകളിൽ സൗജന്യ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഓരോ ഡിവിഷനുകൾക്കുമായി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കും. ഈ തുക ഡിവിഷൻ ഫണ്ടിന്റെ ഭാഗമായി കണക്കാക്കും.

## ആർ.ഒ. പ്ലാന്റുകൾ

93. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മെയിൻ ഓഫീസിലും ഇടപ്പള്ളി സോണൽ ഓഫീസിലും ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കും.

94. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം എഴുപത് ലക്ഷം രൂപ ചെലവഴിക്കും.

## മൊബൈൽ ആപ്പ്

95. നഗരത്തിൽ കുടിവെള്ള വിതരണം ചെയ്യുന്ന വാഹനങ്ങൾക്ക് പ്രത്യേക നിയമങ്ങളും നിയന്ത്രണങ്ങളും കൊണ്ടുവരും. ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് വാഹനങ്ങളെ ട്രാക്ക് ചെയ്യുന്നതിനും വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനും മൊബൈൽ ആപ്പ് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും.

96. പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതുഗതാഗതം

97. പൊതുഗതാഗത രംഗത്ത് നിരവധി മാറ്റങ്ങളാണ് നമ്മുടെ നഗരത്തിൽ വന്നുകൊണ്ടിരിക്കുന്നത്. മെട്രോ റെയിലും വാട്ടർ മെട്രോയും റോഡുകളുടെ ആധുനികവൽക്കരണമടക്കം നിരവധി പദ്ധതികളിലൂടെ പൊതുഗതാഗത രംഗത്ത് സമൂലമായൊരു മാറ്റത്തിലേക്കാണു നാം നടന്നടുക്കുന്നത്. പൊതുഗതാഗത രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ കൊച്ചിയുടെ വളർച്ചയ്ക്കും വികസനത്തിനും

ആക്കം കൂട്ടുമെന്ന വസ്തുതയിൽ തർക്കമില്ല. റോഡ് ഗതാഗതം, റെയിൽ ഗതാഗതം, ജലഗതാഗതം എന്നിവയുടെ ആധുനികവൽക്കരണത്തിലൂടെ കൊച്ചിയുടെ പൊതുഗതാഗത രംഗം ലോക നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യപ്രാപ്തിക്കായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ-സർക്കാരിതര ഏജൻസികളുമായി യോജിച്ചുള്ള ഒരു പ്രവർത്തനമാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുന്നോട്ട് വെക്കുന്നത്. ഗതാഗത മേഖലയിൽ സമ്പൂർണ്ണ ആധുനികവൽക്കരണം ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലേറ്റവും പ്രധാനപ്പെട്ടതാണ് പ്രാദേശിക ഗതാഗത വികസന പദ്ധതി.

## പ്രാദേശിക ഗതാഗത വികസന പദ്ധതി

98. നഗരത്തിലെ എഴുപത്തിനാല് ഡിവിഷനുകളും വ്യത്യസ്തമായ നിരവധി പ്രശ്നങ്ങളാണ് ഗതാഗതരംഗവുമായി ബന്ധപ്പെട്ട് നേരിടുന്നത്. ഗതാഗത രംഗത്തെ പ്രശ്നങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുന്നുമുണ്ട്. ഈ പശ്ചാത്തലത്തിൽ നഗരത്തിലെ എല്ലാ ഡിവിഷനുകളിലേയും ഗതാഗത രംഗത്തെ പ്രശ്നങ്ങൾക്ക് പ്രാദേശികമായിതന്നെ പരിഹാരം കാണുന്നതിനുള്ള പ്രാദേശിക ഗതാഗത വികസന പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

99. വ്യക്തമായപഠനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തേയും പ്രശ്നങ്ങൾ കണ്ടെത്തുകയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ഡിവിഷനുകൾക്കും പത്ത് ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്യും. ഒന്നിലധികം ഡിവിഷനുകളുടെ കൂട്ടായ്മയിലൂടെ ഒരു പ്രദേശത്തിന്റെ ഗതാഗത പ്രശ്നങ്ങൾക്ക് ഈ ഫണ്ടിന്റെ സഹായത്തോടെ വിദഗ്ദ്ധരുടെ സഹായത്തോടെ പദ്ധതികളാവിഷ്ക്കരിച്ച് പരിഹാരം കാണുന്നതിന് സാധിക്കും. ഇത്തരത്തിലുള്ള കൂട്ടായ്മയിലൂടെയും ഡിവിഷനുകളിൽ നടത്തുന്ന

വികസന പ്രവർത്തനങ്ങളിലൂടെയും ഗതാഗതരംഗത്ത് നഗരം നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സാധിക്കും. പദ്ധതിക്കായി അനുവദിക്കുന്ന തുക ഡിവിഷൻ ഫണ്ടിന്റെ ഭാഗമായി കണക്കാക്കും.

## സ്ഥലമെടുപ്പിന്-സ്പെഷൽ ഫണ്ട്

100. ഭൂമിയുടെ ലഭ്യതയാണ് റോഡ് വികസനത്തിനുള്ള തടസ്സങ്ങളിൽ പ്രധാനമായത്. കൊച്ചി പോലുള്ള വളരെ സ്ഥലപരിമിതിയുള്ള ഒരു നഗരത്തിൽ റോഡ് വികസനത്തിന് സ്ഥലം കണ്ടെത്തുക എന്നത് വളരെ ശ്രമകരമാണ്. പരിമിതമായ സാമ്പത്തിക അടിത്തറയിൽ നിന്നും കണ്ടെത്തിയ സ്ഥലത്തിനു ഉഭയസമ്മത പ്രകാരമുള്ള വില നൽകുക എന്നത് പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനു മാത്രമായി ഒരു 'സ്പെഷൽ ഫണ്ട്' രൂപീകരിക്കുവാൻ ഈ കൗൺസിൽ തീരുമാനിക്കുന്നു.

101. സ്പെഷൽ ഫണ്ടിന്റെ സഹായത്തോടെ സുഭാഷ് ചന്ദ്രബോസ് റോഡ്, കെ.പി.വള്ളോൻ റോഡ്, എസ്.എ. റോഡ്, പള്ളുരുത്തി 40 അടി റോഡ് എന്നിവയടക്കമുള്ള പ്രധാന റോഡുകളുടെ വികസന ത്തിനായുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തും.

102. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിക്കും. ഈ സെല്ലിനായി റിട്ടയർ ചെയ്ത രണ്ട് സർവ്വേയർ മാരുടെ സേവനം ഉപയുക്തമാക്കും.

## സ്മാർട്ട് റോഡുകൾ

103. കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച സി.എസ്.എം.എൽ. ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സ്മാർട്ട് റോഡ് പദ്ധതിയുടെ

ഭാഗമായി എബ്രഹാം മടമാക്കൽ റോഡ്, ഡി.എച്ച്. റോഡ്, ജോസ് ജംഗ്ഷൻ മുതൽ സൗത്ത് റെയിൽവേ സ്റ്റേഷൻ വരെയുള്ള റോഡ്, ബസാർ റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

104. ഈ സാമ്പത്തിക വർഷം ഷൺമുഖം റോഡ്, പാർക്ക് അവന്യു റോഡ്, കെ. ബി. ജേക്കബ് റോഡ്, അമരാവതി റോഡ്, ബെല്ലർ ആന്റ് റിവർ റോഡ്, കൽവത്തി റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, പള്ളുരുത്തി 40 അടി റോഡ്, പള്ളുരുത്തി പഞ്ചായത്തീരാജ് റോഡ്, മധുര കമ്പനി റോഡ്, ആസാദ് റോഡ്, ദേശാഭിമാനി റോഡ്, പാലാരിവട്ടം-തമ്മനം റോഡ് എന്നീ റോഡുകൾ സ്മാർട്ട് റോഡുകളാക്കി മാറ്റും.

**ബി.എം.&ബി.സി. റോഡുകൾ**

105. കഴിഞ്ഞ സാമ്പത്തിക വർഷം അമ്പതോളം ചെറുതും വലുതുമായ റോഡുകൾ ബി.എം.&ബി.സി. രീതിയിൽ പുതുക്കിപ്പണിത് നഗര ഗതാഗത രംഗത്ത് മാതൃകാപരമായ പ്രവർത്തനമാണ് ഈ കൗൺസിൽ കാഴ്ച്ചവച്ചത്. ഈ സാമ്പത്തിക വർഷം നഗരത്തിലെ നിരവധി പ്രധാന റോഡുകൾ ബി.എം.&ബി.സി. മാതൃകയിൽ പുനർനിർമ്മിക്കും.

106. പരമാര റോഡ്, സെന്റ് ബെനഡിക്ട് റോഡ്, സെന്റ്. വിൻസന്റ് റോഡ്, രാജാജി റോഡ്, തേവര ജംഗ്ഷൻ മുതൽ മാർക്കറ്റ് ബ്രിഡ്ജ് വരെയുള്ള പണ്ഡിറ്റ് കറുപ്പൻ റോഡ്, ടി.ഡി റോഡ്, ഹോസ്പിറ്റൽ റോഡ്, പഴയ കലൂർ-കടവന്ത്ര റോഡിന്റെ ഭാഗം, ആസാദ് റോഡ്, മധുര കമ്പനി റോഡ്, വെള്ളയത്തറ നാരായണൻ റോഡ്, കോണം റോഡ്, കൊല്ലശ്ശേരി റോഡ്, ഗുജറാത്തി റോഡ്, കൊച്ചങ്ങാടി റോഡ് എന്നീ റോഡുകൾ അടക്കം അമ്പത് റോഡുകൾ ഈ സാമ്പത്തിക വർഷം ബി.എം.&ബി.സി. രീതിയിൽ പുതുക്കിപ്പണിയും.

## നവീകരിക്കുന്ന നൂറ് റോഡുകൾ

107. ഈ സാമ്പത്തിക വർഷം പള്ളിമുക്ക് ടു മനോരമ, പറമ്പിത്തറ ക്രോസ്സ് റോഡ്, പാടശേഖരം റോഡ്, കൊളംബോ റോഡ്, ബീന അഞ്ചുമന റോഡ്, കുമാരനാശാൻ റോഡ്, മാമംഗലം-പൊറ്റക്കുഴി റോഡ്, ഓൾഡ് തേവര റോഡ്, കളത്തിപ്പറമ്പ് റോഡ്, സുരഭി റോഡ്, മസ്ജിദ് റോഡ്, ജനകീയ റോഡ്, ഭാഗ്യധാരാ റോഡ് അടക്കമുള്ള നൂറ് റോഡുകൾ നവീകരിക്കുകയും പുതുക്കിപ്പണിയുകയും ചെയ്യും.

## കെ.പി. വള്ളോൻ റോഡ്

108. കെ.പി. വള്ളോൻ റോഡ് ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരികയാണ്. ഏറെ അഭിമാനത്തോടെയാണ് റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ബോട്ടിൽനെക്കിലെ സ്ഥലമെടുപ്പ് എൺപത്തേഴ് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് പൂർത്തീകരിച്ചത്. മറ്റ് സ്ഥലങ്ങളുടെ സ്ഥലമെടുപ്പടക്കം പൂർത്തീകരിച്ച് കെ.പി. വള്ളോൻ റോഡിന്റെ ആധുനികവൽക്കരണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

## പള്ളുരുത്തി 40 അടി റോഡ്

109. പശ്ചിമകൊച്ചിയിലെ ഗതാഗത രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട റോഡ് നിർമ്മാണ പ്രവർത്തനമാണ് പള്ളുരുത്തി 40 അടി റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ടത്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ മുഴുവൻ പരിഹരിച്ചുകൊണ്ട് സ്ഥലമെടുപ്പ് പൂർത്തീകരിച്ച് ഈ പ്രധാനപ്പെട്ട റോഡ് നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും.

### തമ്മനം-പുല്ലേപ്പടി റോഡ്

110. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്തുകൊണ്ട് ഈ റോഡിന്റെ വികസന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

### സുഭാഷ് ചന്ദ്രബോസ് റോഡ്

111. സുഭാഷ് ചന്ദ്രബോസ് റോഡ് വികസനവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലമെടുപ്പ് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ സുഭാഷ് ചന്ദ്രബോസ് റോഡിന്റെ ഇരുവശവും ഫുട്പാത്ത് നിർമ്മിക്കും.

### ഗോശ്രീ-മാമംഗലം റോഡ്

112. കൊച്ചി നഗരത്തിന്റെ വികസനത്തിന് ഏറെ പ്രാധാന്യമുള്ള ഈ പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി പ്രഖ്യാപനങ്ങൾ വന്നിരുന്നെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളുമായി ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. ഈ ഒരു പരിതസ്ഥിതിയിൽ റോഡിന്റെ സ്ഥലമെടുപ്പും അലൈൻമെന്റും അടക്കമുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടുകൊണ്ട് റോഡ് നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. ഇതിനായി റോഡ് കടന്നു പോകുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികൾ (ബഹു. എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ. മാരായ ശ്രീ. പി.ടി. തോമസ്, ശ്രീ. ടി.ജെ. വിനോദ്), വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പോപ്പുലർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കും.

## നവീകരണവും ആധുനികവൽക്കരണവും

113. എസ്.എ. റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഭവന നഗരകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ജി.ഐ.ഇസെഡിന്റെ സാങ്കേതിക സഹകരണത്തോടെ ഇന്ത്യയിലെ വിവിധ സ്മാർട്ട് സിറ്റീസ് നഗരങ്ങളിൽ നടപ്പിലാക്കുന്ന സ്മാർട്ട്-സുസ്ഥിര നഗര ഗതാഗത പദ്ധതിയിൽപെടുത്തി നടത്തിയ പഠനങ്ങളുടേയും സ്റ്റേക്ക്ഹോൾഡേഴ്സ് കൺസൽട്ടേഷന്റേയും അടിസ്ഥാനത്തിൽ ഒരു പദ്ധതി രേഖയും ഡിസൈനും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രേഖയും ഡിസൈനും അനുസരിച്ച് സഹോദരൻ അയ്യപ്പൻ റോഡ് നവീകരിക്കും. വൈറ്റില മുതൽ പള്ളിമുക്ക് വരെയുള്ള എസ്.എ. റോഡ് (3.5 കി.മീ), പള്ളിമുക്ക് മുതൽ കേരള ഫൈനാർട്ട്സ് സൊസൈറ്റി വരെയുള്ള ചർച്ച് ലാൻറിങ്ങ് റോഡ് (0.5 കി.മീ) എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ–കെ.എം.ആർഎൽ. സംയുക്ത സംരംഭമായാണ് പദ്ധതി നടപ്പിൽ വരുത്തുക.

## ഡച്ച് പാലസ് റോഡ്

114. വിനോദ സഞ്ചാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുഗതാഗത സംവിധാനമായ ഡച്ച് പാലസ് റോഡ് ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കും.

115. കേന്ദ്ര–സംസ്ഥാന സർക്കാർ സഹായത്തോടെ പദ്ധതി നടപ്പിലാക്കും.

## ടൈൽ റോഡുകൾ

116. നഗരത്തിലെ എഴുപത്തിനാല് ഡിവിഷനുകളിലേയും അനുയോജ്യമായ എല്ലാ റോഡുകളും ഇന്റർലോക്ക് ചെയ്ത് ടൈൽഡ് റോഡുകൾ ആക്കി മാറ്റും. ഓരോ ഡിവിഷന്റേയും കൗൺസിലർമാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് അഞ്ച് റോഡുകളെങ്കിലും ഇന്റർ ലോക്ക് ടൈൽഡ്

റോഡുകൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ആവശ്യമായ ഫണ്ട് അനുവദിക്കും.

### ടൈൽ നിർമ്മാണ യൂണിറ്റ്

117. നഗരത്തിൽ ഇന്റർലോക്ക് ടൈൽഡ് റോഡുകളുടെ നിർമ്മാണം വലിയ രീതിയിൽ നടക്കുന്നുണ്ട്. ഈ റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ടൈലുകൾ മുഴുവൻ സ്വകാര്യ മേഖലയിൽ നിന്നാണ് ഇപ്പോൾ വാങ്ങുന്നത്. ഇത് വമ്പിച്ച സാമ്പത്തിക ബാധ്യതക്ക് കാരണമാവുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കെ.എം.സി.ക്ക് സ്വന്തമായി ഒരു ടൈൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

### റോഡുകളുടെ പരിപാലനം ജനപങ്കാളിത്തത്തോടെ

118. നഗരത്തിലെ തിരഞ്ഞെടുത്ത എല്ലാ റോഡുകളുടേയും പരിപാലന ചുമതല പ്രദേശത്തെ ജനങ്ങൾക്ക് കൈമാറുന്ന ഒരു പദ്ധതിക്ക് ഈ സാമ്പത്തിക വർഷം തുടക്കം കുറിക്കും. സാമ്പത്തിക ബാധ്യത വരുന്ന പ്രധാന പ്രവർത്തനങ്ങൾ ജനങ്ങളുടെ മേൽനോട്ടത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തന്നെ നിർവ്വഹിക്കുമെങ്കിലും റോഡുകളുടെ ശരിയായ രീതിയിലുള്ള പരിപാലനം, സൗന്ദര്യവൽക്കരണം, സംരക്ഷണം എന്നിവ ജനങ്ങളെ നേരിട്ട് ഏല്പ്പിക്കും.

119. ഡിവിഷൻ കൗൺസിലറും തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റിയുടേയും നേതൃത്വത്തിൽ ആയിരിക്കും ഈ പരിപാലന പ്രവർത്തനങ്ങൾ നടക്കുക. ഇത്തരത്തിൽ അതാത് സ്ഥലത്തെ പൗരന്മാരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി റോഡുകളുടെ സംരക്ഷണവും ശരിയായ പരിപാലനവും ഉറപ്പ് വരുത്തും.

## അംഗപരിമിത സൗഹൃദ നഗരം

120. നിലവിൽ നമ്മുടെ നഗരനിർമ്മാണ രീതികൾ അംഗപരിമിതരെ പരിഗണിക്കുന്നതിൽ നീതി പുലർത്തിയിട്ടുണ്ടോ എന്ന് പരിശോധി ക്കേണ്ടിയിരിക്കുന്നു. ആവശ്യത്തിന് ഫുട്ട്പാത്തുകളോ സുരക്ഷാ സംവിധാനങ്ങളോ റോഡ് മുറിച്ചുകടക്കുവാനുള്ള സൗകര്യങ്ങളോ ഒന്നും തന്നെ ഇല്ല എന്നുതന്നെ പറയാം. ഈ സാഹചര്യത്തിൽ നഗരത്തിലെ മുഴുവൻ റോഡുകളും അംഗപരിമിത സൗഹൃദത്തിലാ ക്കുന്നതിനുള്ള ഒരു പദ്ധതി കൗൺസിൽ വിഭാവനം ചെയ്യുന്നു.

121. ആദ്യഘട്ടത്തിൽ നഗരത്തിലെ പ്രധാന റോഡുകളും ടൂറിസ്റ്റ് മേഖല യിലെ റോഡുകളും അംഗപരിമിത സൗഹൃദ നഗരമാക്കി മാറ്റും.

## നടപ്പാത

122. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റേയും കൊച്ചി മെട്രോ റെയിലിന്റേ യും സഹായത്തോടെ നഗരത്തിലെ മുഴുവൻ പ്രധാന റോഡുകളിലും ടൂറിസ്റ്റ് മേഖലയിലെ റോഡുകളിലും ശരിയായ കാൽനടയാത്രാ സൗകര്യവും സൈക്കിളുകൾക്കുള്ള വീഥിയും നിർമ്മിക്കും. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജോസ് ജംഗ്ഷൻ മുതൽ തേവര വരെയും സംസ്ക്കാര ജംഗ്ഷൻ മുതൽ പാലാരിവട്ടം വരേയുമുള്ള ഫുട്ട്പാത്തുകളും ഗിരിനഗർ ക്ലബ് റോഡിലുള്ള ഫുട്ട്പാത്തും കെ.പി. വള്ളോൻ റോഡിലുള്ള ഫുട്ട്പാത്തും ചിറ്റൂർ റോഡിൽ പേരണ്ടൂരിലുള്ള ഫുട്ട്പാത്തും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. കടവന്ത്ര കെ.വി. മുതൽ മാർക്കറ്റ് വരെയുള്ള ഫുട്ട്പാത്തും കാരക്കോണം തോടിനരികെയുള്ള വാക്ക്‌വേയും ചമ്പക്കര കനാൽ റോഡിലുള്ള വാക്ക്‌വേയും പേട്ട ജംഗ്ഷൻ മുതൽ ഗാന്ധി സ്ക്വയർ വരെയുള്ള വാക്ക്‌വേയും ജെ.എ.എൻ. പരിസരത്ത് പൈപ്പ് ലൈൻ റോഡിലുള്ള ഫുട്ട്പാത്തും മൂലങ്കുഴി ബീച്ച് റോഡിലുള്ള ഫുട്ട്പാത്തും നസ്രത്ത് ജനത ജൂബിലി റോഡിലുള്ള ഫുട്ട്പാത്തും പനോരമ റോഡിലുള്ള

വാക്ക്‌വേയും തോപ്പുംപടിയിലുള്ള ഫുട്ട്പാത്തും ബസ്ബേയും തേവര ജംഗ്ഷനിലുള്ള ഫുട്ട്പാത്തും ബസ്ബേ നിർമ്മാണവും സുഭാഷ് ചന്ദ്രബോസ് റോഡിലുള്ള ഫുട്ട്പാത്തും പനമ്പള്ളി നഗറിൽ ടി.പി. കനാലിനോട് ചേർന്നുള്ള വാക്ക്‌വേയും തേവര മാർക്കറ്റ് വരെ ടി.പി. കനാലിനോട് ചേർന്നുള്ള വാക്ക്‌വേയും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കും.

123. നഗരത്തിലെ എല്ലാ ഡിവിഷനുകളിലും അനുയോജ്യമായ സ്ഥലത്ത് വാക്‌വേകൾ നിർമ്മിക്കുകയും സൗന്ദര്യവത്ക്കരണം നടത്തുകയും ചെയ്യും. റോഡ് സൈനേജുകളും ഹാന്റ് റെയിലുകളും സ്ഥാപിക്കും. അനുയോജ്യമായ സ്ഥലങ്ങളിൽ ഇരിപ്പിടങ്ങൾ സ്ഥാപിക്കും.

124. നഗരത്തിന്റെ വടക്കേ അതിർത്തികളിലൊന്നായ ചിറ്റൂർ പാലം മുതൽ കിഴക്ക് പൊറ്റക്കുഴി റോഡ് വരെ മൂന്ന് മീറ്റർ വീതിയിൽ 'വാക്‌വേ' പണിത് പുഴയുടെ തീരം സംരക്ഷിക്കും. സഞ്ചാരയോഗ്യമാക്കുകയും സൗന്ദര്യവത്ക്കരിക്കുകയും ചെയ്യും.

125. വടുതല കളത്തിപ്പറമ്പ് റോഡിൽ ബോസ്കോ റോഡിന്റെ പടിഞ്ഞാറു ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമിയും മറ്റുമുൾപ്പെടുന്ന വഞ്ചിക്കടവ് വരെയുള്ള ഭാഗത്ത് ഒരു സൗന്ദര്യവത്ക്കരണ പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കും. ശരിയായ നടപ്പാത, ഇരിപ്പിടങ്ങൾ, സൈനേജ്, ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി തയ്യാറാക്കും.

## സൈക്കിൾ സൗഹാർദ്ദ നഗരം

126. കൊച്ചിയിലെ തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങൾ സൈക്കിൾ, കാൽനടപ്പാതകൾക്ക് അനുയോജ്യമായ വിധത്തിൽ പുനക്രമീകരിക്കും. വ്യായാമത്തിനും ചെറിയ ദൂരം സഞ്ചരിക്കുന്നതിനും ധാരാളം ഇടവഴികളുള്ള കൊച്ചിയിൽ സൈക്കിൾ യാത്ര പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. ഗതാഗതക്കുരുക്ക് കുറക്കുക, വായുമലിനീ

കരണം കുറക്കുക, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക തുടങ്ങിയ വയും സൈക്കിൾ സംസ്ക്കാരത്തിലൂടെ ലഭ്യമാകും. മെട്രോ സ്റ്റേഷനുകളുമായി ബന്ധപ്പെട്ട സൈക്കിൾ ഷെൽട്ടറുകൾ, റോഡ് മാർക്കിംഗുകൾ, സൈക്കിളിനു മാത്രമുള്ള പ്രത്യേക പാതകൾ, സൈക്കിൾ പാർക്കിംഗ് കേന്ദ്രങ്ങൾ എന്നിങ്ങനെ നഗരത്തിൽ സൈക്കിളിംഗിന് അനുകൂലമായ എല്ലാവിധ സൗകര്യങ്ങളും ഒരുക്കും. സ്കൂളുകൾ, കോളേജുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആദ്യ ഘട്ടമായി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും സൈക്കിളുകൾ ഉപയോഗിക്കാനായി പ്രേരിപ്പിക്കുകയും ചെയ്യും.

127. കെ.എം.ആർ.എൽ., കെ.എം.ടി.എ., സി.എസ്.എം.എൽ. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും.

## കനാൽ–കായൽതീര സംരക്ഷണം

128. നമ്മുടെ നഗരത്തിലും പരിസരത്തുമായി ഏകദേശം നൂറ് കിലോമീറ്ററിലധികം റെവന്യൂ റെക്കോർഡ് പ്രകാരം പൊതുഭൂമിയുള്ള കായൽ–കനാൽ തീരങ്ങളുണ്ട്. ശ്രദ്ധക്കുറവിന്റേയും സംരക്ഷണത്തിന്റേയും അഭാവത്തിൽ ഈ തീരങ്ങൾ പലരും അനധികൃതമായി കൈയ്യേറിയവരുടെ മേൽനോട്ടത്തിലാണുള്ളത്. ഈ തീരങ്ങൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിച്ചുകൊണ്ട് ആ തീരങ്ങളിലൂടെ കാൽനടപ്പാതകൾ പണിയുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപംനൽകും.

129. ജി.ഐ.എസ്. മേപ്പിംഗ് നടത്തി സ്ഥലങ്ങൾ വ്യക്തമായി അടയാളപ്പെടുത്തി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയായിട്ടാണ് ഇത് വിഭാവനം ചെയ്യുന്നത്. വിവിധ സർക്കാർ വകുപ്പുകളുടേയും പ്രത്യേകിച്ച് വിനോദസഞ്ചാര വകുപ്പിന്റേയും സഹായത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

## മുഖച്ഛായ മാറുന്ന പനമ്പള്ളിനഗർ

130. മനോരമ ജംഗ്ഷൻ മുതൽ കൊച്ചിൻ ഷിപ്പിയാർഡിന്റെ സ്ഥലത്തു വരെയുള്ള പനമ്പള്ളിനഗർ റോഡും സർവ്വീസ് റോഡുകളും പരിസരവും ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിരവധി തവണ ചർച്ച ചെയ്തതാണ്. കൊച്ചിയിലെ ഏറ്റവും പ്രധാനപ്പെട്ട ഈ നഗരകേന്ദ്രം ഏറ്റവും ആധുനിക രീതിയിൽ ലോകോത്തര ഡിസൈനർമാരുടെ സഹായത്തോടെ രൂപകല്പന ചെയ്യുന്ന ഒരു പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. ബഹു. സംസ്ഥാന സർക്കാർ, പ്രദേശത്ത് താമസിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. ഇന്ത്യയിലെതന്നെ ഏറ്റവും മനോഹരമായ നഗരകേന്ദ്രമായി പനമ്പള്ളി നഗറിനെ മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

131. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഡിസൈനേഴ്സ് ഇന്ത്യ-കേരള ചാപ്റ്ററിന്റെ സഹായത്തോടെ പദ്ധതിയുടെ നടപ്പിലാക്കും.

## സ്ക്വയറുകൾ

132. നഗരത്തിലെ അനുയോജ്യമായ പ്രധാന ഇടങ്ങളിൽ സ്ക്വയറുകളായി രൂപാന്തരപ്പെടുത്തി മഹാന്മാരായ വ്യക്തികളുടെ പേരിൽ നാമകരണം ചെയ്യും. ഈ സാമ്പത്തിക വർഷം ബോട്ട് ജെട്ടിക്ക് സമീപം സ്വാമി വിവേകാനന്ദ സ്ക്വയർ, ഹൈക്കോടതി ജംഗ്ഷനു സമീപം മദർ തേരസ സ്ക്വയർ, മട്ടാഞ്ചേരിയിൽ എം.കെ. രാഘവൻ സ്ക്വയർ, കെ.കെ. വിശ്വനാഥൻ സ്ക്വയർ, എ.എ. കൊച്ചുണ്ണി മാസ്റ്റർ സ്ക്വയർ, ടി.എം. മുഹമ്മദ് സ്ക്വയർ, ടി.എം. അബു സ്ക്വയർ, എം.ജെ. സക്കറിയ സേട്ട് സ്ക്വയർ എന്നീ സ്ക്വയറുകൾ, ഫോർട്ട്കൊച്ചിയിൽ കെ.ജെ. യേശുദാസ് സ്ക്വയർ, ബിഷപ്പ് റവ. ഡോ. ജോസഫ് കുരീത്തറ സ്ക്വയർ, കെ.ജെ. ഹർഷൽ സ്ക്വയർ എന്നീ സ്ക്വയറു

കൾ, തോപ്പുംപടിയിൽ ജോർജ്ജ് ഈഡൻ സ്ക്വയർ, ഇടപ്പള്ളിയിൽ എ.സി. ജോസ് സ്ക്വയർ, പള്ളുരുത്തിയിൽ എം.കെ. അർജുനൻ മാസ്റ്റർ സ്ക്വയർ, ഇ.കെ. നാരായണൻ സ്ക്വയർ എന്നീ സ്ക്വയറുകൾ, വെണ്ണലയിൽ സി.എ. മാധവൻ മാസ്റ്റർ സ്ക്വയർ, എറണാകുളത്ത് എ.എൽ. ജേക്കബ് സ്ക്വയർ, എം.ജി. റോഡിൽ കെ.പി. മാധവൻ നായർ സ്ക്വയർ, ഈയാട്ടുമുക്കിൽ എ.കെ. ശേഷാദ്രി സ്ക്വയർ, പനമ്പള്ളി നഗറിൽ ജസ്റ്റിസ്. കൃഷ്ണയ്യർ സ്ക്വയർ, ജി.സി.ഡി.എ. ജംഗ്ഷനിൽ സഹോദരൻ അയ്യപ്പൻ സ്ക്വയർ തുടങ്ങിയ സ്ക്വയറുകൾ മഹാന്മാരുടെ നാമധേയത്തിൽ തയ്യാറാക്കും.

### ഗാന്ധി സ്ക്വയർ

133. എറണാകുളം ഗാന്ധി സ്ക്വയർ ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗാന്ധി സ്ക്വയർ വികസന പദ്ധതി നടപ്പിലാക്കും.

### വാസ്കോഡഗാമ സ്ക്വയർ

134. ഫോർട്ട്കൊച്ചിയിൽ വിനോദസഞ്ചാര മേഖലയിലുള്ള വാസ്കോഡഗാമ സ്ക്വയറിന്റെ നവീകരണത്തിന് പദ്ധതി തയ്യാറാക്കും.

### സിഗ്നൽ സംവിധാനം

135. സമഗ്ര ഗതാഗത സിഗ്നൽ സംവിധാനം ഒരുക്കും. നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ പുതിയ സിഗ്നൽ സംവിധാനങ്ങൾ സ്ഥാപിക്കുകയും അവ തമ്മിൽ ബന്ധപ്പെടുത്തി വാഹന ഗതാഗതം നിയന്ത്രിക്കുവാനും ഉദ്ദേശിക്കുന്ന ഈ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കും.

136. മുഴുവൻ സിഗ്നൽ സംവിധാനങ്ങളും ഒരു കമാന്റ് ആന്റ് കൺട്രോൾ സംവിധാനത്തിന്റെ കീഴിലാക്കും.

## ഷെയർ-ഇ ഓട്ടോ പദ്ധതി

137. ഷെയർ-ഇ ഓട്ടോകൾ ചെലവു കുറഞ്ഞ പൊതുഗതാഗത മാർഗ്ഗവും കാലഘട്ടത്തിന്റെ ആവശ്യവുമാണ്. സ്മാർട്ട്-സുസ്ഥിര നഗര ഗതാഗത പദ്ധതിയിൽപെടുത്തി (സ്മാർട്ട്-എസ്.യു.ടി.) യു.എൻ. ഹാബിറ്റാറ്റിന്റെ എന്നിവരുടെ സഹകരണത്തോടെ ഷെയർ ഇ-ഓട്ടോ പൈലറ്റ് പദ്ധതി നടപ്പിൽ വരുത്തും. പൈലറ്റ് പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുമുള്ള സാമ്പത്തിക സഹായം സ്മാർട്ട്-എസ്.യു.ടി. പദ്ധതി പ്രകാരം ലഭ്യമാക്കും. പൈലറ്റ് പ്രൊജക്റ്റിനായുള്ള ഇ-ഓട്ടോ റിക്ഷകൾ വാങ്ങുന്നതിനുള്ള സബ്സിഡി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, ജി.ഐ.ഇസെഡ്., യു.എൻ.ഹാബിറ്റാറ്റ് എന്നീ സ്ഥാപനങ്ങൾ സംയുക്തമായും ലഭ്യമാക്കും.

138. ഫോർട്ട്കൊച്ചി, കടവന്ത്ര, ഏളംകുളം എന്നിവടങ്ങളിലെ തെരഞ്ഞെടുത്ത ഓരോ സെന്ററുകളിലായിരിക്കും നൂറ് ഇ-ഓട്ടോകൾ ഉൾപ്പെടുന്ന പ്രസ്തുത പൈലറ്റ് പദ്ധതി നടപ്പിൽവരുത്തുക. ഇ-ഓട്ടോകൾ വാങ്ങുന്നതും ഷെയർ-ഇ ഓട്ടോ പദ്ധതിയുടെ നടത്തിപ്പും ഏറണാകുളം ജില്ലാ ഓട്ടോറിക്ഷ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലുമായിരിക്കും.

139. പൈലറ്റ് പദ്ധതിയുടെ ഗുണ-ദോഷ വിശകലനത്തിന് ശേഷം ഈ മേഖലയിലെ വൻ മുന്നേറ്റം ലക്ഷ്യംവച്ച് 1000-ഇ ഓട്ടോകൾ ഉൾപ്പെടുന്ന കൊച്ചി ഷെയർ-ഇ ഓട്ടോ ബൃഹത്പദ്ധതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നേതൃത്വം നൽകി നടപ്പിലാക്കും.

## പരിസ്ഥിതി സൗഹൃദ യാത്രാ പദ്ധതി

140. പശ്ചിമകൊച്ചിയിൽ 'പരിസ്ഥിതി സൗഹൃദ യാത്രാ പദ്ധതി' നടപ്പിലാക്കും. വിനോദയാത്രാ മേഖലയുടേയും തദ്ദേശവാസികളുടേയും

ആവശ്യപ്രകാരം ഈ ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവയ്പാ യാണ് പശ്ചിമകൊച്ചിക്കായി പരിസ്ഥിതി സൗഹൃദ യാത്രാ പദ്ധതി യുടെ രൂപരേഖ തയ്യാറാക്കിയത്.

141. സ്മാർട്ട്-എസ്.യു.ടി. പദ്ധതിയുടെ ഭാഗമായി നടത്തിയ വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പശ്ചിമകൊച്ചിയിൽ ഒന്ന് മുതൽ ഇരുപത്തിയെട്ട് വരെയുള്ള വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തേ ക്കായി ദീർഘകാലടിസ്ഥാനത്തിൽ ചെയ്യേണ്ട ആസൂത്രണ പദ്ധതി കളുടെ വിശദമായ നയരേഖയും പ്രവർത്തന രൂപരേഖയും പൂർത്തീ കരണഘട്ടത്തിലാണ്. പ്രസ്തുത റിപ്പോർട്ട് അടിസ്ഥാനമാക്കി പശ്ചിമ കൊച്ചിയിൽ അഞ്ച് ഡെമൻസ്ട്രേഷൻ പദ്ധതികൾ നടപ്പിലാക്കും. പ്രസ്തുത രൂപരേഖയനുസരിച്ച് സ്മാർട്ട് സിറ്റീസ് പദ്ധതി പ്രദേശ ത്തിന് പുറത്തുള്ള സ്ഥലങ്ങളിലേയും റോഡുകൾ ബന്ധപ്പെടുത്തി എല്ലാ തെരുവുകളും അധുനികവത്ക്കരിക്കാനുള്ള ഡിസൈൻ ടെംപ്ലേറ്റ് നിർമ്മിക്കും.

142. വിനോദ സഞ്ചാരികൾക്കും തദ്ദേശ വാസികൾക്കും ഉപകാരപ്രദമായ രീതിയിൽ സിറ്റി റോഡ് നെറ്റ് വർക്ക് മേപ്പുകളും ഫോർട്ട്കൊച്ചി- മട്ടാഞ്ചേരി പ്രദേശത്തിന്റെ വിശദമായ റോഡ് നെറ്റ്വർക്ക്, ടൂറിസം ഡെസ്റ്റിനേഷൻ മേപ്പുകൾ എന്നിവ നിർമ്മിക്കും.

143. എല്ലാ പ്രധാന ടൂറിസം സ്ഥലങ്ങളേയും ഹെറിറ്റേജ് സൈറ്റുകളേയും സ്കൂളുകളേയും മറ്റ് പൊതു സ്ഥലങ്ങളേയും ബന്ധിപ്പിക്കുന്ന രീതിയിൽ വീതികുറഞ്ഞ പ്രധാനപാതകൾക്ക് സമാന്തരമായി നടപാത കളും സൈക്കിൾ പാതകളും കണ്ടെത്തി മേപ്പിൽ അടയാളപ്പെടു ത്തും. ഇത്തരം പാതകളുടെ സുഗമവും സുസ്ഥിരവുമായ ഉപയോഗ ത്തിന് പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തും. പ്രധാന സ്ഥലങ്ങ ളെ ബന്ധിപ്പിച്ച് ഷെയർ ഇ-ഓട്ടോ സൗകര്യം ഒരുക്കും. പരിസ്ഥിതി സൗഹൃദ ഗതാഗത പ്രോത്സാഹനത്തിനായി ബോധവത്ക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

## നോർത്ത്-സൗത്ത് കൊറിഡോർ

144. ബഹു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയവും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്ന 'മൊബിലൈസ് യുവർ സിറ്റി' പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം നോർത്ത് റെയിവേ സ്റ്റേഷനേയും സൗത്ത് റെയിൽവെ സ്റ്റേഷനേയും ബന്ധിപ്പിക്കുന്ന ഒരു പരിസ്ഥിതി സൗഹൃദ ഇടനാഴി രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ ഫ്രഞ്ച് ഡെവലപ്മെന്റ് ഏജൻസി (എ.എഫ്.ഡി.) ആയിരിക്കും ഈ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനെ സഹായിക്കുക.

145. കൗൺസിൽ അംഗീകാരത്തോടെ ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഹു. എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡൻ, ബഹു. എറണാകുളം എം.എൽ.എ. ശ്രീ. ടി.ജെ. വിനോദ് എന്നിവരെ ഉൾപ്പെടുത്തി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കും.

## ബസ്സുകളുടെ റൂട്ട് പുനഃക്രമീകരണം

146. മൊബിലൈസ് യുവർ സിറ്റി പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിലെ ഏകദേശം 1500 ഓളം വരുന്ന ബസ്സുകളുടെ റൂട്ട്, സമയം എന്നിവ പുനഃക്രമീകരിക്കും പൊതു ജനങ്ങൾക്കു കൊച്ചി നഗരത്തിൽ മെച്ചപ്പെട്ടതും സുഗമവുമായ പൊതുഗതാഗത സൗകര്യം ലഭ്യമാക്കുന്നത് ലക്ഷ്യംവച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബസ് ഗതാഗത രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളുടേയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.

**മോഡൽ ബസ് ടെർമിനൽ**

147. പെരുമ്പടപ്പിലെ നിർദ്ദിഷ്ട സ്ഥലത്ത് എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ ഒരു മോഡൽ ബസ് ടെർമിനൽ നിർമ്മിക്കും.

**പാലങ്ങൾ**

148. നഗരഗതാഗതം സുഗമമാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മുഴുവൻ പാലങ്ങളുടേയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കും.

149. കല്ലുപാലം-കോന്തുരുത്തിപ്പാലത്തിന്റെ നിലവിലെ പരിമിതികൾ പരിഹരിച്ച് വാഹനങ്ങൾക്ക് തടസ്സമില്ലാതെ പാലത്തിലൂടെ സഞ്ചരിക്കുന്ന രീതിയിൽ പുതുക്കിപ്പണിയും. കോണം പാലത്തിന്റെ നിർമ്മാണം ഉടനടി പൂർത്തീകരിക്കും.

150. കാരണക്കോടം പാലം, ഡയമണ്ട് പാലം, ബി.ടി.എസ്. റോഡിനു കുറുകെയുള്ള പാലം, പഷ്ണിത്തോട് പാലം എന്നിവയ്ക്കായുള്ള സ്ഥലമെടുപ്പും അപ്രോച്ച് റോഡ് നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കും.

**ആർ.ഒ.ബി.**

151. നഗര ഗതാഗതരംഗത്ത് ഏറെ പ്രാധാന്യമുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകളായ വാത്തുരുത്തി ആർ.ഒ.ബി., വടുതല ആർ.ഒ.ബി., അറ്റ്ലാന്റിസ് ആർ.ഒ.ബി. എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകളും തീരുമാനങ്ങളും ഉണ്ടായിരുന്നുവെങ്കിലും നിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ പുരോഗതി ഉണ്ടായിട്ടില്ല എന്നത് വസ്തുതയാണ്. ഈ സാഹചര്യത്തിൽ സുപ്രധാനമായ ഈ മൂന്ന് ആർ.ഒ.ബി.കളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക്

പ്രത്യേക ഊന്നൽ നൽകി പ്രവർത്തിക്കും. ബഹു. എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.മാരായ ശ്രീ. ടി.ജെ. വിനോദ്, ശ്രീ. കെ.ജെ. മാക്സി, ശ്രീ. ജോൺ ഫേർണാണ്ടസ് എന്നിവരുടെ നേതൃത്വത്തിൽ ആർ.ഒ.ബി.കളുടെ നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തും.

## ഫുട്ട് ഓവർ ബ്രിഡ്ജ്

152. സ്മാർട്ട് സിറ്റീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പശ്ചിമകൊച്ചിയിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള വാർഡുകളിലുള്ള കനാലുകൾക്ക് മീതെ ഫുട്ട്ഓവർ ബ്രിഡ്ജുകളും ചെറുപാലങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

## ജംഗ്ഷനുകൾ

153. നഗരത്തിലെ പ്രധാന ജംഗ്ഷനുകളുടെ ശാസ്ത്രീയമായ സൗന്ദര്യവൽക്കരണം കഴിഞ്ഞ എല്ലാ കൗൺസിലുകളുടേയും പ്രധാന അജണ്ടകളിലൊന്നായിരുന്നെങ്കിലും വളരെ ചെറിയ പുരോഗതിയേ ഈ പ്രധാന വിഷയത്തിൽ നേടാൻ സാധിച്ചിട്ടുള്ളൂ. നഗരകേന്ദ്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനുകളുടെ സൗന്ദര്യവൽക്കരണം പി.പി.പി. അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. ഓരോ ജംഗ്ഷനും ശാസ്ത്രീയമായി ഡിസൈൻ ചെയ്ത് ട്രാഫിക് ഫ്ളോ മാനേജ്മെന്റ് അടക്കം ഉൾപ്പെടുത്തി സൗന്ദര്യവൽക്കരിക്കുന്ന പദ്ധതിക്ക് പൊതു മേഖലയിലേയും സ്വകാര്യമേഖലയിലേയും സ്ഥാപനങ്ങളുടെ സഹായം തേടും.

154. ഈ രീതിയിൽ ഈ വർഷം ഓൾഡ് തോപ്പുംപടി ജംഗ്ഷൻ, വില്ലിംഗ്ടൺ ഐലന്റ് ജംഗ്ഷൻ, വെണ്ണല ഹൈസ്ക്കൂൾ ജംഗ്ഷൻ, എളംകുളം ജംഗ്ഷൻ, തേവര ജംഗ്ഷൻ, പള്ളത്തുരാമൻ ജംഗ്ഷൻ, പള്ളിമുക്ക് ജംഗ്ഷൻ, പാലാരിവട്ടം ജംഗ്ഷൻ, മാധവഫാർമസി

ജംഗ്ഷൻ, മനോരമ ജംഗ്ഷൻ, രവിപുരം ജംഗ്ഷൻ, കലൂർ ജംഗ്ഷൻ, എളംകുളം ജംഗ്ഷൻ, എസ്.എ.റോഡ് ജംഗ്ഷൻ, വളഞ്ഞമ്പലം ജംഗ്ഷൻ, കുമാരനാശാൻ ജംഗ്ഷൻ, കടവന്ത്ര ജംഗ്ഷൻ, കച്ചേരിപ്പടി ജംഗ്ഷൻ, കതൃക്കടവ് ജംഗ്ഷൻ, കെ.കെ. റോഡ് ജംഗ്ഷൻ, കെ.ടി.ഡി.സി. ജംഗ്ഷൻ, വൈറ്റില ജംഗ്ഷൻ, ഹൈക്കോടതി ജംഗ്ഷൻ, ഫോർട്ട്കൊച്ചി ബസ് സ്റ്റാന്റ് ഏരിയ, ജോസ് ജംഗ്ഷൻ, തോപ്പുംപടി ജംഗ്ഷൻ ബി.ഒ.ടി., പള്ളുരുത്തി കച്ചേരിപ്പടി ജംഗ്ഷൻ, തമ്മനം ജംഗ്ഷൻ എന്നീ ജംഗ്ഷനുകൾ നവീകരിക്കും.

## പാർക്കിംഗ്

155. വാഹനങ്ങളുടെ പാർക്കിംഗുമായി ബന്ധപ്പെട്ട് നഗരം നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗ്ഗമെന്ന നിലയിൽ നഗരത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തും. എം.ജി. റോഡ്, രവിപുരം, തേവര, തോപ്പുംപടി, കലൂർ, കടവന്ത്ര, വൈറ്റില, ഇടപ്പള്ളി, പേട്ട, ഹൈക്കോടതി ജംഗ്ഷൻ അടക്കമുള്ള നഗരത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി കൾ സ്വീകരിക്കും.

156. കച്ചേരിപ്പടി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്ഥലത്ത് കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സഹായത്തോടെയും മറ്റ് പ്രധാന കേന്ദ്രങ്ങളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നഗരത്തിലെ പാർക്കിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണും. മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ആവശ്യമുള്ള കൂടുതൽ സ്ഥലങ്ങൾ ശാസ്ത്രീയമായ പഠനത്തിലൂടെ കണ്ടെത്തുന്നതിന് 'സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തും.

## എം.ജി. റോഡിൽ മൾട്ടിലെവൽ പാർക്കിംഗ്

157. സെന്റർ സ്ക്വയർ മാളിന് എതിർവശത്തായി സ്ഥിതിചെയ്യുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വക സ്ഥലത്ത് ഒരു മൾട്ടിലെവൽ പാർക്കിംഗ് സംവിധാവും എറ്റവും ആധുനിക രീതിയിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രവും നിർമ്മിക്കും. ബി.ഒ.ടി അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കും. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തും.

158. ഗതാഗതരംഗവുമായി ബന്ധപ്പെട്ട് മേൽ വിവിരിച്ച മുഴുവൻ പദ്ധതികൾക്കുമായി കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും തനത് ഫണ്ടിലൂടെയും മുന്നൂറ് കോടി രൂപ ചെലവഴിക്കും.

## വാട്ടർ മെട്രോ

159. കൊച്ചി നഗരത്തിലെ ജലഗതാഗത സംവിധാനവുമായി ബന്ധപ്പെട്ട് ഏറെ പ്രതീക്ഷ നൽകുന്ന വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗതിക്കുന്നുണ്ട്. നിലവിൽ വൈറ്റില, കാക്കനാട് എന്നീ ജെട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹൈക്കോർട്ട്, മട്ടാഞ്ചേരി, ബോൾഗാട്ടി, വൈപ്പിൻ എന്നീ സ്ഥലങ്ങളിലെ ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മുപ്പത്തിമൂന്ന് ജെട്ടികളും എഴുപത്തിയെട്ട് ബോട്ടുകളും സർവ്വീസിന്റെ ഭാഗമായുണ്ടാകും. പദ്ധതിയുടെ ഭാഗമായി ആദ്യ ബോട്ട് സർവ്വീസ് ഈ വർഷം നവംബറിൽ സർവ്വീസ് നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

160. വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. എല്ലാ പിന്തുണയും നൽകിക്കൊണ്ട് ഈ പദ്ധതിയുടെ

പൂർത്തീകരണത്തിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നേതൃത്വം നൽകും.

## റോ–റോ എസ്.പി.വി.

161. നിരന്തരമായ ശ്രമങ്ങളുടെ ഫലമായി ഫോർട്ട്കൊച്ചി-വൈപ്പിൻ റോ–റോ സർവീസിന്റേയും ബോട്ട് സർവ്വീസിന്റേയും നടത്തിപ്പിനായി ഒരു 'സ്പെഷൻ സർവ്വീസ് വെഹിക്കിൾ' രൂപീകരിക്കുന്നതിനുള്ള ബഹു. സംസ്ഥാന സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. പൂർണ്ണമായും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഈ എസ്.പി.വി.യുടെ നിയമപരമായ രേഖകളും പ്രവർത്തനമാനദണ്ഡങ്ങളും തയ്യാറാക്കേണ്ടതുണ്ട്. എസ്.പി.വി.യുടെ നടത്തിപ്പിനായി ഡയറക്ടർമാരെ തിരഞ്ഞെടുക്കേണ്ടതും എസ്.പി.വി. നടത്തിപ്പ് സംബന്ധിച്ചുള്ള മാർഗ്ഗരേഖയും മറ്റ് പ്രവർത്തന രീതികളും തയ്യാറാക്കുന്നതിനും യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കും. ആയതിൽ ഏറ്റവും അഭികാമ്യമായത് തിരഞ്ഞെടുക്കും. എസ്.പി.വി. രൂപീകരണം രണ്ട് മാസത്തിനകം പൂർത്തീകരിക്കും.

162. റോ–റോ എസ്.പി.വി. രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ബജറ്റിൽ ഇരുപത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## റോ–റോ സർവ്വീസ് 24 മണിക്കൂർ

163. ഫോർട്ട്കൊച്ചി-വൈപ്പിൻ റോ–റോ സർവ്വീസ് 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ആവശ്യമായ എല്ലാ ജീവനക്കാരേയും നിയമിക്കും. കൂടുതൽ പേരെ പരിശീലിപ്പിക്കും.

## റോ–റോ ലാഭത്തിൽ

164. റോ–റോ നടത്തിപ്പിനായി കേരള ഇൻലാന്റ് നാവിഗേഷൻ കോപ്പറേഷനുമായി ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ലാഭവിഹിതമായി ഇരുപത്തയെട്ട് ലക്ഷം രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കുന്നതാണ്. മൊത്തം ലാഭവിഹിതമായ 31,230,86 രൂപയിൽ നിന്ന് ഫോർട്ട് ക്യൂൻ ബോട്ടിന്റെ നടത്തിപ്പിലുണ്ടായ നഷ്ടമായ 3,25,475 രൂപ കിഴിച്ച് 27,98,393 രൂപയാണ് കെ.എസ്.ഐ.എൻ.സി. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് നൽകുക..

## മുതിർന്ന പൗരൻമാർക്ക് സൗജന്യ നിരക്ക്

165. ഫോർട്ട്കൊച്ചി-വൈപ്പിൻ റോ–റോ സർവ്വീസിലും ബോട്ട് സർവ്വീസിലും മുതിർന്ന പൗരന്മാരായ വനിതകൾക്കും അംഗപരിമിതർക്കും സൗജന്യ യാത്രാ സൗകര്യം അനുവദിക്കും. ആറ് വയസ്സിനു താഴെയുള്ള കുട്ടികൾക്കും ഈ സൗജന്യ യാത്രാ ഇളവ് അനുവദിക്കും.

## പുതിയ റൂട്ടിൽ റോ–റോ സർവ്വീസ്

166. എറണാകുളം ഹൈക്കോർട്ട് ബോട്ട് ജെട്ടിയേയും ഫോർട്ട്കൊച്ചിയേയും ബന്ധിപ്പിച്ചുകൊണ്ട് റോ–റോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാന ജലഗതാഗത വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചിൻ ഷിപ്പ്യാർഡ്, കെ.എസ്.ഐ.എൻ.സി. എന്നീ സ്ഥാപനവുമായി സഹകരിച്ച് പദ്ധതി പ്രവർത്തനം ആരംഭിക്കും. വാട്ടർ മെട്രോ പദ്ധതിയുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

167. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി ബജറ്റിൽ എട്ട് കോടി രൂപ നീക്കിവെക്കും.

## റോ–റോ ജെട്ടി

168. ഫോർട്ട്കൊച്ചി റോ-റോ- ജെട്ടിയും പരിസരവും സൗന്ദര്യവൽക്കരിക്കുന്നതിനും ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനും കാൽനടയാത്രക്കായി കൂടുതൽ സൗകര്യം സൃഷ്ടിക്കുന്നതിനും സുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനുമായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കും. ഈ പദ്ധതിയുടെ ഡിസൈൻ, പദ്ധതി രേഖ എന്നിവ മൂന്ന് മാസത്തിനകം തയ്യാറാക്കും. പദ്ധതിയുടെ ഭാഗമായി ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ ആധുനിക രീതിയിലുള്ള സൈനേജുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കും. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സഹായത്തോടെ ട്രാൻസ്ഫോർമേറ്റീവ് അർബൻ മൊബിലിറ്റി ഇനീഷിയേറ്റീവിന്റെ ഭാഗമായി വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. സി.എസ്.എം.എൽ. ഉം സി–ഹെഡും പദ്ധതിയുടെ കോ–ഓർഡിനേഷൻ ചുമതല നിർവ്വഹിക്കും.

## ഖരമാലിന്യം–പുതിയ മാനേജ്മെന്റ് പ്ലാൻ

169. നഗരത്തിലെ മാലിന്യ ഉല്പാദനവും ശേഖരണവും നീക്കവും സംസ്ക്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് കൃത്യമായ ആസൂത്രണത്തിലൂടെ കുറ്റമറ്റതായ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കും. ഓരോ വ്യക്തിയും സ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനുള്ള കൃത്യമായ പരിപാടികൾ മുതൽ ഉല്പാദകർ തന്നെ പ്ലാസ്റ്റിക്ക് അടക്കമുള്ള ഉല്പന്നങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെയുള്ള വിശദമായ പദ്ധതിയായിരിക്കും ഇതിന്റെ ഭാഗമായി തയ്യാറാക്കുക.

170. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ഏഴ് സോണുകളിൽ ശാസ്ത്രീയമായ റീജിയണൽ കളക്ഷൻ സംവിധാനങ്ങളൊരുക്കി അവിടെ നിന്ന്

കവചിത വാഹനങ്ങളിൽ മാത്രം ബ്രഹ്മപുരത്തേക്ക് മാലിന്യം കൊണ്ടുപോകുന്നതിനുള്ള സംവിധാനം ഒരുക്കും. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വളരെ കാര്യക്ഷമമായി ട്രൈ സൈക്കിളുകളിലും ചെറിയ വാഹനങ്ങളിലും കളക്ഷൻ സെന്ററു കളിൽ മാലിന്യം എത്തിക്കുന്ന സംവിധാനം ഒരുക്കും. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനും റീജിയണൽ കളക്ഷൻ സെന്ററുകളിൽ നിന്ന് മാലിന്യം ബ്രഹ്മപുര ത്തേക്ക് കൊണ്ടു പോകുന്നതിനും കൃത്യമായ സമയക്രമവും റൂട്ട് പ്ലാനുകളും തയ്യാറാക്കും.

171. മാലിന്യനീക്കത്തിന് ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങൾക്കും ട്രാക്കിംഗ് സംവിധാനവും മോണിറ്ററിംഗ് സംവിധാനവും ഒരുക്കും. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട യാതൊരു പരാതിക്കും ഇടവരാത്തരീതിയിലുള്ള ശാസ്ത്രീയമായ ഈ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് കേരള സംസ്ഥാന ശുചിത്വ മിഷന്റെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധ സ്ഥാപനങ്ങളുടേയും സഹായം തേടും. ഈ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായി മൂന്ന് മാസത്തി ലൊരിക്കൽ സോൺ അടിസ്ഥാനത്തിൽ റിവ്യൂ മീറ്റിംഗ് നടത്തും. മൂന്ന് മാസത്തിലൊരിക്കൽ സോൺ അടിസ്ഥാനത്തിൽ ക്ലീനിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

172. നിലവിലുള്ള ‘സോളിഡ് വേയ്സ്റ്റ് ഹാൻഡ്ലിംഗ് റൂളി’ലുള്ള നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് പുതിയ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗ മാക്കും. ഇത്തരത്തിൽ സമഗ്രവും ശാസ്ത്രീയവുമായ മാനേജ്മെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറി ക്കൊണ്ട് കൊച്ചിയെ ഒരു പൂർണ്ണ ശുചിത്വ നഗരമാക്കി മാറ്റും.

## സ്വകാര്യവത്കരണം

173. നഗരത്തിലെ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽനിന്നും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള മാലിന്യശേഖരണവും നീക്കവും സ്വകാര്യവൽക്കരിക്കും. മാലിന്യം തൂക്കത്തിനനുസരിച്ച് ശേഖരിക്കുന്നതിനും അതിന്റെ ഫീസ് പിരിക്കുന്നതിനുമുള്ള ചുമതലയാണ് ടെൻഡർ ചെയ്ത് സ്വകാര്യകമ്പനികൾക്ക് നൽകുക. മുഴുവൻ കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ, കല്യാണമണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവയടക്കമുള്ള എല്ലാ വാണിജ്യവ്യവസായ സ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും ഈ പദ്ധതിയുടെ കീഴിൽവരും. ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ചുമതല സെക്രട്ടറിക്ക് നൽകും.

## ബ്രഹ്മപുരം പ്ലാന്റ്

174. ബഹു. സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ ബ്രഹ്മപുരത്ത് നിർമ്മിക്കുന്ന വെയ്സ്റ്റ് ടു എനർജി പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ എൻവയോൺമെന്റ് ക്ലിയറൻസ് 2019 ഒക്ടോബർ മാസം തന്നെ ലഭ്യമായിട്ടുണ്ട്. ഇതടക്കം പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമായ എല്ലാ അനുമതികളും ഇതിനകം തന്നെ ലഭ്യമായിട്ടുണ്ട്. പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് 2019 ജൂണിൽ കമ്പനിയും കെ.എസ്.ഇ.ബി. യും തമ്മിൽ കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലത്ത് നിലവിലുള്ള കെ.എസ്.ഇ. ബി. വൈദ്യുതി ടവറുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്.

175. ഭൂമിയുടെ പാട്ടക്കരാറുമായി ബന്ധപ്പെട്ട് 2020 ജനുവരിയിൽ ബഹു. സംസ്ഥാന സർക്കാരിൽ നിന്ന് കമ്പനിയുമായി കരാറിൽ എത്തണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കമ്പനി ഇതിനകം തന്നെ പ്ലാന്റ് നിർ

മ്മാണത്തിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹു. സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരമുള്ള ലീസ് എഗ്രിമെന്റ് ഒപ്പിടുന്നതോടുകൂടി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിക്കും. നിലവിലുള്ള പ്ലാന്റ് നവീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കും. പുതിയ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

## പ്ലാന്റ് നവീകരണം

176. നിലവിലുള്ള പ്ലാന്റ് പുതുക്കിപ്പണിയുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കും അടിസ്ഥാന സൗകര്യവികസനത്തിനുമായി പദ്ധതി നടപ്പിലാക്കും.

## ഇലക്ട്രിക് വാഹനങ്ങൾ

177. ലൈസൻസും രജിസ്ട്രേഷനും ആവശ്യമില്ലാത്ത ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം മാലിന്യനീക്കത്തിന് ഏറെ സഹായകരമായിരിക്കും. ആയതിന്റെ അടിസ്ഥനത്തിൽ ഇത്തരത്തിലുള്ള കൂടുതൽ വാഹനങ്ങൾ ഉപയോഗിച്ചുകൊണ്ട് മാലിന്യ നീക്കം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## കൊച്ചി ക്ലീനപ്പ് ആപ്പ്

178. നഗരത്തിലെ മാലിന്യം ഇന്നും പൂർണ്ണമായും പരിഹരിക്കാനാവാത്ത പ്രശ്നമാണ്. നഗരത്തിലുടനീളം റോഡുകളുടെയും കെട്ടിടങ്ങളുടെയും കനാലുകളുടെയും ചുറ്റളവിൽ ധാരാളം മാലിന്യങ്ങൾ ഉണ്ടാകാറുണ്ട്. ഇതൊരു പൊതു ആരോഗ്യ പ്രശ്നം മാത്രമല്ല, പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രശ്നം കൂടിയാണ്. നഗരവാസികളുടെ

പരിപൂർണ്ണമായ സഹകരണം കൊണ്ടു മാത്രമേ മാലിന്യപ്രശ്നം അതിന്റെ അടിസ്ഥാനതലത്തിൽ നമുക്ക് പരിഹരിക്കാനാകു.

179. അതിനായി കെ.എം.സി. 'കൊച്ചി ക്ലീനപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് വികസിപ്പിച്ച് മാലിന്യശേഖരണം അതിലൂടെ ഏകോപിപ്പിക്കും. കൊച്ചി നിവാസികൾക്ക് നഗരത്തിൽ അശ്രദ്ധമായി കിടക്കുന്ന മാലിന്യങ്ങളുടെ ചിത്രമെടുക്കാനും ലൊക്കേഷൻ സഹിതം ഈ ആപ്പിലൂടെ കെ.എം.സി.യുടെ ശ്രദ്ധയിലെത്തിക്കാനുമാകും. നിശ്ചിത സമയപരിധിക്കുള്ളിൽ ചൂണ്ടിക്കാണിക്കപ്പെട്ട മാലിന്യം മാറ്റി പരിഹരിക്കുന്നതാണ്. കൂടുതൽ മാലിന്യ പ്രശ്നം ഒരേ പരിധിയിൽ നിന്നും വരുന്ന മുറക്ക് ഉദ്യോഗസ്ഥർക്ക് താമസക്കാരുടെയോ അടുത്തുള്ള സ്കൂളുകളുടെയോ കോളേജുകളുടെയോ പങ്കാളിത്തത്തോടെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കും.

## എറോബിക് കമ്പോസ്റ്റിംഗ് സിസ്റ്റം

180. ഫോർട്ട്കൊച്ചി ബസ് ടെർമിനൽ, വൈപ്പിൻ ബസ് ടെർമിനൽ, വൈറ്റില മൊബിലിറ്റി ഹബ്, പെരുമ്പടപ്പ് ബസ് ടെർമിനൽ, ഇടക്കൊച്ചി ബസ് ടെർമിനൽ, കലൂർ ബസ് ടെർമിനൽ, കെ.എസ്.ആർ. ടിസി. ബസ് ടെർമിനൽ തുടങ്ങി എല്ലാ പൊതുഗതാഗത കേന്ദ്രങ്ങളിലും എറോബിക് കമ്പോസ്റ്റിംഗ് സംവിധാനം സ്ഥാപിക്കും. ഇതിന്റെ പരിപാലനത്തിന് ഒരു സ്പെഷൽ ഓഫീസറെ നിയമിക്കും.

## വയർലെസ് സംവിധാനം

181. നഗരത്തിലെ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം നമ്മുടെ ഹെൽത്ത് വകുപ്പിലെ ഉദ്യോഗസ്ഥരാണ്. നിരവധിയായ വിഷയങ്ങളാണ് ഇവർ ദൈനംദിനം കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഈ പശ്ചാത്തലത്തിൽ ഇവരുടെ സേവനം ഫലപ്രഥമാക്കുന്നതിന് എല്ലാ ഹെൽത്ത് ഇൻസ്പെക്ടർ

മാർക്കും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും പോലീസ് അനുമതിയോടെ അനുവദനീയമായ ഫ്രീക്വൻസിയോടുകൂടിയ വയർലെസ്സ് ഉപകരണങ്ങൾ നൽകും. ഇതിനുള്ള 'കമാന്റ് ആന്റ് കൺട്രോൾ' സംവിധാനം ഏർപ്പെടുത്തും.

### തൊഴിലാളികൾക്ക് യൂണിഫോം

182. നഗരത്തിലെ കണ്ടിജന്റ് ജീവനക്കാർ അടക്കമുള്ള മാലിന്യ നിർമ്മാർജ്ജനരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാർക്കും യൂണിഫോം, ആവശ്യമായ കൈയ്യുറകൾ, ബൂട്ടുകൾ, മാസ്ക്കുകൾ എന്നിവ അടക്കമുള്ള എല്ലാ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഒരുക്കും.

183. തനത് ഫണ്ടും കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടേയും മാലിന്യ സംസ്ക്കരണ രംഗത്തെ പ്രവർത്തനങ്ങൾക്കായി ഇരുപത് കോടി രൂപ ചെലവഴിക്കും.

### പ്ലാസ്റ്റിക് നിരോധനം

184. നമ്മുടെ സംസ്ഥാനത്തെ പ്ലാസ്റ്റിക്ക് വിമുക്തമാക്കാനുള്ള ബഹു. സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടുകൂടിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. നമ്മുടെ തലമുറയുടേയും ഭാവി തലമുറയുടേയും ഭൂമിയുടേയും പ്രകൃതിയുടേയും ശോഭനമായ ഭാവി ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയെ കെ.എം.സി. പൂർണ്ണമായും പിന്താങ്ങുന്നു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളും വ്യക്തികളും ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും പാലിക്കുന്നു എന്നുറപ്പ് വരുത്തും. പ്ലാസ്റ്റിക് ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനായി ശക്തമായ ബോധവൽക്കരണവും നിയമ നടപടികളും സ്വീകരിക്കും. പ്ലാസ്റ്റിക് കവറിന് പകരം സംവിധാനം ഏർപ്പെടുത്തും. കുടുംബശ്രീ, റെസിഡൻസ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ പ്ലാസ്റ്റിക് നിരോധനം വിജയിപ്പിക്കും.

## തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ

185. പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തുണി സഞ്ചി, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. പ്രാദേശിക സാമ്പത്തിക പദ്ധതിയുടെ ഭാഗമായി ഇത്തരം യൂണിറ്റുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകും.

186. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്

187. നഗരത്തിലെ നിലവിലുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് അവ പ്രവർത്തനക്ഷമമാക്കും. എല്ലാ സോണൽ ഓഫീസുകൾക്കും കീഴിലായി പുതിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. ക്രഡായ്, ക്ലീൻ സിറ്റി അടക്കമുള്ള സ്ഥാപനങ്ങളുടെ സഹകരണം തേടും.

188. പി.പി.പി മോഡലിൽ പദ്ധതി നടപ്പിലാക്കും.

## ശുചിത്വ കേരളം പദ്ധതി

189. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി 'സമ്പൂർണ്ണ ശുചിത്വ നഗരം' പദവി നേടുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും. മാലിന്യങ്ങൾ സ്രോതസ്സിൽ തന്നെ വേർതിരിക്കാനും നിരത്തുകൾ പൂർണ്ണ ശുചിത്വത്തോടെ പരിപാലിക്കുവാനും വീടുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപി

ക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കും. ഇതിനായുള്ള ഫണ്ട് വിവിധ പ്രോജക്ടുകളിലുൾക്കൊച്ചുകൊണ്ട് കണ്ടെത്തും.

## സുവറേജ് സംവിധാനം

190. പൂർണ്ണമായ സുവറേജ് സംവിധാനം ഇല്ലാതെ എങ്ങനെയാണ് നമ്മുടെ നഗരത്തിന് ശുചിത്വപൂർണ്ണവും സുരക്ഷിതവുമായ ഒരു നഗരമായി നിലനിൽക്കാൻ കഴിയുക എന്ന കാര്യത്തിൽ ഈ കൗൺസിലിനുള്ള ആശങ്ക ഞാൻ ഇവിടെ പങ്കുവെക്കുന്നു. ആരോഗ്യകരമായ ഒരു ചുറ്റുപാടാണ് നാം എല്ലാവരും ആഗ്രഹിക്കുന്നത്. ഒരു നഗര സാഹചര്യത്തിൽ ശാസ്ത്രീയമായ മലിനജല നിർമ്മാർജ്ജന സംവിധാനം ആരോഗ്യകരമായ നിലനില്പിന് അത്യന്താപേക്ഷിതമാണ്. എത്ര സാങ്കേതികമേന്മ ഉണ്ടായാലും സെപ്റ്റിക് ടാങ്കുകളിലൂടെയുള്ള മാലിന്യത്തിന്റേയും മലിനജലത്തിന്റേയും നിർമ്മാർജ്ജനം സുരക്ഷിതമല്ല എന്ന് നമുക്ക് അറിയാവുന്നതാണ്. നമ്മുടെ കാനകളും തോടുകളും ഏറെ പരിതാപകരമായ അവസ്ഥയിൽ ആവുന്നതിനുള്ള പ്രധാന കാരണവും ശാസ്ത്രീയമായ മലിനജല സംസ്ക്കരണത്തിന്റേയും നിർമ്മാർജ്ജനത്തിന്റേയും അഭാവമാണ്. കൊച്ചിയുടെ കൊതുകുകൾ പെരുകുന്നതിനുള്ള ഒരു പ്രധാന കാരണവും ഇതാണ്.

191. ജവഹർലാൽ നെഹ്റു നഷണൽ അർബൻ റിന്യൂവൽ മിഷനിലൂടെ നമുക്ക് ലഭിച്ച വലിയൊരവസരം നാം കളഞ്ഞുകുളിച്ചിട്ടുണ്ട്. നഗരം മുഴുവൻ പൂർണ്ണമായ സുവറേജ് സംവിധാനത്തിന്റെ കീഴിലാക്കുക എന്നത് ഈ കൗൺസിൽ ഏറ്റെടുക്കേണ്ട ചുമതലകളിലൊന്നാണ്. ആയതിനുള്ള നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനം ഈ കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു. 94.88 സ്ക്വയർ കിലോമീറ്റർ ഏരിയയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി നഗരത്തിനെ മുഴുവനായി ആധുനികവും ശാസ്ത്രീയവുമായ ഒരു സുവറേജ് സംവിധാനം നടപ്പിലാക്കാനുതുന്ന രീതിയിലുള്ള ഒരു വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്ന

തിനും ബഹു. കേന്ദ്ര-സംസ്ഥാന സർക്കാർ എന്നിവരുടെ സഹായം തേടും.

## സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

192. ടോയ്‌ലറ്റ് മാലിന്യ-മലിനജല സംസ്ക്കരണത്തിനായി എളംകുളത്ത് പുതിയ സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

193. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന്ന് 16.5 കോടി രൂപ ചെലവഴിക്കും.

## സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - പടിഞ്ഞാറ് കൊച്ചി

194. വീടുകളും സ്ഥാപനങ്ങളും അടക്കമുള്ള എല്ലാ കെട്ടിടങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് എഴുപത്തിമൂന്ന് കിലോമീറ്ററോളം നീളമുള്ള ടോയ്‌ലറ്റ് മാലിന്യ-മലിനജലശേഖരണ ശൃംഖലയും 6.5 എം.എൽ.ഡി. മാലിന്യ സംസ്ക്കരണ ശേഷിയുള്ള പ്ലാന്റും സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി സി.എസ്.എം.എൽ. ന്റെ സഹായത്തോടെ പശ്ചിമ കൊച്ചിയിൽ സ്ഥാപിക്കും. ടൂറിസം മേഖലയും കൊച്ചിയിൽ ഏറ്റവും കൂടുതൽ പേർ തിങ്ങിപ്പാർക്കുകയും ചെയ്യുന്ന ഒന്നു മുതൽ അഞ്ച് വരെയുള്ള വാർഡുകളിലെ ടോയ്‌ലറ്റ് മാലിന്യ-മലിനജല സംസ്ക്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നതോടെ പരിഹരിക്കപ്പെടും. ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം അനുവദിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഈ സൂത്രധാരാ പദ്ധതി നടത്തിപ്പിന് സ്ഥലം അനുവദിച്ച് നൽകിയ കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ ഞാനീയവസരത്തിൽ അഭിനന്ദിക്കുന്നു.

195. നൂറ്റിയറുപത്തിയാറ് കോടിയോളം രൂപ ചെലവഴിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി നമ്മുടെ വരാനിരിക്കുന്ന തലമുറയുടെ

ഭാവിയോർത്തെങ്കിലും നഷ്ടപ്പെടാതിരിക്കുവാൻ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

## വികേന്ദ്രീകൃത സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

196. ജി.ഐ.ഇസെഡിന്റെ സാങ്കേതിക സഹായത്തോടെ ഇടക്കൊച്ചി 15, 16, 17 വാർഡുകളിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത സൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റീ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ടെണ്ടറുകൾ 2020 മാർച്ച് മാസം പത്താം തീയ്യതി തുറക്കുകയും ചെയ്തിട്ടുണ്ട്. ഈ ബിഡുകളുടെ പരിശോധന ഇപ്പോൾ നടന്നുവരികയാണ്. ഈ പരിശോധന പൂർത്തിയാക്കി ഈ സാമ്പത്തിക വർഷം തന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും.

197. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നാല്പത്തിയഞ്ച് കോടിയോളം രൂപ ഈ പദ്ധതിക്കായി ചെലവഴിക്കും.

## സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

198. സെപ്റ്റേജ് ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഏറെക്കുറെ പരിഹാരം കാണുന്നതിന് സാധിച്ചു. ബ്രഹ്മപുരത്ത് നിലവിലുള്ള പ്ലാന്റിന്റേയും വെല്ലിംഗ്ടൺ ഐലന്റിൽ പുതുതായി പ്രവർത്തനമാരംഭിക്കുന്ന പ്ലാന്റിന്റേയും സുഗമമായ പ്രവർത്തനത്തിനും നടത്തിപ്പിനും ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കും. ആവശ്യമായ ജീവനക്കാരെ നിയമിക്കും. സെപ്റ്റേജ് മാലിന്യം ജലാശയങ്ങളിലോ പൊതു സ്ഥലങ്ങളിലോ നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തും.

## സെപ്റ്റേജ് മാലിന്യം

199. നഗരത്തിലെ എല്ലാ പാർപ്പിട സമുച്ചയങ്ങളിലും ഹൗസിംഗ് കോളനികളിലും വ്യാപാര സമുച്ചയങ്ങളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാ

നം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ, ഖരമാലിന്യ സംസ്ക്കരണത്തിനുള്ള ചെറിയ പ്ലാന്റുകളും നിർബന്ധമാക്കും. എല്ലാ സ്ഥലങ്ങളിലും നിലവിലുള്ള സംവിധാനം പരിശോധിച്ച് ഇവ നിർബന്ധമാക്കാനുള്ള നടപടികൾ സ്വീകരിക്കും. പുതിയ എല്ലാ നിർമ്മാണങ്ങളിലും പൂർണ്ണ ശുചിത്വ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് മാത്രമേ കെട്ടിട അനുമതി നൽകുകയുള്ളൂ.

**കൊതുക് നിവാരണം**

200. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കൊച്ചി നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് നിയന്ത്രണാതീതമായി പെരുകുന്ന കൊതുകുകളാണ്. കൊതുക് ലാർവ്വകളുടെ പ്രജനനത്തിനും പെരുകലിനും അനുയോജ്യമായ നിരവധി സഹചര്യങ്ങളാണ് നാമോരോരുത്തരും അറിഞ്ഞും അറിയാതേയും ഒരുക്കുന്നത്. നമ്മുടെ ഭവനങ്ങളിൽ നിന്നും കാനകളിലേക്കും കനാലുകളിലേക്കും മറ്റ് പൊതു ഇടങ്ങളിലേക്ക് ഒഴുകുന്ന മലിന ജലം തന്നെയാണ് ഇതിന് ഏറ്റവും പ്രധാന കാരണങ്ങളിലൊന്ന്. കൃത്യമായ നീരൊഴുക്കില്ലാതെ കെട്ടിക്കിടക്കുന്ന കാനകളും ഒഴുകാത്ത കനാലുകളും കൊതുകുകൾ പെരുകുന്നതിന് പ്രധാന കാരണങ്ങളാകുന്നുണ്ട്. മാലിന്യ സംസ്ക്കരണത്തിനു സംഭവിക്കുന്ന വീഴ്ച്ചകളും പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്. നമ്മുടെ സമീപനത്തിലും പ്രവർത്തനങ്ങളിലുമുള്ള സമൂലമായ മാറ്റത്തിലൂടെ മാത്രമേ 'കൊതുക് രഹിത' കൊച്ചി എന്ന ലക്ഷ്യത്തിലേക്ക് നാമെത്തുകയുള്ളൂ.

201. പൂർണ്ണമായ സുവറേജ് സംവിധാനമില്ലാത്ത നഗരമെന്ന നിലയിൽ വീടുകളിലുള്ള സെപ്റ്റിക് ടാങ്ക് യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക എന്നതാണ് ആദ്യ പടി. യാതൊരു തരത്തിലുള്ള മലിന ജലമോ-ടോയ്ലെറ്റ് മാലിന്യമോ ഈ യൂണിറ്റുകളിൽ നിന്ന് പുറത്ത് വരുന്നില്ല എന്ന് ഉറപ്പ് വരുത്തേ

ണ്ടത് ഓരോ പൗരന്റേയും ചുമതലയാണ്. ഈ യൂണിറ്റുകളിൽ നിന്നും പുറത്ത് വരുന്ന മലിനജലം ശുദ്ധീകരിക്കുന്നതിന് ചിലവ് കുറഞ്ഞ നിരവധി മാർഗ്ഗങ്ങൾ ലഭ്യമാണ്. അത് ഓരോ ഭവനത്തിലും ഉപയുക്തമാക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ കാനകളും കനാലുകളും പുതുക്കിപ്പണിത് നീരൊഴുക്ക് സുഗമമാക്കേണ്ടത് കൊതുക് നിവാരണത്തിനുള്ള പ്രധാന പ്രതിവിധികളിൽ ഒന്നാണ്. ഇതിനായി നാം നടത്തുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ വിവരിച്ചിട്ടുണ്ട്.

## വെക്ടർ കൺട്രോൾ പ്രോഗ്രാമിന് സ്ഥിരം സംവിധാനം

202. കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് കൊച്ചി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സ്ഥിരവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ അനിവാര്യമാണ്. കൊച്ചിക്ക് ഒരു വെക്ടർ കൺട്രോൾ റിസർച്ച് സെന്റർ എന്ന ആശയം വളരെ പഴയതാണ്. എന്നാൽ നാളിതുവരെയായി ഇത്തരത്തിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. ശ്രീ. സി.എം. ദിനേശ്മണി മേയറായിരുന്ന കൗൺസിൽ കാലത്ത് ഒരു വെക്ടർ കൺട്രോൾ ലാബിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ആയതിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. കൊച്ചിക്കായി ഒരു 'വെക്ടർ കൺട്രോൾ പ്രോഗ്രാം' ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വെക്ടർ കൺട്രോൾ പ്രോഗ്രാമുമായുള്ള സ്ഥാപനങ്ങളുമായും സഹകരിച്ചായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ഈ മേഖലയിൽ ഏറെ പ്രാവീണ്യമുള്ള ഡോ. അശ്വനികുമാർ, ഡോ. കാശിനാഥൻ ഗുണശേഖരൻ, ഡോ. അനിൽ പ്രകാശ് എന്നിവരുടെ സഹായം ഈ പ്രവർത്തനത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവരുടെ വിഗഗ്ദ്ധ മേൽനോട്ടത്തിൽ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം 2020 ഏപ്രിൽ മാസം തന്നെ ആരംഭിക്കും.

## സീസണൽ സ്പ്രേയിംഗ്

203. കൊതുക് നിയന്ത്രണത്തിനായി നിലവിലുള്ള ഫോഗിംഗ് സംവിധാനത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തും. കൊതുകിന്റെ പ്രജനന കാലത്തും കൊതുക് പെരുകുന്ന സീസണുകളിലും കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമായ സീസൺ സ്പ്രേയിംഗിന് സമ്പ്രദായത്തിന് തുടക്കം കുറിക്കും. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങൾ മാറ്റി കൂടുതൽ കാര്യക്ഷമതയും ശാസ്ത്രീയവുമായ സ്പ്രേയിംഗ് മെഷിനുകൾ വാങ്ങും. കെമിക്കൽ സ്പ്രേയിംഗിൽ നിന്നും പരിസ്ഥിതി സൗഹാർദ്ദവും കൂടുതൽ കാര്യക്ഷമവുമായ ജൈവ ലായിനി ഉപയോഗിച്ച് ബയോ സ്പ്രേയിംഗിലേക്ക് ഘട്ടം ഘട്ടമായി മാറ്റും. സ്പ്രേയിംഗിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഒരുക്കും. മുൻ ബജറ്റിൽ പ്രഖ്യാപിച്ച സ്വന്തമായി ബയോലായനി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. പദ്ധതി നടത്തിപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ സേവനം തേടും.

204. കൊതുക് നിവാരണവും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പന്ത്രണ്ട് കോടി രൂപ ചെലവഴിക്കും.

## ടൂറിസം

205. ലോക ടൂറിസം ഭൂപടത്തിൽ കൊച്ചിക്ക് വളരെ സുപ്രധാനമായൊരു സ്ഥാനമാണുള്ളത്. 'ട്രിപ്പ് അഡ്വൈസറിന്റെ' 'ട്രാവലേഴ്സ് ചോയിസ് 2020' കാറ്റഗറിയിൽ 'നമ്പർ വൺ ട്രെൻഡി ഡെസ്റ്റിനേഷൻ ഇൻ ദ വേൾഡ്' ആയി നമ്മുടെ കൊച്ചിയെ തിരഞ്ഞെടുത്തത് ഏറെ അഭിമാനാർഹമാണ്. ഈ പശ്ചാത്തലത്തിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾ നാം ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

## ടൂറിസം മാസ്റ്റർ പ്ലാൻ

206. നിലവിൽ ഏറ്റവും കൂടുതൽ വിദേശീയരും സ്വദേശീയരുമായ വിനോദ സഞ്ചാരികൾ എത്തുന്ന ലോക നഗരങ്ങളിലൊന്നാണ് കൊച്ചി. എന്നാൽ വ്യക്തമായ ഒരു ടൂറിസം മാസ്റ്റർ പ്ലാനിന്റെ അഭാവം ഈ മേഖലയുടെ വികസനത്തെ ബാധിക്കുന്നുണ്ട്. കൊച്ചിയുടെ ടൂറിസവികസനം ലക്ഷ്യമാക്കി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കൗൺസിൽ നേതൃത്വം നൽകും. ടൂറിസ വികസനവുമായി ബന്ധപ്പെട്ട് നഗരത്തിൽ നടത്തേണ്ട അടിസ്ഥാന സൗകര്യ വികസനം, ഡസ്റ്റിനേഷൻ ഡെവലപ്മെന്റ്, വിനോദ സഞ്ചാരികൾ കൂടുതൽ ദിനങ്ങൾ കൊച്ചിയിൽ ചിലവഴിക്കാനുതകുന്ന തരത്തിൽ പുതിയ സംവിധാനങ്ങൾ, സൗന്ദര്യവത്ക്കരണം, കൊച്ചിയിലും സമീപ പ്രദേശങ്ങളിലുള്ള ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് 'സർക്യൂട്ടു'കളുടെ വികസനം തുടങ്ങി എല്ലാ മേഖലകളുമായി ബന്ധപ്പെട്ട സർവ്വതല സ്പർശിയായ മാസ്റ്റർ പ്ലാനായിരിക്കും തയ്യാറാക്കുക. ബഹു. സംസ്ഥാന സർക്കാരിന്റെ വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ചായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

207. ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ടൂറിസം മേഖലയിൽ പ്രത്യേക പദ്ധതി

208. മാലിന്യ ശേഖരണവും നീക്കവുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര മേഖലയായ ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക 'വെയിസ്റ്റ് മാനേജ്മെന്റ്' പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ഹോംസ്റ്റേകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും. പൈതൃക പ്രാധാന്യമുള്ള നിരവധി കെട്ടിടങ്ങളാണ് ഹോംസ്റ്റേ നടത്തിപ്പുമായി ബന്ധപ്പെട്ട് സംരക്ഷിക്ക

പ്പെടുന്നത്. ഈ രീതിയിൽ പൈതൃക സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായുള്ള 'ഹോംസ്റ്റേ' നടത്തിപ്പുകാർക്ക് നികുതി ഇളവ് നൽകി പ്രോത്സാഹനം നൽകുന്നതിന് പകരം കൂടുതൽ നികുതി ചുമത്തുകയാണ് സർക്കാർ ഇപ്പോൾ ചെയ്യുന്നത്. ഇതിന് പരിഹാരം കാണാൻ നേതൃത്വം നൽകും. ടൂറിസം മേഖലയിൽ നൂറ് ശതമാനം സി.സി.ടി.വി ക്യാമറകളടക്കമുള്ള സുരക്ഷാ സംവിധാനങ്ങളൊരുക്കും. ഇ-ഓട്ടോ സംവിധാനവും പ്രി-പെയ്ഡ് ഓട്ടോ സംവിധാനവും ഏർപ്പെടുത്തും.

209. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ അഞ്ച് കോടി രൂപ ചെലവഴിക്കും.

## സ്പൈസ് മ്യൂസിയം

210. സുഗന്ധ വ്യഞ്ജനങ്ങൾക്ക് പുകൾപെറ്റ കൊച്ചിക്ക് ഒരു സ്പൈസ് മ്യൂസിയം വേണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. മുൻ ബജറ്റുകളിലും ഇത്തരത്തിലൊരു മ്യൂസിയം സ്ഥാപിക്കുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഒന്നും തന്നെ ആരംഭിച്ചതായി കണ്ടില്ല. ഈ പശ്ചാത്തലത്തിൽ, കൊച്ചിക്കായി ഒരു സ്പൈസ് മ്യൂസിയം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

211. മട്ടാഞ്ചേരി-ഫോർട്ട്കൊച്ചി പ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബജറ്റിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപ നീക്കിവെക്കും.

## മഹാത്മാ ഗാന്ധി ബീച്ച്

212. പഴയ ലൈറ്റ് ഹൗസ് മുതൽ റോ-റോ ജെട്ടി വരെയുള്ള ഫോർട്ട് കൊച്ചി മഹാത്മാഗാന്ധി ബീച്ചും പരിസര പ്രദേശവും പ്രശസ്തരായ

ഡിസൈനേഴ്സിന്റെ സഹായത്തോടെ ദൃശ്യരൂപകല്പന ചെയ്ത് ലോക നിലവാരത്തിലേക്കുയർത്തുന്ന പദ്ധതി നടപ്പിലാക്കും.

213. പദ്ധതിയുടെ രൂപകല്പനകൾക്കായി ഇരുപത് ലക്ഷം രൂപ നീക്കി വെക്കുന്നു.

### ബീച്ച് സംരക്ഷണം

214. മാലിന്യവും മറ്റ് അവശിഷ്ടങ്ങളും ഫോർട്ട്കൊച്ചി മഹാത്മാഗാന്ധി ബീച്ചിൽ വന്നടിയുന്നത് തടയുന്നതിനുള്ള ഒരു പദ്ധതി സിറ്റീസ് ഫോർ ഫോറസ്റ്റ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട് ലോകത്തിൽ മറ്റിടങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ മോഡലുകൾ കണ്ടെത്തും. ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാതൃകാപരമായ പ്രവർത്തികൾ കാഴ്ചവച്ചവരുടേയും നൂതനമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയവരുടേയും സഹായത്തോടെയാ യിരിക്കും പദ്ധതി നടപ്പിലാക്കുക.

215. ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എം.സി.യും വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കും.

216. ഇതിനു വേണ്ട മുഴുവൻ ചെലവും വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് വഹിക്കും.

### ബീച്ചിൽ ആധുനിക സൗകര്യം

217. വിനോദസഞ്ചാര മേഖലായ ഫോർട്ട്കൊച്ചി മഹാത്മാഗാന്ധി ബീച്ചും പരിസരവും പൂർണ്ണമായും സോളാർ ലൈറ്റിംഗ് സംവിധാനത്തിലേക്ക് മാറുന്ന പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും. ബീച്ച് ക്ലീനിങ്ങിനായി ആധുനിക രീതിയിലുള്ള യന്ത്രവത്കൃത

സംവിധാനങ്ങൾ ഏർപ്പെടുത്തും. മാഹാത്മാ ഗാന്ധി ബീച്ച് പരിസരവും ഹെറിറ്റേജ് സോണിലും ഉള്ള റോഡുകളുടെ ശുചീകരണം മെഷീൻ സ്വീപ്പിംഗ് സംവിധാനത്തിലൂടെ നടപ്പിലാക്കും.

218. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ അഞ്ച് കോടി രൂപ ചെലവഴിക്കും.

## ഗാന്ധിസ്മൃതി മണ്ഡപം

219. നവീകരിക്കുന്ന ഫോർട്ട്കൊച്ചി മഹാത്മാഗാന്ധി ബീച്ചിൽ ലോകത്തിലെ ഏറ്റവും വലിയ ഗാന്ധി പ്രതിമയും സ്മൃതിമണ്ഡപവും സ്ഥാപിക്കും. വിശ്വോത്തര ഡിസൈനേഴ്സിന്റേയും ശില്പികളുടേയും നേതൃത്വത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

220. പദ്ധതിക്കായി ആദ്യഘട്ടത്തിൽ അഞ്ച് കോടി രൂപ ചെലവഴിക്കും.

## ഓപ്പൺ എയർ തിയറ്റർ

221. ഫോർട്ട്കൊച്ചിയിൽ കെ.എം.സി.യുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഓപ്പൺ എയർ തിയറ്റർ പണിയും.

222. പദ്ധതിക്കായി ഒരു കോടി രൂപ ചെലവഴിക്കും.

## പഴയന്നൂർ കൊട്ടാരം

223. കൊച്ചിയുടെ പൈതൃക സാംസ്കാരിക ഭൂപടത്തിൽ ഏറ്റവും പ്രധാന സ്ഥാനമാണ് പഴയന്നൂർ കൊട്ടാരവും പരിസര പ്രദേശങ്ങൾക്കുമുള്ളത്. പഴയന്നൂർ കൊട്ടാരവും പരിസരവും സംരക്ഷിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കും. കേന്ദ്ര-സംസ്ഥാന പുരാവസ്തു വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും.

224. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ അഞ്ച് കോടി രൂപ ചെലവഴിക്കും.

## ജി. സാംസ്കാരിക സമുച്ചയം

225. മഹാകവി ജി. യുടെ നിത്യസ്മരണക്കായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നതിൽ ഏറെ ദു:ഖമുണ്ട്. ഈ ആവശ്യത്തിനായി ഗോശ്രീ പാലത്തിനു സമീപമായി ബഹു. സർക്കാർ പതിച്ച് നൽകിയ ഭൂമിയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്നുതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

226. ലോക നിലവാരത്തിലുള്ള സാംസ്ക്കാരിക സമുച്ചയ രൂപകല്പന ചെയ്യുന്നതിനുള്ള വിദഗ്ദ്ധരേയും സ്ഥാപനങ്ങളേയും ക്ഷണിച്ചു കൊണ്ടുള്ള പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും. ഈ കൗൺസിലിന്റെ കാലാവധിക്ക് മുമ്പ് തന്നെ ഏറ്റവും അനുയോജ്യമായ ഡിസൈൻ തിരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് ഉറപ്പ് നൽകുന്നു.

227. ജി. സ്മാരക സാംസ്കാരിക സമുച്ചയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം രണ്ടു കോടി രൂപ നീക്കി വെക്കുന്നു. ജി. സ്മാരകവുമായി ബന്ധപ്പെട്ട് ബഹു. സംസ്ഥാന സർക്കാർ അനുവദിച്ചുതന്ന ഇരുപത്തിയഞ്ച് സെന്റ് സ്ഥലത്തേക്ക് ശരിയായ ഗതാഗത മാർഗ്ഗം തയ്യാറാക്കും.

228. ബഹു. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ സഹായം, ബഹു. കേന്ദ്ര സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ സഹായം എന്നിവ ജി. സ്മാരക സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനു ലഭ്യമാക്കും.

## ക്രിയേറ്റീവ് എക്കോണമി പദ്ധതി

229. വികസനവുമായി ബന്ധപ്പെട്ട് ലോക നഗരങ്ങൾ പല വെല്ലുവിളികളും നേരിടുന്ന കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ട് പോകുന്നത്. സാമൂഹികവും അടിസ്ഥാന സൗകര്യ വികസനവും തൊഴിലില്ലായ്മ യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ മൂല വും നഗര വികസനത്തിന് പരമ്പരാഗത സാമ്പത്തിക മാതൃകകളെ ആശ്രയിച്ച് മുന്നോട്ട് പോകുവാൻ സാധിക്കുകയില്ല. ഈ പശ്ചാത്തല ത്തിലാണ് നഗരത്തിന്റെ പ്രാദേശിക-സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ഒരു 'ക്രിയേറ്റീവ് എക്കോണമി പ്രോഗ്രാം' ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നത്.

230. കൊച്ചി നഗരത്തിന്റെ അന്താരാഷ്ട്ര തലത്തിലുള്ള പ്രൊഫൈൽ ഉയർത്തുക, ആകർഷകമായ ബ്രാന്റ് ആയി ആഗോള സാംസ്കാരിക ഭൂപടത്തിൽ കൊച്ചിക്കായി സ്ഥാനം കണ്ടെത്തുക, സാംസ്കാരിക വാണിജ്യ സാമ്പത്തിക ബന്ധങ്ങൾക്ക് പ്രാധാന്യം നൽകി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക, കൊച്ചിയുടെ സാംസ്കാരികവും ക്രിയാത്മകവും വൈദഗ്ദ്ധ്യത്തിലും വിജ്ഞാനത്തിലും അധിഷ്ഠിത മായ സാമ്പത്തിക അവസരങ്ങളെ കണ്ടെത്തുകയും അവയെ പ്രോ ത്സാഹിപ്പിക്കുന്നതിനുമുള്ള കർമ്മപദ്ധതി തയ്യാറാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ക്രിയേറ്റീവ് എക്കോണമി മേഖല യിലെ വിദഗ്ദ്ധനും യുനെസ്കോ കൺസൽട്ടന്റുമായ 'ഡോ. ടോം ഫ്ളെമിംഗിന്റെ' നേതൃത്വത്തിലുള്ള 'സിനെർജി ഇന്റർനാഷണൽ' എന്ന സാംസ്കാരിക ആശയരൂപീകരണ വിദഗ്ദ്ധ സംഘത്തിന്റെ സഹായത്തോടെ ആയിരിക്കും പദ്ധതി നടപ്പിലാക്കുക.

231. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് പത്ത് ലക്ഷം രൂപ വകയിരുത്തുന്നു.

## സി-ഹെഡ്

232. ഐക്യരാഷ്ട്ര സഭയുടെ യു.എൻ. ഹാബിറ്റാറ്റ് ആഗോളതലത്തിൽ നഗരങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന എണ്ണൂറ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏറ്റവും മാതൃകാപരമായ സ്ഥാപനം എന്ന് സി-ഹെഡിനെ വിശേഷിപ്പിച്ചിട്ടുണ്ട്. കൊച്ചി നഗരത്തിലെ വിവിധ ആധുനിക നഗരവികസന പദ്ധതികളുടെ രൂപീകരണത്തിനും ആസൂത്രണത്തിനും കെ.എം.സി.ക്കു വേണ്ടി സുസ്ത്യർഹമായ പ്രവർത്തനമാണ് നമ്മുടെ ഈ സ്ഥാപനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. ബഹു. സംസ്ഥാന സർക്കാർ അംഗീകാരത്തോടെ 2002-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ കഴിഞ്ഞ പതിനെട്ട് വർഷത്തെ പ്രവർത്തങ്ങളെക്കുറിച്ച് സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ്-സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി പഠനം നടത്തുകയും ഡോക്കുമെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഡോക്കുമെന്റ് കെ.എം.സി. കൗൺസിലിനു മുമ്പാകെ സമർപ്പിക്കുന്നതാണ്. രൂപീകരിച്ച് പതിനെട്ട് വർഷമായെങ്കിലും ഭദ്രമായ സാമ്പത്തിക അടിത്തറ ഇല്ലാത്തതും മനുഷ്യ വിഭവശേഷിയുടെ പരിമിതിയും സ്ഥാപനത്തിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ സി-ഹെഡിനെ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കും.

233. സി-ഹെഡിന്റെ പ്രവർത്തനത്തിനായി ഈ സാമ്പത്തിക വർഷം ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## കലാപഠനം

234. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർട്ട് ഔട്ട് റീച്ച് സൊസൈറ്റിയുടെ സഹായത്തോടെ കൊച്ചി നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാപഠനത്തിലൂടെ കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും കലയിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആരംഭിക്കും. നഗര

ത്തിലെ നൂറ് വിദ്യാലയങ്ങളിൽ പദ്ധതി നടപ്പിലാക്കും. സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക.

235. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഉണർവ്വ്

236. കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ യുവകലാകാരന്മാർക്കായുള്ള വജ്രജൂബിലി ഫെലോഷിപ്പ് നേടിയ ഏഴ് കലാകാരന്മാർ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എട്ട് ഡിവിഷനുകളിലായി പല കലാരൂപങ്ങളിൽ സാംസ്കാരിക വകുപ്പിന്റെ നിർദ്ദേശപ്രകാരം ഒരു വർഷക്കാലമായി സൗജന്യ കലാപരിശീലനം നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഈ കഴിഞ്ഞ മാർച്ച് എട്ടിന് ലോക വനിതാ ദിനത്തോടനുബന്ധിച്ച് കലാ കേന്ദ്രങ്ങളിലെ പഠിതാക്കളുടെ പരിപാടികൾ ഉൾക്കൊള്ളിച്ച് 'ഉണർവ്വ്' കലാസന്ധ്യ എന്ന പേരിൽ ഒരു സാംസ്കാരിക മേള എറണാകുളം ടൗൺ ഹാളിൽ നടത്തുകയുണ്ടായി.

237. 2020–2021 സാമ്പത്തിക വർഷത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഫെലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ 'ഉണർവ്വ്' പോലുള്ള കലാവിരുന്നുകൾ സംഘടിപ്പിക്കും. ഡിവിഷൻ തലങ്ങളിൽ കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. ജാതി-മത-വർണ്ണ-ലിംഗ ഭേദങ്ങളില്ലാതെ വലിപ്പ ചെറുപ്പങ്ങളില്ലാതെ പ്രായഭേദമന്യേ എല്ലാവരേയും കലകളുടെ മഹത്വം അറിയിക്കുന്ന തരത്തിലുള്ള അവരെ അതിലേക്ക് ആകർഷിക്കുന്ന തരം പരിപാടികൾ പാർക്കുകളിലും പൊതു സ്ഥലങ്ങളിലും മറ്റും സംഘടിപ്പിക്കും. തണൽ, ആതുരാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലൊക്കെ കലയുടെ പ്രാധാന്യം എത്തുന്ന തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കും.

238. കൊച്ചിയുടെ കലാജീവിതം സജീവമാക്കാനുദ്ദേശിച്ച് നടത്തുന്ന ഈ സാംസ്കാരിക പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## പരിസ്ഥിതി പഠന പുസ്തകം

239. വനങ്ങൾ കേന്ദ്രീകരിച്ചുള്ള പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണം എന്ന പാരമ്പര്യ കാഴ്ച്ചപ്പാടിൽ നിന്നും വ്യത്യസ്തമായി നഗരങ്ങളിലെ പരിസ്ഥിതി ജൈവവൈവിധ്യ പരിപാലനം ഇന്ന് ആഗോള തലത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയമായി മാറിയിരിക്കുന്നു. കൊച്ചി നഗരത്തിലെ പരിസ്ഥിതി-ജൈവവൈവിധ്യ സംരക്ഷണവും പരിപാലനവും ഏറ്റവും പ്രാധാന്യത്തോടെയാണ് ഈ ഭരണ സമിതി കാണുന്നത്. ഇന്ന് മലയാളത്തിൽ ലഭ്യമായ പരിസ്ഥിതി ബോധവത്ക്കരണ പുസ്തകങ്ങളൊന്നും തന്നെ നഗര ജൈവ വൈവിധ്യം പ്രധാന പ്രമേയമായി വന്നിട്ടുമില്ല. കൊച്ചിയുടെ പരിസ്ഥിതിക്കും-ജൈവവൈവിധ്യത്തിനും പ്രാധാന്യം നൽകികൊണ്ട് വിദ്യാർത്ഥികൾക്കായി ഒരു പരിസ്ഥിതി പഠന പുസ്തകം പ്രസിദ്ധീകരിക്കും. ഐ.സി.എൽ.ഇ.ഐ. ദക്ഷിണേഷ്യയുടെ സഹകരണത്തോടെ കെ.എം.സി. നടപ്പിൽ വരുത്തുന്ന ജൈവ വൈവിധ്യ പ്രോജക്ടിൽ ഉൾപ്പെടുത്തി അടുത്ത അധ്യായന വർഷാരംഭത്തിൽ തന്നെ വിതരണം സാധ്യമാകുന്ന രീതിയിൽ കൊച്ചി പരിസ്ഥിതി പഠന പുസ്തകം പ്രസിദ്ധീകരിക്കും.

## അർബൻ ഇക്കോളജി സെന്റർ

240. നഗരങ്ങളിലെ പരിസ്ഥിതിയുടേയും ജൈവവൈവിധ്യത്തിന്റേയും ശരിയായ പരിപാലനം നഗരങ്ങളെ മനുഷ്യവാസത്തിന് അനുയോജ്യമാക്കി നിലനിർത്തുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. പാരിസ്ഥിതിക സംതുലനം നിലനിർത്തികൊണ്ടുള്ള വികസന സങ്കല്പ്പങ്ങൾക്കേ സുസ്ഥിരതയുണ്ടാകൂ. കേരളത്തിൽ നഗരങ്ങളുടെ പ്രാദേശിക പരിസ്ഥിതിയുടെ ശരിയായ അവലോകനത്തിനും സ്ഥിതി

വിവരശേഖരണത്തിനും സംരക്ഷണ-പരിപാലന നയം രൂപീകരിക്കുന്നതിനും വേണ്ടി പ്രത്യേകമായി വിഭാവനം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഇല്ല. നഗര ഇക്കോളജി മേഖലയിൽ കൊച്ചിക്കും അതുപോലെ കേരളത്തിലെ മറ്റു നഗരങ്ങൾക്കും സഹായകരമായ രീതിയിൽ ഐ.സി.എൽ.ഇ.ഐ. ദക്ഷിണേഷ്യയുമായി ചേർന്ന് കെ.എം.സി., സി-ഹെഡിന്റെ ചുമതലയിൽ അർബൻ ഇക്കോളജി സെന്റർ സ്ഥാപിക്കും.

241. ജൈവവൈവിധ്യ-പരിസ്ഥിതി ശാസ്ത്ര മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പത്ത് ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

**ജലസംരക്ഷണം**

242. ജലസംരക്ഷണം ഇന്ന് നാമേറ്റവും അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടത്തേണ്ട കർത്തവ്യമാണ്. ഭൂഗർഭ ശുദ്ധജല ജലവ്യതിയാനത്തിന്റെ അളവ് അനുദിനം കുറഞ്ഞ് വരുന്ന നമ്മുടെ കൊച്ചി ശുദ്ധജല സംബന്ധമായ നിരവധി വെല്ലുവിളികളാണ് നേരിടാൻ പോകുന്നത്. ഈ പശ്ചാത്തലത്തിൽ ശുദ്ധജല സംരക്ഷണത്തിനായി ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കും. കെ.എം.സി., എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിട്ട്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കി 'ജലനയം' പിന്തുടർന്നുള്ള ഒരു പദ്ധതിയാണിത്.

243. നഗരത്തിലെ കാവുകളുടെ സംരക്ഷണം, പൊതു-സ്വകാര്യകുളങ്ങളുടേയും കിണറുകളുടേയും സംരക്ഷണം, കിണർ റീചാർജിംഗ്, മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണിയുടെ നിർമ്മാണം തുടങ്ങി ശുദ്ധജല സംരക്ഷണത്തിനായുള്ള ഒരു ബൃഹദ് പദ്ധതിയുടെ പ്രവർത്തനം ഈ സാമ്പത്തികവർഷം ആരംഭിക്കും.

244. പദ്ധതിക്കായി ബജറ്റിൽ അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## സ്പോഞ്ച് സിറ്റി

245. ഇന്ത്യയിലെ നഗരങ്ങൾ വ്യവസായത്തിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുമ്പോൾ ജനങ്ങൾ കൂടുതലായി നഗരത്തിലേക്ക് കുടിയേറുക എന്നത് നിലവിലെ യാഥാർത്ഥ്യമാണ്. അതിനനുസൃതമായി നഗര വ്യാപനം പരിസര മേഖലകളിലേക്ക് വർദ്ധിക്കുന്നുണ്ട്. അതിന്റെ ഫലമായി ആസൂത്രിതമല്ലാത്ത വികസനം, ഭൂഗർഭജലത്തിന്റെ അമിത ചൂഷണം, ജലപാതകളുടെ അപചയം, നഗരപ്രളയം എന്നിവ പരസ്പരബന്ധിതമായ പ്രശ്നങ്ങളായി മാറുന്നുണ്ട്. കൊച്ചി നഗരവും ഈ പ്രശ്നങ്ങളെല്ലാം വിവിധ അളവുകളിൽ അനുഭവിക്കുന്നുണ്ട്.

246. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രളയം, വരൾച്ച എന്നിങ്ങനെ കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇത്തരം പ്രശ്നങ്ങളെ മുഖവിലക്കെടുക്കാതെ ഒരു മുന്നോട്ട് പോക്ക് ഇനി ഒരു നഗരത്തിനും സാധ്യമല്ല. കെട്ടിടം, ജല മാനേജ്മെന്റ്, വികസനം എന്നിവയ്ക്കായി നിലവിലുള്ള രീതികൾ മഴവെള്ളം ആഗിരണം ചെയ്യുന്നതിൽനിന്നും ഭൂമിയെ തടയുന്നു, ഇത് ഭൂഗർഭജലത്തെ ബാധിക്കുക മാത്രമല്ല വെള്ളപ്പൊക്ക സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാരമാർഗ്ഗങ്ങൾ, ഭൂമിയിലേക്ക് ജലപ്രവേശനത്തിനായുള്ള മാർഗ്ഗങ്ങൾ, ഹരിത ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉപയോഗിച്ച് ഈ ജലചക്രത്തെ പുനരുജ്ജീവിപ്പിക്കാൻ ലക്ഷ്യമിടുന്ന ഒരു നൂതന സംരംഭമാണ് 'സ്പോഞ്ച് നഗരങ്ങൾ'. ചൈന പോലുള്ള നഗരങ്ങളിൽ ഇത്തരം പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നുണ്ട്.

247. നഗരപ്രദേശത്തിന്റെ എൺപത് ശതമാനം പ്രദേശങ്ങളിൽ കുറഞ്ഞത് എഴുപത് ശതമാനം മഴവെള്ളം ആഗിരണം ചെയ്ത് വീണ്ടും ഉപയോ

ഗിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കെട്ടിടങ്ങളിലെ മഴവെള്ള സംഭരണം, മേൽക്കൂരത്തോട്ടങ്ങൾ, ജല പ്രവേശന കവാടങ്ങളുള്ള റോഡുകൾ, തണ്ണീർത്തടങ്ങളും പ്രകൃതിദത്ത ജലപാതകളും പുനരുജ്ജീവിപ്പിക്കുക, വാട്ടർ പാർക്കുകളും ജലസാന്നിദ്ധ്യത്തെ നിലനിർത്തുന്ന ചെടികളുടെ പരിപാലനവും ഭൂഗർഭ ആവരണം എന്നിവ പോലുള്ള പരിഹാരങ്ങളുടെ സംയോജനത്തിലൂടെ നമുക്ക് നമ്മുടെ വെള്ളപ്പൊക്ക പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. കൂടാതെ, നഗരത്തിലെ ജല ഉപയോഗവും നഷ്ടത്തിന്റെ രീതികളും കണക്കാക്കുന്നതിനുള്ള പുതിയ പഠനരീതികൾ സ്വീകരിക്കേണ്ടതുണ്ട്. പദ്ധതിയുടെ കോർഡിനേഷൻ ചുമതല സി–ഹെഡിനെ ഏല്പിക്കുന്നു.

248. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## സിറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ

249. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ നിരവധി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കൊച്ചി നഗരത്തിനായി ഒരു സിറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ദുരന്തങ്ങളെ നേരിടുന്നതിനായുള്ള തയ്യാറെടുപ്പുകളും ദുരന്ത നിവാരണത്തിനായുള്ള സംവിധാനങ്ങളും ദുരന്തങ്ങൾ സംഭവിക്കാതിരിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കൽ അടക്കമുള്ളവ ഈ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമാക്കും. കൊച്ചിയുടെ ഭൂപ്രകൃതി, ദുരന്തങ്ങളുടെ ചരിത്രം, അവ കൊച്ചിയുടെ സാമ്പത്തിക സാമൂഹിക പരിസ്ഥിതി രംഗത്ത് ഉണ്ടാക്കിയ കോട്ടങ്ങൾ എന്നിവ കൃത്യമായി മനസ്സിലാക്കിയായിരിക്കും പ്ലാൻ തയ്യാറാക്കുന്നത്.

250. ദുരന്തത്തിന് ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളടക്കം രേഖപ്പെടുത്തിയുള്ളതായിരിക്കും ഈ ഡിസാസ്റ്റർ

മാനേജ്മെന്റ് പ്ലാൻ. സമുദ്ര നിരപ്പിന്റെ ഉയർച്ചയും അതിശക്തമായ മഴയും അതിശക്തമായ ചൂടും ആയത് പോലെ തന്നെ ഭൂമിയുടെ അമിതമായ ഉപയോഗത്താൽ ഉണ്ടായ പ്രശ്നങ്ങൾ അടക്കം കൊച്ചി നേരിടുന്ന നിരവധി പ്രശ്നങ്ങൾ പരിഗണിച്ചായിരിക്കും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക. ഒരു മുഴുസമയ ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലും ഈ സെല്ലിനെ നയിക്കുന്നതിനായി ഒരു സിറ്റി ഡിസാസ്റ്റർ റെസീലിയൻസ് ഓഫീസറെ നിയമിക്കുകയും ചെയ്യും. ഡബ്ല്യു.ആർ.ഐ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സിറ്റീസ് ഫോർ ഫോറസ്റ്റ് പദ്ധതിയുടെ സഹായം ഇതിനായി ലഭ്യമാക്കും.

251. 'സിറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിനായി' ഈ ബജറ്റിൽ അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

### മറൈൻ ലിറ്റർ പദ്ധതി

252. കൊച്ചി കടൽതീരത്തേയും തോടുകളിലേയും കനാലുകളിലേയും മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് പരിഹാര ങ്ങൾ നിർദ്ദേശിക്കുന്നതിനും കനാലുകളുടേയും തോടുകളുടേയും പുനരുജ്ജീവനത്തിലൂടെ നഗരത്തിലെ മഴ വെള്ള നിർഗ്ഗമന പ്രശ്ന ങ്ങൾ പരിഹരിക്കാനുതകുന്ന രീതിയിൽ 'മറൈൻ ലിറ്റർ' എന്ന പേരിൽ ഒരു പദ്ധതി ക്ലൈമറ്റ് സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും.

### മേപ്പത്തോൺ

253. വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ കൊച്ചിയിലെ മുഴുവൻ സസ്യ ജാലങ്ങളേയും പച്ചപ്പിനേയും അടയാളപ്പെടുത്തി ഡിജിറ്റൽ ഡോക്കുമെന്റേഷൻ ചെയ്യുന്ന 'മാപ്പത്തോൺ' എന്ന പദ്ധതി നടപ്പിലാക്കും. നിലവിൽ ഓരോ ഡിവിഷനിലേയും പച്ചപ്പിന്റെ

വിസ്തൃതി മനസ്സിലാക്കി കൂടുതൽ പച്ചപ്പ് സൃഷ്ടിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും സിറ്റീസ് ഫോർ ഫോറസ്റ്റ് പദ്ധതിയിലൂടെ പച്ചപ്പ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയും ചെയ്യും. ഓരോ ഡിവിഷനുകളിലേയും ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ അവർ നിർദ്ദേശിക്കുന്ന വിദഗ്ദ്ധൻമാരുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.

## അർബൻ കമ്മ്യൂണിറ്റി അസ്സസ്മെന്റ് ടൂൾ

254. വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സിറ്റീസ് ഫോർ ഫോറസ്റ്റ് പദ്ധതിയുടെ ഭാഗമായി അർബൻ കമ്മ്യൂണിറ്റി അസസ്സ്മെന്റ് ടൂൾ (യു.സി.ആർ.എ.) എന്ന പേരിലുള്ള ഒരു സാമൂഹിക ശാക്തീകരണ പദ്ധതി നടപ്പിലാക്കും. കാലവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് വ്യക്തികളേയും ജനസമൂഹത്തേയും സഹായിക്കുന്ന തരത്തിലുള്ള ബോധവൽക്കരണവും ആസൂത്രണ പദ്ധതികളുമാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുക. പരിശീലന ക്ലാസുകളിലൂടേയും പ്രായോഗിക പരിശീലനത്തിലൂടേയും നഗരത്തിലെ ഏറ്റവും ദുർബലരായ ജനസഞ്ചയങ്ങളെയാണ് ഇതിന്റെ ഭാഗമായി പരിശീലിപ്പിക്കുന്നത്.

255. ഈ പദ്ധതി നടപ്പിലാക്കുന്നതിനാശ്യമായ മുഴുവൻ സാങ്കേതിക-സാമ്പത്തിക ചെലവുകളും ഡബ്ല്യു.ആർ.ഐ. വഹിക്കും.

## പാർക്കുകൾ

256. നഗരത്തിലെ പൊതുഇടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ പാർക്കുകളും ഉയർന്ന നിലവാരത്തിൽ പരിപാലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. നഗരത്തിലെ ചെറുതും വലുതുമായ എല്ലാ പാർക്കുകളും നവീകരിക്കുകയും 'ലാന്റ് സ്കേപ്പ്' ചെയ്യുകയും

പുതിയ കളി ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യും. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാർക്ക് ആയ സുഭാഷ് ചന്ദ്രബോസ് പാർക്ക് ദിവസം മുഴുവൻ ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള സംവിധാനമൊരുക്കും. സുഭാഷ് ചന്ദ്രബോസ് പാർക്കിൽ സുഭാഷ് ചന്ദ്രബോസിന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കും. പാർക്കിൽ ബട്ടർഫ്ളൈ ഗാർഡൻ സ്ഥാപിക്കും.

257. ഫോർട്ട്കൊച്ചി നെഹ്റു പാർക്ക് പുതിയ ഡിസൈനോടെ പുതുക്കി പ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്ഥലം ലഭ്യമാകുന്ന എല്ലാ ഡിവിഷനുകളിലും പുതിയ പാർക്കുകൾ നിർമ്മിക്കും.

258. പാർക്കുകളുടെ നവീകരണത്തിനും പരിപാലനത്തിനും മറ്റുമായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## ആശുപത്രികൾ

259. വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി എറണാകുളം ജനറൽ ആശുപത്രിയിൽ ഏറ്റവും ആധുനിക രീതിയിലുള്ള ഒരു കാൻസർ ബ്ലോക്ക്, കൊച്ചി താലൂക്ക് ആശുപത്രിയിൽ ഒ.പി. ക്കും അഡ്മിനിസ്ട്രേഷനും ഉള്ള ഒരു ബ്ലോക്ക്, മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഒ.പി. ക്കും അഡ്മിനിസ്ട്രേഷനും ഉള്ള ഒരു ബ്ലോക്ക്, എന്നിവ പണിയും.

260. പദ്ധതിക്കായി മുപ്പത്തിയഞ്ച് കോടി രൂപയോളം ചെലവഴിക്കും.

## ഹോസ്പിറ്റൽ മാനേജ്മെന്റ് സംവിധാനം

261. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിൽ മുഴുവൻ അലോപ്പതി ആശുപത്രികളും ഒരു മാനേജ്മെന്റ് സംവിധാനത്തിനു കീഴിൽ കൊണ്ടുവന്ന് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

പ്രവർത്തനവും കോർഡിനേഷൻ ചുമതലയും കരുവേലിപ്പടി ആശുപത്രി സൂപ്രണ്ടിന് നൽകും.

262. പദ്ധതിക്കായി പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## ഹോസ്പിറ്റൽ സ്റ്റാഫ്

263. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള അലോപ്പതി ആശുപത്രികളിൽ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും സേവനം ലഭ്യമല്ലാത്തതിനാൽ രോഗി പരിപാലനം ഉറപ്പാക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ ജീവനക്കാരേയും നിയമിച്ചുകൊണ്ട് ആശുപത്രിയുടെ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. ആയതിലേക്ക് അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കൂടുതൽ മരുന്ന്

264. രോഗികളുടെ എണ്ണക്കൂടുതൽമൂലവും വ്യത്യസ്ഥമായ രോഗങ്ങൾ ബാധിച്ചവരുടെ ആധിക്യത്താലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കീഴിലുള്ള അലോപ്പതി ആശുപത്രികളിൽ നിന്ന് മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ബഹു. സർക്കാരിൽ നിന്ന് ലഭിക്കുന്ന മരുന്നുകൾ തികയാതെ വരുന്നതിനാൽ നിർദ്ധനരായ രോഗികൾക്ക് മരുന്നുവാങ്ങി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

265. ആയതിന് അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ആശുപത്രി ഉപകരണങ്ങൾ

266. രോഗികളുടെ എണ്ണം കൂടുന്നതിനാൽ നിലവിലുള്ള ആശുപത്രി സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ രോഗികൾക്ക് കൃത്യമായ

സേവനം ലഭിക്കുവാൻ കൂടുതൽ ലാബ് സൗകര്യങ്ങളും എക്സ്-റേ സംവിധാനങ്ങളും ഡയാലിസിസ് സംവിധാനങ്ങളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കും.

267. ആയതിന് പത്ത് ലക്ഷം രൂപ ചെലവഴിക്കും.

**ഹോമിയോ ആശുപത്രികൾ**

268. പകർച്ചവ്യാധികളുടേയും മറ്റും പശ്ചാത്തലത്തിൽ ഹോമിയോ മെഡിക്കൽ ശാലകൾക്കുള്ള പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് നിലവിലുള്ള ഹോമിയോ ആശുപത്രികളുടെ പ്രവർത്തനം ശാക്തീകരിക്കും. കൂടുതൽ മരുന്നും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കും.

269. നിലവിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത ഡിവിഷനുകളിൽ ഹോമിയോ ആശുപത്രികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

270. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

**ആയുർവേദം**

271. കെ.എം.സി.ക്ക് കീഴിലുള്ള നാല് ആയുർവേദ ആശുപത്രികളുടേയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. ഈ ആശുപത്രികളിൽ പുതിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തും ആവശ്യമായ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

272. പദ്ധതിക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

**ബ്രേക്ക് ദ ചെയ്ൻ - കൊച്ചി**

273. കൊറോണ വൈറസ് ബാധ ഐക്യരാഷ്ട്ര സഭ മഹാമാരിയായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ കൊറോണ പോലുള്ള മഹാമാരി

കളും പകർച്ചവ്യാധികളും നേരിടാൻ ഉതകുന്ന തരത്തിലുള്ള ഒരു കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ഐ.എം.എ., നഗരത്തിലെ വിവിധ ആശുപത്രികൾ, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിന്റെ നേതൃത്വത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ഇതിനായി ഒരു സ്ഥിരം സംവിധാനവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു സെക്രട്ടറിയേറ്റും സ്ഥാപിക്കും.

274. പദ്ധതി രേഖ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

**നവജാതശിശുക്കൾക്കായി**

275. പരിസര മലിനീകരണവും വായു മലിനീകരണവും ശബ്ദ മലിനീകരണവും ശുചിത്വക്കുറവും നവജാത ശിശുക്കളിലും ആയിരം ദിവസം വരെ പ്രായമുള്ള കുട്ടികളിലും വലിയ ആഘാതമാണ് സൃഷ്ടിക്കുന്നത്. അത് അവരുടെ ഭാവി ജീവിതത്തിന് നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവും. ഈ സാഹചര്യത്തിൽ നവജാത ശിശുക്കൾ, ശിശുക്കൾ, കുട്ടികൾ, അവർക്ക് പരിചരണം നൽകുന്നവർ എന്നിവരുടെ ആരോഗ്യപ്രദമായ ജീവിത സാഹചര്യങ്ങൾ ലക്ഷ്യമാക്കി നഗരാസൂത്രണ പ്രക്രിയ എങ്ങിനെ കാര്യക്ഷമമാക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ ഉള്ള ഒരു പദ്ധതി ഐ.ടി.സി.എൻ. (ഇൻഫന്റ് ടോഡ്ലർ കെയർ ഗിവർ ഫ്രണ്ട്‌ലി നൈബർഹുഡ്) എന്ന പേരിൽ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയവും (എം.ഒ.എച്ച്.യു.എ.), വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയും ചേർന്ന് നടത്തുന്നുണ്ട്. ഈ ചലഞ്ചിന്റെ ഭാഗമായി ഈ പദ്ധതി കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്നതിന് വേൾഡ് റിസോഴ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് പ്രവർത്തിക്കും. രണ്ട് വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിയിൽ ഇടം പിടിക്കുവാൻ ആവശ്യമായ സാങ്കേതിക പ്രവർത്തനങ്ങൾ നടത്തും.

## നോ–ഹോൺ ഏരിയ

276. അടുത്തകാലത്തായി നടത്തിയ പല പഠനങ്ങളും തെളിയിക്കുന്നത് കൊച്ചി നഗരത്തിലെ പല പ്രധാന കേന്ദ്രങ്ങളിലേയും റോഡുകളിലേയും ശബ്ദമലിനീകരണം അനുവദനീയമായതിലും എത്രയോ അധികം അളവിലാണ്. ഇവ നവജാത ശിശുക്കളുടേയും പിഞ്ചു കുട്ടികളുടേയും ശ്രവണശേഷി അടക്കം നഷ്ടപ്പെടുത്തുവാൻ ഉതകുന്ന തരത്തിലുള്ളതാണ്. കുട്ടികളിലും മുതിർന്നവരിലും വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ഉയർന്ന തോതിലുള്ള ശബ്ദമലിനീകരണം കൊണ്ട് സംഭവിക്കുന്നുണ്ട്. കൊച്ചി നഗരത്തിലെ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടേയും നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റേയും വിധികളും നിർദ്ദേശങ്ങളും ഉണ്ട്. കേൾവിക്കുപുറമേ കാർഡിയോ വാസ്കുലർ, ഗ്യാസ്ട്രോ ഇന്റസ്റ്റൈൻ തുടങ്ങി മനസ്സിന്റെ പ്രവർത്തനം വരെ ശബ്ദമലിനീകരണത്താൽ തകരാറിലാവുന്നുണ്ട്.

277. ഈ പരിതസ്ഥിതിയിൽ കൊച്ചി നഗരത്തിലെ ശബ്ദമലിനീകരണം കുറക്കുന്നതുമായി ബന്ധപ്പെട്ട് അതിശക്തമയ നടപടികളുമായി ഈ കൗൺസിൽ മുമ്പോട്ട് പോകും. ബഹു. പോലീസ് വകുപ്പിന്റേയും കെ.എം.ടി.എ.യുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രധാന സാങ്കേതിക–ഏകോപന പങ്കാളിയായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനെ (ഐ.എം.എ.) പദ്ധതിയുടെ ഭാഗമാക്കും. പദ്ധതിയുടെ ആദ്യഘട്ടമായി ഏറ്റവും കൂടുതൽ ആശുപത്രികളും സ്കൂളുകളും പൊതുസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന തേവര മുതൽ ബാനർജി റോഡ് വരെ എത്തിനിൽക്കുന്ന എം.ജി. റോഡിനേയും ഹൈക്കോടതി ജംഗ്ഷൻ മുതൽ പാലാരിവട്ടം വരെയുള്ള ബാനർജി റോഡിനേയും സൈലന്റ് സോൺ ആയി പ്രഖ്യാപിക്കും. ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് ഗതാഗതരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടേയും ട്രേഡ് യൂണിയനുകളുടേയും സഹായം തേടും.

278. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഗ്ലോബൽ കവനന്റ് ഓഫ് മേയേഴ്സ്

279. കാലാവസ്ഥാ വ്യതിയാനവും ആയതുമായി ബന്ധപ്പെട്ട് നഗരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലോകത്തിലെ വിവിധ നഗരങ്ങൾ തമ്മിൽ പരസ്പര സഹകരണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി 'ഗ്ലോബൽ കവനന്റ് ഓഫ് മേയേഴ്സ്' കൊച്ചി നഗരവും അംഗമാണ്. 'മേയേഴ്സ് ഫോർ ക്ലൈമറ്റ് ചെയിഞ്ച് എന്ന പേരിൽ ലോക നഗരങ്ങൾ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം തേടിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കൊച്ചി നേരിടുന്ന കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്നതിനായി ലോകത്തിലെ വിവിധ നഗരങ്ങളുടെ സാങ്കേതികവും സാമ്പത്തികവുമായ സഹായം കൊച്ചിക്ക് ലഭ്യമാകും. ഈ പദ്ധതി കൊച്ചിയിൽ നടപ്പിലാക്കുന്നത് യൂറോപ്യൻ യൂണിയന്റെ കീഴിലുള്ള ഇന്റർനാഷണൽ അർബൻ കോ-ഓപ്പറേഷനാണ്.

## പി.എം.എ.വൈ. ലൈഫ് മിഷൻ

280. 2022-ഓടെ കൊച്ചിയെ ഇന്ത്യയിലെ ആദ്യത്തെ ഭവനരഹിതരില്ലാത്ത നഗരമാക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയോടടുക്കുകയാണ്. ഭവനനിർമ്മാണത്തിനുള്ള പി.എം.എ.വൈ. ലൈഫ് മിഷൻ പദ്ധതിയിൽ 9610 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 4421 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 2285 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി ഇതുവരെ 128 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷം (ലോൺ ഉൾപ്പടെ)

കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പടെ പദ്ധതിക്കായി 135 കോടി രൂപ ലഭ്യമാക്കും. ആശ്രയ പദ്ധതിയുടെ ഭാഗമായി 340 പേർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. പി.എം.എ. വൈ. പദ്ധതികളുടെ ആറാമതും ഏഴാമതും വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഭവനം, ആശ്രയ പദ്ധതി യുടെ ഭാഗമായി നൽകുന്ന ഭവനങ്ങളും ചേർത്ത് 10,000 പുതിയ ഭവനങ്ങൾ ഈ നഗരത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകിക്കൊണ്ട് സാമൂഹ്യ സുരക്ഷാ സംഘാടനത്തിന് കെ.എം.സി. പുതിയ ചരിത്രമെഴുതും.

## രാജീവ് ആവാസ് യോജന

281. ചേരി വികസനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പങ്കാളിത്ത ത്തോടെ നടപ്പിലാക്കി വരുന്ന രാജീവ് ആവാസ് യോജന (റേ) പദ്ധതിയുടെ ഭാഗമായുള്ള തുരുത്തി കോളനി പദ്ധതി പുനരുദ്ധാരണ പദ്ധതി നടന്നുവരുന്നു. 755 ഗുണഭോക്താക്കൾ അടങ്ങുന്ന പദ്ധതി രേഖയ്ക്ക് 67.62 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിലെ മൂന്ന് നിലകളുള്ള ഫ്ളാറ്റിന്റെ (ജി+2) പണി പൂർത്തീ കരിച്ചു. പന്ത്രണ്ട് നിലകളുള്ള (ജി+11) ആദ്യ ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. (ജി+11) രണ്ടാമത്തെ ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. (ജി+11) ആദ്യ ടവറിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ഇരുപത്തൊന്ന് കോടി രൂപ സി.എസ്.എം.എൽ. മുഖേന ലഭ്യമാകും.

## കെട്ടിട സമുച്ചയങ്ങളുടെ പുനരുപയോഗം

282. കെ.എം.സി.യുടെ കച്ചേരിപ്പടിയിലുള്ള പഴയ റസ്റ്റ് ഹൗസ് ബിൽഡിം ഗ്, പരമാരയിലുള്ള കെട്ടിടം പരമാരയിൽ തന്നെയുള്ള യു.പി.എ.ഡി. പ്രവർത്തിക്കുന്ന കെട്ടിടം എന്നീ മൂന്ന് കെട്ടിട സമുച്ചയങ്ങളുടെയും

പുനരുദ്ധാരണത്തിനും നവീകരണത്തിനുമായുള്ള ഒരു പദ്ധതി നടപ്പിലാക്കും.

283. സി.എസ്.എം.എൽ. ന്റെ സഹായത്തോടെ ഈ കെട്ടിടങ്ങളുടെ പുനരുദ്ധാര ണത്തിനുള്ള പ്ലാൻ തയ്യാറാക്കും. ബാങ്ക് വായ്പ എടുത്ത് കെട്ടിടങ്ങളുടെ നവീകരണം പൂർത്തീകരിക്കും. ഈ കെട്ടിടങ്ങളുടെ പുനരുപയോഗത്തിന് പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കും. കെ.എം.സി. യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ബഹു. കേന്ദ്ര–സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, മാധ്യമ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്ക് മാത്രമേ ഈ സ്ഥാപനങ്ങൾ വാടകയ്ക്കോ ലീസിനോ നൽകുകയുള്ളൂ.

284. കെ.എം.സി. വക സ്ഥാപനങ്ങൾ വാടകക്കും ലീസിനും നൽകിയ ശേഷം തിരിച്ചു ലഭ്യമാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങൾ സംജാതമായതിന്റെ അടിസ്ഥാനത്തിൽ കെ.എം.സി.യുടെ കെട്ടിടങ്ങൾ ഇനി സ്വകാര്യ ആവശ്യങ്ങൾക്കോ വ്യക്തികൾക്കോ വാടകയ്ക്കോ ലീസിനോ കൊടുക്കേണ്ടതില്ല എന്ന പൊതു തീരുമാനം എടുക്കും. ഇതിനായി ഒരു നയം രൂപീകരിക്കും. ആയതിന്റെ ചുമതല സെക്രട്ടറിക്ക് നൽകും.

## മൾട്ടിപ്ലക്സ്

285. കോക്കേഴ്സ് തീയറ്റർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയ നടത്തിപ്പുകാരനുമായി ചർച്ചചെയ്ത് നൽകാനും ലഭിക്കാനുമുള്ള തുകയുടെ കാര്യത്തിൽ തീരുമാനമെടുത്ത്, നൽകാൻ ബാക്കിയുള്ള തുക ഈ സാമ്പത്തിക വർഷം തന്നെ നൽകും.

286. സ്ഥലത്ത് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ മൾട്ടിപ്ലക്സ് തിയേറ്റർ കോംപ്ലക്സ് പണിയുന്ന തിനുള്ള നടപടികൾ ആരംഭിക്കും.

287. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ നീക്കി വെക്കുന്നു.

**ആസ്ഥാന മന്ദിരം**

288. ഏറ്റവും ആധുനിക സംവിധാനങ്ങളോടും സജ്ജീകരണങ്ങളോടും കൂടിയുള്ള ഒരു പുതിയ ഓഫീസ് സമുച്ചയം എന്ന കൊച്ചി മുനിസി പ്പൽ കോർപ്പറേഷന്റെ ആഗ്രഹം യാഥാർത്ഥ്യമാകുവാൻ പോകുക യാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏകദേശം തൊണ്ണൂറ് ശതമാനത്തോളം പ്രവർത്തനങ്ങളും ഇതിനകം തന്നെ പൂർത്തീകരി ച്ചിട്ടുണ്ട്.

289. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കൂടി ഒരുക്കി കെട്ടിടത്തിന്റെ നിർ മ്മാണ പ്രവർത്തനങ്ങൾ ആറ് മാസത്തിനകം തന്നെ പൂർത്തീകരിക്കു ന്നതിനുള്ള പ്രവർത്തനങ്ങളാണ് കെ.എം.സി. നടത്തിവരുന്നത്.

290. ആസ്ഥാനമന്ദിര നിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഇരുപത്താറ് കോടി രൂപ ചെലവഴിക്കും. ഈ കൗൺസിലിന്റെ കാലാവധിക്കുമുന്നേ തന്നെ കെ.എം.സി.യുടെ പ്രവർത്തനം പുതിയ ഓഫീസിലേക്ക് മാറ്റും.

**പച്ചാളം സോണൽ ഓഫീസ്**

291. നിലവിൽ റെവന്യൂ വിഭാഗം മാത്രം പ്രവർത്തിക്കുന്ന പച്ചാളം സോണൽ ഓഫീസിനെ, എഞ്ചിനീയറിംഗ്, ടൗൺ പ്ലാനിംഗ് മറ്റ് വകുപ്പുകൾ എന്നിവയെല്ലാമുള്ള പൂർണ്ണ സോണൽ ഓഫീസാക്കി മാറ്റും. പുതിയ ഓഫീസ് കെട്ടിടം പണിയും.

292. പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## പുതിയ ഹെൽത്ത് സർക്കിൾ ഓഫീസ്

293. നിലവിൽ കെ.എം.സി.യുടെ കീഴിൽ ഇരുപത്തിരണ്ട് ഹെൽത്ത് സർക്കിൾ ഓഫീസുകളാണ് പ്രവർത്തിക്കുന്നത്. വെണ്ണല കേന്ദ്രീകരിച്ച് ഒരു പുതിയ ഹെൽത്ത് സർക്കിൾ ഓഫീസ് സ്ഥാപികേണ്ടതിന്റെ ആവശ്യകത ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ചൂണ്ടിക്കാട്ടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ 41, 42, 46, 47 എന്നീ ഡിവിഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ ഹെൽത്ത് സർക്കിൾ ഓഫീസ് രൂപീകരിക്കും.

294. പുതിയ സർക്കിൾ ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾക്കായി ഇരുപത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഹെൽത്ത് സർക്കിൾ ഓഫീസ് നവീകരണം

295. കെ.എം.സി.ക്ക് കീഴിലുള്ള എല്ലാ ഹെൽത്ത് സർക്കിൾ ഓഫീസുകളും നവീകരിക്കും. ശുചിത്വ ബോധവത്ക്കരണത്തിനായുള്ള പ്രവർത്തനങ്ങൾ ഹെൽത്ത് സർക്കിൾ കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

296. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ

297. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിലവിൽ സ്വകാര്യ വർക്ക്ഷോപ്പുകളിലാണ് നടത്തുന്നത്. ഇത് ഭാരിച്ച സാമ്പത്തിക ബാധ്യതയും വാഹനങ്ങളുടെ ശരിയായ പ്രവർത്തന ക്ഷമതയേയും ബാധിക്കുന്നുണ്ട്.

ഓഫീസ് ആവശ്യത്തിനായി ഇരുപത്തെട്ട് വാഹനങ്ങളും മാലിന്യ സംസ്ക്കരണത്തിനായി തൊണ്ണൂറ്റിനാല് വാഹനങ്ങളുമാണ് കെ.എം.സി. യുടെ ഉടമസ്ഥതയിലുള്ളത്. ഇതിൽ പതിമൂന്ന് കോം പാക്ടറുകൾ, ഇരുപത്തിനാല് ടിപ്പറുകൾ, ഒമ്പത് മുച്ചക്രവാഹനങ്ങൾ, നാല്പ്പത്തിയാറ് ഫോർ വീലറുകൾ, ഒരു ജീപ്പ്, അഞ്ച് ക്രൂ വാഹന ങ്ങൾ, അഞ്ച് ജെ.സി.ബി. എന്നിവയണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ പടിയാത്തുകുളത്ത് കോർപ്പറേഷൻ വക സ്ഥലത്ത് ഏറ്റവും ആധുനിക രീതിയിലുള്ള വർക്ക്ഷോപ്പ് നിർമ്മിച്ച് വാഹന ങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തും. കൊച്ചി മുനിസിപ്പൽ കോർപ്പറേ ഷന്റെ കീഴിലുള്ള വിവിധതരം വാഹനങ്ങളും ശരിയായ പരിപാലന വും അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനും ഒരു ഓട്ടോമൊബൈൽ എഞ്ചിനീയറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും പ്രവർത്തന പുരോഗതി ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിലാണ് ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രത്യേക പരി ഗണന നൽകി ഈ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

298. ഈ പദ്ധതിക്കായി ബജറ്റിൽ രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

**സ്വാഗത കവാടം**

299. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൊച്ചിയിലെത്തുന്ന വർക്ക് സ്വാഗതം ഓതിക്കൊണ്ട് നഗരത്തിലേക്ക് പ്രവേശിക്കുന്ന വിവിധ ഇടങ്ങളിൽ നഗര സ്വാഗത കവാടം സ്ഥാപിക്കും. ഏറ്റവും മനോഹരമായി കൊച്ചി നഗരത്തിന്റെ പ്രൗഢിയും പെരുമയും വിളിച്ചോതുന്ന തരത്തിലുള്ള കലാകാരന്മാരാൽ തയ്യാറാക്കപ്പെട്ട നഗര കവാടങ്ങളായിരിക്കും ഇത്.

300. ഇടപ്പള്ളി, അയ്യനാട് പാലം, പാലച്ചുവട്, അറക്കക്കടവ്, പേട്ട, കുണ്ടന്നൂർ, ഇടക്കൊച്ചി, പെരുമ്പടപ്പ്, നമ്പ്യാപുരം, മാനാശ്ശേരി,

ഫോർട്ട് വൈപ്പിൻ, വടുതല എന്നീ സ്ഥലങ്ങളിൽ നഗര സ്വാഗത കവാടം തീർക്കും.

301. പദ്ധതിക്കായി മുപ്പത്തഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## കൊച്ചി സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതി

302. കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതി പ്രകാരം കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം എൺപത്തൊമ്പത് കോടി രൂപയോളം ചെലവഴിച്ച് ഏഴ് സുപ്രധാന പദ്ധതികൾ പൂർത്തീകരിച്ചി ട്ടുണ്ട്. പബ്ലിക് ബൈസിക്കിൾ ഷെയറിംഗ് സംവിധാനത്തിന്റെ ആദ്യ ഘട്ടം, ഹോസ്പിറ്റൽ റോഡ് നവീകരണം, റൂഫ് ടോപ്പ് സോളാർ പ്രോജക്ട്, ജനറൽ ഹോസ്പിറ്റലിനായുള്ള ഇ-ഹെൽത്ത് സൊലൂഷൻ പദ്ധതി, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആദ്യഘട്ടം, വീടുകളിലേക്കും സ്ട്രീറ്റുകളിലേക്കും ഉള്ള മാലിന്യ ശേഖരണ സംവിധാനം, ജോസ് ജംഗ്ഷനിലുള്ള പബ്ലിക് സ്പേയ്സ് എന്നിവയാണ് ഈ പദ്ധതികൾ. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു മായി ചേർന്നുകൊണ്ട് നഗരത്തിനായി സി.എസ്.എം.എൽ. ഏറ്റെ ടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ വിവിധ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ട്.

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ

303. ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച പതിനാറ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ്) കൊച്ചി നഗരത്തിന്റെ വികസന അജണ്ടയുമായി കൂട്ടിയോജിച്ചുകൊണ്ടുള്ള സുസ്ഥിര വികസനത്തിനായുള്ള ഒരു മാർഗ്ഗരേഖ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഡിസൈനേഴ്സ് ഓഫ് ഇന്ത്യ-കേരള ചാപ്റ്റർ, കൊച്ചി

നഗരവുമായി ഈ രംഗത്ത് സഹകരിച്ച് പ്രവർത്തിച്ച് വരുന്ന യു.എൻ. ഹാബിറ്റാറ്റ്, ഫ്രോണോഫർ, ജി.ഐ.ഇസെഡ്, വുപ്പേർട്ടൽ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.സി.എൽ.ഇ.ഐ., വേൾഡ്, റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക സഹകരണത്തോടെ ഈ മാർഗ്ഗരേഖ തയ്യാറാക്കും. പദ്ധതിയുടെ കോ-ഓർഡിനേഷൻ ചുമതല സി-ഹെഡിനെ ഏൽപ്പിക്കുന്നു.

**സ്ഥാപനങ്ങളുടെ ശാക്തീകരണം**

304. നവകാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങളും സേവനങ്ങളും പൊതുനന്മക്കായി പ്രധാനം ചെയ്യുന്നതിനും സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കേണ്ടതും ശാക്തീകരിക്കേണ്ടതും അത്യാവശ്യമാണ്. ഈയൊരു ലക്ഷ്യം മുൻനിർത്തി സ്മാർട്ട്-എസ്.യു.ടി. സംരംഭത്തിലൂടെ മൂന്ന് സ്ഥാപനങ്ങളുടെ ശാക്തീകരണം ആദ്യഘട്ടത്തിൽ നടപ്പിലാക്കും.

305. കൊച്ചി നഗരങ്ങളിലെ ഗതാഗത സംവിധാനങ്ങളുടെ പരിപാലനത്തിനായി കെ.എം.ടി.എ.-കൊച്ചിയുടെ സ്ഥാപനവത്ക്കരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് സ്മാർട്ട്-എസ്.യു.ടി. വഴി സഹായം നല്കും.

306. അർബൻ മൊബിലിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികൾ ക്രിയാത്മകമായി നടപ്പിൽ വരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷനെ ശാക്തീകരിക്കും. ഇതിന്റെ ആദ്യ ഘട്ടമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപനമായ സി-ഹെഡിനെ ശാക്തീകരിച്ച് ഒരു ട്രാൻസ്പോർട്ട് സെൽ രൂപീകരിക്കും.

307. എറണാകുളം ജില്ലാ ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ പരിസ്ഥിതി സൗഹൃദ പൊതുഗതാഗതം ലക്ഷ്യമാക്കിയുള്ള പദ്ധതികളിലൂടെ ശാക്തീകരിക്കും.

## കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം

308. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ മുഴുവൻ കൗൺസിലർമാരുടേയും ജീവനക്കാരുടേയും പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം തയ്യാറാക്കി നടപ്പിലാക്കും. കേരള മാനേജ്മെന്റ് അസോസിയേഷൻ, വിവിധ മാനേജ്മെന്റ് കൺസൽട്ടൻസി സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കും. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാര്യക്ഷമത, പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പുതിയ സാങ്കേതികജ്ഞാനം ആർജ്ജിക്കൽ, പുതിയ പ്രോജക്ട് മാനേജ്മെന്റ് ആശയങ്ങൾ തുടങ്ങിയവ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമാകും.

309. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ലൈബ്രറികൾ

310. നഗരത്തിലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിൽ ഉള്ളതും ക്ലബുകളുടെയും സാമൂഹിക സംഘടനകളുടേയും നേതൃത്വത്തിൽ പ്രവർത്തിക്കുന്നതുമായ മുഴുവൻ ലൈബ്രറികളും നവീകരിക്കും. മുഴുവൻ ലൈബ്രറികളുടേയും ബൗദ്ധിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകും. ലൈബ്രറിയുടെ ആധുനികവൽക്കരണത്തിനും പുസ്തകങ്ങൾ വാങ്ങുന്നതിനും സഹായം നൽകും. നഗരത്തിലെ ഏറ്റവും വലിയ പൊതു ലൈബ്രറിയായ എറണാകുളം പബ്ലിക്ക് ലൈബ്രറിയുടെ വികസനത്തിനായി ധനസഹായം നൽകും. എറണാകുളം പബ്ലിക് ലൈബ്രറിയുടെ നേതൃത്വത്തിൽ നഗരത്തിലെ എല്ലാ ലൈബ്രറികളും ഡിജിറ്റൽ ലൈബ്രറികളാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

311. ലൈബ്രറികളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## ഇ-ഗവേണൻസ്

312. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ഇ-ഗവേണൻസ് പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഭരണപരവും സാങ്കേതികവുമായ മുഴുവൻ പ്രശ്നങ്ങളും പരിഹരിച്ച് ആറ് മാസങ്ങൾക്കുള്ളിൽ തന്നെ കൊച്ചി നഗരം പൂർണ്ണമായും ഇ-ഗവേൺഡ് ആയ നഗരമാക്കി മാറ്റും. ഈ പദ്ധതിയുടെ സമയ ബന്ധിതമായ നടത്തിപ്പിനും ഏകോപനത്തിനുമായി സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തനമാരംഭിക്കും.

313. ഈ പ്രവർത്തനത്തിനായി നാല് കോടി രൂപ ചെലവഴിക്കും.

## പരാതി അദാലത്തിന് സ്ഥിരം സംവിധാനം

314. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട ജനങ്ങളുടെ എല്ലാവിധ പരാതികളും സമയബന്ധിതമായി പരിഹരിക്കുന്നതിന്റെ ഭാഗമായി എല്ലാ സോണുകളും കേന്ദ്രീകരിച്ച് മൂന്ന് മാസത്തിലൊ തിക്കൽ പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള സ്ഥിരംസംവിധാനം ഏർപ്പെടുത്തും. പരാതി അദാലത്തിനായി കെ.എം.സി. തലത്തിൽ മേയറുടെ നേതൃത്വത്തിൽ ഒരു സെക്രട്ടറിയറ്റ് രൂപീകരിക്കും.

## നഗരം കാമറ വലയത്തിൽ

315. നഗരത്തിലെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളും മറ്റ് പ്രധാനപ്പെട്ട കേന്ദ്രങ്ങളും സി.സി.ടി.വി. നിരീക്ഷണത്തിന് കീഴിൽ ആക്കുന്നതി നുള്ള പദ്ധതി നടപ്പിലാക്കും. പോലീസ് വകുപ്പിന്റെ സഹകരണ ത്തോടെ വിവിധ വ്യാപാരി-വ്യവസായ സംഘടനകളുടേയും മറ്റ് സ്ഥാപനങ്ങളുടേയും പിന്തുണയോടെ പദ്ധതി നടപ്പിലാക്കും.

316. പദ്ധതിക്കായി എഴിപത്തഞ്ച് ലക്ഷം രൂപ അനുവദിക്കുന്നു.

## ഇന്റർനാഷണൽ അർബൻ കോ–ഓപ്പറേഷൻ പദ്ധതി

317. 2018–19 സാമ്പത്തിക വർഷം പ്രഖ്യാപിച്ച് യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഇന്റർ നാഷണൽ അർബൻ കോ–ഓപ്പറേഷൻ (ഐ.യു.സി.) പദ്ധതിയുടെ ഭാഗമായി ലിത്വാനിയിലെ വിൽനിയസ് നഗരവുമായുള്ള സാങ്കേതിക സാംസ്കാരിക സഹകരണ വിനിമയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്ക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നീ മേഖലകളിലാണ് കൂടുതൽ സാങ്കേതിക സഹായം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുള്ളത്.

318. പദ്ധതിയുടെ ഭാഗമായി ലോകത്തിലെ വിവിധ നഗരങ്ങളിൽ ഏറ്റവും കാര്യക്ഷമമായി മാലിന്യ സംസ്ക്കരണം നടക്കുന്ന നഗരങ്ങളിലെ മാതൃകകളുടെ അടിസ്ഥാനത്തിൽ കൊച്ചിയിൽ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു 'ബേസ് ലൈൻ സ്റ്റഡി' തയ്യാറാക്കും. ആയതിന്റെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ–നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള സഹായങ്ങൾ ലഭ്യമാക്കും.

319. കൊച്ചിയിലെ കനാലുകളെ കുറിച്ചും ഇത്തരമൊരു 'ബേസ് ലൈൻ സ്റ്റഡി' നടത്തി സംരക്ഷണത്തിനുള്ള സഹായം ലഭ്യമാക്കും.

320. ഈ പദ്ധതികൾക്കാവശ്യമായ മുഴുവൻ ചെലവും യൂറോപ്യൻ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ അർബൻ കോ–ഓപ്പറേഷൻ വഹിക്കും.

## പള്ളുരുത്തി അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ

321. ഇടക്കൊച്ചി അഭയകേന്ദ്രം പൂർത്തിയാകുന്ന മുറയ്ക്ക് പള്ളുരുത്തി അഭയകേന്ദ്രത്തിലെ മുഴുവൻ അന്തേവാസികളേയും ഇടക്കൊച്ചിയിലേക്ക് മാറ്റും. നിലവിൽ അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത്

ഒരു അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ നിർമ്മിക്കും. ബി.ഒ.ടി. അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രമുഖരായ എൻ.ആർ.ഐ. വ്യവസായികളുടെ സഹായവും തേടും.

322. ഈ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## വഴിയോര കച്ചവടം

323. തെരുവ് കച്ചവടവുമായി ബന്ധപ്പെട്ട് നഗരം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ദിവസേനയെന്നോണം നിരവധിയായ തെരുവ് കച്ചവട കേന്ദ്രങ്ങളാണ് നഗരത്തിൽ പൊട്ടിമുളക്കുന്നത്. നിലനിൽപ്പിനായുള്ള തൊഴിലിടം എന്നതിനപ്പുറം വൻ വ്യവസായമായി ഇത് മാറുകയാണ്. ഒന്നിലധികം ഇടങ്ങളിൽ തെരുവ് കച്ചവടസ്ഥാപനങ്ങളുള്ള നിരവധി വമ്പന്മാർ കൊച്ചിയിലുണ്ട്. ഈയൊരു സാഹചര്യത്തിൽ തെരുവ് കച്ചവടവുമായി ബന്ധപ്പെട്ട് ശക്തമായ നിയന്ത്രണങ്ങൾ നടപ്പിലാക്കും.

## വെന്റിംഗ് സോൺ

324. നിയമപരമായി തയ്യാറാക്കേണ്ട വെന്റിംഗ് സോണുകളുടെ അഭാവമാണ് പലപ്പോഴും നഗരം മുഴുവൻ തെരുവ് കച്ചവടക്കാർ കൈയ്യേറാനുള്ള കാരണങ്ങളിലൊന്ന്. വെന്റിംഗ് സോണുകൾ എത്രയും പെട്ടെന്ന് തയ്യാറാക്കുക എന്നതാണ് തെരുവ് കച്ചവടം നിയന്ത്രിക്കുന്നതിനുള്ള ആദ്യപടി. നഗരത്തിലെ മുനിസിപ്പൽ കോർപ്പറേഷന്റെ ഏഴു സോണുകളിലായി യോജിച്ച സ്ഥലം കണ്ടെത്തി വെന്റിംഗ് സോണുകൾ തയ്യാറാക്കും. നിലവിലുള്ള സർവ്വേ അടിസ്ഥാനത്തിൽ കണ്ടെത്തിയ മുഴുവൻ തെരുവ് കച്ചവടക്കാരേയും വെന്റിംഗ് സോണുകളിലേക്ക് മാറ്റും. പുതിയതായി യാതൊരു തരത്തിലുള്ള തെരുവ് കച്ചവടവും അനുവദിക്കുന്നതല്ല. തെരുവ് കച്ചവടം കൊച്ചിയിൽ

സ്ഥിരതാമസമാക്കിയവർക്ക് മാത്രമായി പരിമിതപ്പെടുത്തും. ഒരു വ്യക്തിക്ക് ഒരു തെരുവ് കച്ചവടസ്ഥാപനത്തിൽ കൂടുതൽ അനുവദിക്കുന്നതല്ല.

325. തെരുവ് കച്ചവടവുമായി ബന്ധപ്പെട്ട സ്ഥിരം സംവിധാനം എവിടേയും അനുവദിക്കില്ല. മൊബൈൽ വാഹനങ്ങളോ ഉന്തുവണ്ടിയോ തള്ളിമാറ്റാൻ സാധിക്കുന്ന സംവിധാനമോ മാത്രമേ അനുവദിക്കുക യുള്ളൂ. വെന്റിംഗ് സോണുകളിൽ നിന്നും നികുതി പിരിക്കുന്നത് ആരംഭിക്കും. പാർലമെന്റ് പാസാക്കിയ സ്ട്രീറ്റ് വെന്റിംഗ് പോളി സിയുടെ അന്തഃസത്ത കാത്തുസൂക്ഷിച്ചുകൊണ്ട് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കും.

## നോ-വെന്റിംഗ് സോൺ

326. പ്രധാന നഗരകേന്ദ്രങ്ങളിലും കാൽനട യാത്രാ സൗകര്യങ്ങളെ തടസ്സപ്പെടുത്തിയും മറ്റ് പൊതു ആവശ്യങ്ങൾക്കായി നീക്കിവെച്ച സ്ഥലങ്ങളിലും യാതൊരു കാരണവശാലും തെരുവോര കച്ചവടം അനുവദിക്കുന്നതല്ല.

327. ഇത്തരം സ്ഥലങ്ങളെ നോ-വെന്റിംഗ് സോൺ ആയി പ്രഖ്യാപിക്കും.

## റെസ്ട്രിക്റ്റഡ് വെന്റിംഗ് സോൺ

328. ചില സ്ഥലങ്ങളിൽ പ്രത്യേക സമയത്തും ഉൽസവം പോലുള്ള പ്രത്യേക സാഹചര്യങ്ങളിലും തെരുവ് കച്ചവടം നടത്താൻ അനു വദിക്കുന്ന രീതിയിൽ റെസ്ട്രിക്റ്റഡ് വെന്റിംഗ് സോണുകൾ തയ്യാറാക്കും.

329. ശാസ്ത്രീയമായ സർവ്വേകൾ നടത്തി ഇത്തരം സ്ഥലങ്ങൾ കണ്ടെത്തും.

## കൾച്ചറൽ വെന്റിംഗ് സോൺ

330. ഇന്ത്യൻ നേവിയുമായി സഹകരിച്ച് പഴയ വിക്രാന്ത് പാലം ഒരു കൾച്ചറൽ വെന്റിംഗ് സോണാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും.

## വഴിയോര കച്ചവടത്തിന് ഗ്രേഡിംഗ്

331. വഴിയോര കച്ചവടത്തെ പ്രത്യേക സമയത്തേക്കുള്ള മാർക്കറ്റുകൾ, ഉത്സവാഘോഷ പരിപാടികൾക്ക് ഇടയിലെ മാർക്കറ്റുകൾ, മൊബൈൽ യൂണിറ്റുകൾ എന്നിങ്ങനെയായി വേർതിരിച്ച് ലൈസൻസ് ഏർപ്പെടുത്തുതിന് തീരുമാനിക്കും. ശാസ്ത്രീയമായ സർവ്വേകളുടെ അടിസ്ഥാനത്തിൽ ടൗൺവെന്റിംഗ് കമ്മിറ്റികൾ ആണ് ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യുക. താല്ക്കാലിക ലൈസൻസുകൾ നൽകി എല്ലാത്തരം തെരുവ് കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസും നികുതിയും പിരിക്കും.

## ശുചിത്വ ഭക്ഷണം

332. ശക്തമായ ആരോഗ്യ സുരക്ഷാ ക്യാമ്പയിന്റെ ഭാഗമായി എല്ലാ ഭക്ഷണ വിതരണ യൂണിറ്റുകളും ശക്തമായ നിരീക്ഷണത്തിന് കീഴിലാക്കും. ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ യാതൊരു കാരണവശാലും നഗരത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കാൻ അനുവദിക്കില്ല. ലൈസൻസില്ലാത്ത ഭക്ഷണ വിതരണ സംവിധാനങ്ങൾ ഉടനടി തന്നെ കസ്റ്റഡിയിലെടുത്ത് നിയമ നടപടികൾ ആരംഭിക്കുന്നതിന് ഹെൽത്തിൽ സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കും. മൊബൈൽ യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ മൊബൈൽ യൂണിറ്റുകളിലൂടെ വിൽക്കുവാൻ യാതൊരു കാരണവശാലും അനുവദിക്കില്ല.

## സുഭിക്ഷ

333. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സോണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് ഇരുപത് രൂപയ്ക്ക് ഭക്ഷണം ലഭ്യമാക്കുന്ന 'സുഭിക്ഷ' ഭക്ഷണ ശാലകൾ തുറക്കും. ആദ്യപടിയായി സുഭിക്ഷ ഭക്ഷണശാലകൾ കെ.എം.സി. മെയിൻ ഓഫീസ്, ഇടപ്പള്ളി സോണൽ ഓഫീസ്, പള്ളുരുത്തി സോണൽ ഓഫീസ്, ഫോർട്ട്കൊച്ചി സോണൽ ഓഫീസിനു സമീപം യു.പി.എ.ഡി ഓഫീസ് എന്നിവിടങ്ങളിൽ ആരംഭിക്കും.

334. ഈ ഭക്ഷണശാലകളിൽ നിന്നും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ പത്ത് ശതമാനം ഏറ്റവും അശരണരായ വ്യക്തികൾക്ക് സൗജന്യ മായി നൽകും.

335. പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## വിമുക്തി

336. നാടും സമൂഹവും ലഹരിയ്ക്കടിമപ്പെടുന്ന ഭയാനകമായ ഒരു സ്ഥിതി വിശേഷം നിലവിലുണ്ട്. പ്രാദേശിക സർക്കാരെന്ന നിലയിൽ ഈ വിഷയത്തിൽ കെ.എം.സി. ശക്തമായി ഇടപെട്ടുകൊണ്ട് ഈ പ്രവ ണതയെ തിരുത്തേണ്ടതുണ്ട്. സംസ്ഥാന എക്സൈസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന താണ്. ഓരോ ഡിവിഷനും കേന്ദ്രീകരിച്ച് കൗൺസിലർമാരുടെ നേതൃ ത്വത്തിൽ ഒരു പ്രത്യേക ടീം ഈ ആവശ്യത്തിനായി സജ്ജീകരിക്കു ന്നതാണ്.

## പൊതുവിദ്യാഭ്യാസം

337. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കൊച്ചി നഗരത്തിലെ പൊതു വിദ്യാലയങ്ങൾ വൻ നേട്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

മികച്ച അടിസ്ഥാന സൗകര്യവും ഉയർന്ന പഠന നിലവാരവും ഈ വിജയത്തെയാണ് കാണിക്കുന്നത്. പൊതു വിദ്യാലയങ്ങളിൽ പഠന വൈകല്യം നേരിടുന്ന കുട്ടികളെ കണ്ടെത്തി റെമെഡിയൽ വിദ്യാഭ്യാസം നൽകുന്ന ഒരു പരിപാടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

338. സർക്കാർ വിദ്യാലയങ്ങളിലെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഐ.ടി. അധിഷ്ഠിത നൈപുണ്യ വികസനത്തിനായി ഒരു പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കും.

339. നഗരത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകപദ്ധതി തയ്യാറാക്കും.

## കൽവത്തി സ്കൂൾ നവീകരണം

340. കൽവത്തി സ്കൂളിന്റെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി നാല് നിലയിലുള്ള പുതിയ കെട്ടിടം പണിയുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

## സ്കൂൾ ലൈബ്രറികൾ

341. നഗരത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ ലൈബ്രറികൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും. ലൈബ്രറികൾക്ക് കൂടുതൽ സ്ഥലവും അടിസ്ഥാന സൗകര്യവുമൊരുക്കും. കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിനും ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനും സഹായിക്കും. ജില്ലാ വിദ്യാഭ്യാസ വകുപ്പിന്റെയും ജില്ലാ ലൈബ്രറി കൗൺസിലിന്റേയും സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും.

## കളരി

342. സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കും. പദ്ധതിയുടെ ഭാഗമായി മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലേയും ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കളരി പരിശീലനം, തായ്ക്വാൺഡോ പരിശീലനം എന്നിവക്കായി സജ്ജീകരണങ്ങൾ ഒരുക്കും. ഏറ്റവും വിദഗ്ദ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കും.

343. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## മേയേഴ്സ് കപ്പ് ഫുട്ബോൾ ടൂർണമന്റ്

344. 'മേയേഴ്സ് കപ്പി'നായുള്ള ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് ഈ സാമ്പത്തികവർഷം ആരംഭിക്കും.

345. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## സ്കൂൾ കുട്ടികൾക്ക് മുട്ടക്കോഴി വിതരണം

346. നഗരത്തിലെ എല്ലാ സാർക്കാർ-എയ്ഡഡ് സ്കൂളുകളിലേയും തിരഞ്ഞെടുക്കുന്ന നൂറ് വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യും. കുട്ടികളുടെ ആഹാരത്തിൽ ആവശ്യത്തിന് പോഷകം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ട്ടാണ് ഇത് നടപ്പിലാക്കുന്നത്. മുട്ടക്കോഴികളെ ഓരോ കുട്ടികളുടേയും വീടുകളിൽ എത്തിച്ച് നൽകും.

347. മേൽ വിവരിച്ച പൊതു വിദ്യാഭ്യാസരംഗത്തെ പ്രവത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലുൾപ്പെടുത്തി ഏഴ് കോടി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## ഒരു വാർഡിൽ ഒരു കളിസ്ഥലം

348. കായിക വികസനത്തിന്റെ ഭാഗമായി നഗരത്തിലെ ഓരോ വാർഡിലും കായിക വിനോദങ്ങൾക്കായി ജനങ്ങൾക്ക് ഒത്തുകൂടാൻ ഉതകുന്ന തരത്തിലുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലോ സംസ്ഥാന സർക്കാരിന്റെ കീഴിലോ മറ്റ് പൊതു സ്ഥാപനങ്ങളുടെ കീഴിലോ ഉള്ള ഭൂമിയായിരിക്കും ഇതിന് ഉപയോഗിക്കുക.

349. പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ശ്രീ. കെ. കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹാളും ഇൻഡോർ സ്റ്റേഡിയവും

350. പള്ളുരുത്തിയിൽ പുതുതായി നിർമ്മിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ യശ്ശശരീരനായ ശ്രീ. കെ. കരുണാകരന്റെ ദീപ്തമായ ഓർമ്മകൾക്കു മുന്നിൽ സമർപ്പിക്കുന്നു. ഈ കമ്മ്യൂണിറ്റി ഹാൾ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിൽ അറിയപ്പെടും. കൂടാതെ, പള്ളുരുത്തിയിൽ പുതിയ ഇൻഡോർ ബാറ്റ്മിന്റൺ സ്റ്റേഡിയം നിർമ്മിച്ച് ആയതും ശ്രീ. കെ. കരുണാകരന്റെ നാമധേയത്തിൽ പ്രവർത്തിക്കും.

351. ഇതിനായി അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കച്ചേരിപ്പടി കോർപ്പറേഷൻ ഗ്രൗണ്ട് നവീകരണം

352. ബഹുമാനപ്പെട്ട എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡന്റെ എം.പി. ഫണ്ടിൽ നിന്നുള്ള ഫണ്ടും പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് പള്ളുരുത്തി കച്ചേരിപ്പടി കോർപ്പറേഷൻ ഗ്രൗണ്ട് ഏറ്റവും ആധുനിക രീതിയിൽ പുതുക്കിപ്പണിയും. കൊച്ചിയിലെ ഏറ്റവും പ്രധാന കായിക കേന്ദ്രമാക്കി മാറ്റും.

353. പദ്ധതിക്കായി കെ.എം.സി. വിഹിതമായ ഇരുപത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## പട്ടികജാതി ക്ഷേമം

354. പട്ടിക ജാതി വിഭാഗത്തിൽപെട്ട ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനായി നിരവധി പദ്ധതികളാണ് കഴിഞ്ഞ നാലു വർഷമായി ഈ കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആയതിന്റെ തുടർച്ചയെന്നോണം പട്ടികജാതി ക്ഷേമം ലക്ഷ്യമാക്കിയുള്ള നിരവധി പദ്ധതികളാണ് ഈ കൗൺസിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി വിദ്യാഭ്യാസ ധനസഹായം, സ്കോളർഷിപ്പ്, പഠനമുറി, തയ്യാറാക്കൽ ഫർണിച്ചർ നൽകൽ, ലാപ് ടോപ്പ് നൽകൽ, കരിയർ ഗൈഡൻസ്, മോട്ടിവേഷണൽ ക്ലാസ് എന്നിവ അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കും. ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അർഹരായ എല്ലാവർക്കും നൽകും. ഇത് ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കും. എല്ലാ വീടുകളിലും കുടിവെള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കും. പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന എല്ലാ കോളനികളുടേയും അടിസ്ഥാന വികസനത്തിനും മറ്റുമായി നിരവധി പദ്ധതികൾ നടപ്പിലാക്കും. ഈ വിഭാഗത്തിൽപെട്ട എല്ലാ കുടുംബങ്ങളിലേക്കും ഒരാട്ടിൻകുട്ടിയെ സൗജന്യമായി നൽകും. എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കും.

355. പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്ക് എട്ട് കോടി രൂപ ചെലവഴിക്കും.

## പട്ടികവർഗ്ഗ വിഭാഗം

356. നഗരത്തിൽ അംഗസംഖ്യയിൽ പരിമിതമായ പട്ടികവർഗ്ഗത്തിൽപെട്ട ജനവിഭാഗങ്ങളുടെ വികസനത്തിനായുള്ള പട്ടികവർഗ്ഗ ഊരുകൂട്ട

തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കും. നഗരത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ടയാളുകൾക്ക് പ്രത്യേക ഐ.ഡി. കാർഡ്, ഹെൽത്ത് കാർഡ് എന്നിയ അനുവദിക്കും. കരുവേലിപ്പടിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കും.

357. പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് എഴുപത്തിരണ്ട് ലക്ഷം രൂപ ചെലവഴിക്കും.

## അംഗനവാടികൾ

358. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം നൽകുകയും കെട്ടിടം നിർമ്മിച്ച് നൽകുകയും ചെയ്യും. നിലവിലുള്ള മുഴുവൻ അംഗനവാടികളും നവീകരിക്കും. ആവശ്യമായ അംഗനവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കും. അംഗനവാടികൾക്ക് അധിക വാടക ഇനത്തിൽ വരുന്ന തുക ചെലവഴിക്കും. ആവശ്യമായ പെയിന്റിംഗ് ചെയ്യും, നെയിം ബോർഡ് പുതുക്കും, കൊടിമരം സ്ഥാപിക്കും, കുടിവെള്ള കണക്ഷൻ നൽകും. അനുപൂരക പോഷകാഹാര പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കും.

359. പദ്ധതിക്കായി പത്ത് കോടി രൂപ ചെലവഴിക്കും.

## വയോമിത്രം-വയോജന സൗഹൃദനഗരം

360. കൊച്ചിയെ ഒരു വയോജന സൗഹൃദ നഗരമായി മാറ്റുവാനുള്ള നിരവധി കർമ്മപദ്ധതികളാണ് കഴിഞ്ഞ നാല് വർഷമായി വയോമിത്രം പദ്ധതിയുടെ ഭാഗമായി കൗൺസിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം വയോജന സംഗമം, വയോജനങ്ങൾക്കായുള്ള മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, നിയമ ബോധവത്ക്കരണ സെൽ, ഉല്ലാസ യാത്രകൾ എന്നിവ സംഘടിപ്പിക്കും.

361. വയോമിത്രം പദ്ധതിക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## സീനിയർ സിറ്റിസൺ പാർക്ക്

362. പാടിവട്ടം എൽ.പി. സ്കൂളിന് മുൻവശം സീനിയർ സിറ്റിസൺ പാർക്ക് നിർമ്മിക്കും. നിലവിലുള്ള പെരുമ്പടപ്പ് പാർക്ക് സീനിയർ സിറ്റിസൻമാർക്ക് പ്രയോജകരമാകുന്ന രീതിയിൽ നവീകരിക്കും.

363. പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## പാലിയേറ്റീവ് കെയർ

364. നഗരത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾക്കും പ്രത്യേക സഹായം നൽകും. കൊച്ചി നഗരത്തിൽ വിവിധ വാർഡുകളിലായി ശരിയായ പരിചരണവും പരിരക്ഷയും കിട്ടാത്ത നിരവധി കിടപ്പുരോഗികളുണ്ട്. ഇവരെ വീടുകളിൽ ചെന്ന് പരിചരണവും സാന്ത്വനവും നൽകി മാനസികവും ശാരീരികവുമായ സംരക്ഷണം നൽകുന്നതിനുള്ള ചുഴലി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കും.

365. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## ശാരീരിക മാനസിക വെല്ലുവളികൾ നേരിടുന്നവർക്കായി

366. ശാരീരികവും മാനസീകവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് വിതരണം ചെയ്യും. കൂടാതെ, സഹായ ഉപകരണങ്ങൾ നൽകും. ബഡ്സ് സ്കൂൾ സ്ഥാപിക്കും.

367. നഗരത്തിലെ മുഴുവൻ ശാരീരിക-മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക കൗൺസിലിംഗിനുള്ള സൗകര്യവും ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. പദ്ധതിക്കായി പത്ത് ലക്ഷം രൂപ മാറ്റിവെക്കുന്നു.

368. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന എല്ലാ വ്യക്തികൾക്കും പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. ഇതിനാവശ്യമായ ഫണ്ട് ബഹു. സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലൂടേയും കെ.എം.സി.യുടെ തനത് വരുമാനത്തിലൂടെയും കണ്ടെത്തും.

369. പദ്ധതിക്കായി മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## എച്ച്.ഐ.വി. ബാധിച്ചവർ

370. എച്ച്.ഐ.വി. ബാധിച്ചവർക്കായുള്ള മരുന്നുകളും പോഷകാഹാരങ്ങളും വിതരണം ചെയ്യും. അനുബന്ധ പ്രവർത്തനങ്ങളും നടത്തും. എച്ച്.ഐ.വി. ബാധിച്ചവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് സ്കോളർഷിപ്പ് നൽകും.

371. പദ്ധതിക്കായി പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഓട്ടിസം

372. ഓട്ടിസം ബാധിച്ചവർക്ക് സ്കോളർഷിപ്പ് നൽകും. ഇവർക്കായുള്ള മെഡിക്കൽ ക്യാമ്പുകളും ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകും.

373. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## എബിലിറ്റി സെന്റർ

374. ശാരീരിക-ഭിന്നശേഷിക്കാർക്ക് ഒത്തുചേരാനും വിദ്യാഭ്യാസം, ജോലി തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ഊന്നൽ കൊടുത്ത് ജീവിത വിജയം കൈവരിക്കാനും ഉതകുന്ന തരത്തിലുള്ള 'എബിലിറ്റി സെന്ററുകൾ' നഗരത്തിൽ സ്ഥാപിക്കും.

375. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കാർഷികരംഗം

376. ഈ കൗൺസിൽ നിലവിൽ വന്നതിനു ശേഷം നിരവധിയായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് കാർഷിക രംഗവുമായി ബന്ധപ്പെട്ട് നടത്തിവരുന്നത്. നഗരത്തിന് ആവശ്യമായ കൃഷി ഉല്പ്പന്നങ്ങൾ നഗരത്തിൽ തന്നെ ഉല്പ്പാദിപ്പിക്കുക എന്നതാണ് ഈ കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കാനുള്ള നിരവധി പദ്ധതികളാണ് കഴിഞ്ഞ നാലു വർഷമായി ഈ കൗൺസിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. പച്ചക്കറി, പഴവർഗ്ഗങ്ങളുടെ ഉല്പ്പാദനത്തിനായും നെൽകൃഷിയുടെ പ്രത്യേക പരിപോഷണത്തിനായി നിരവധി പദ്ധതികളും ഈ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി, നടിയിൽ വസ്തുക്കളുടെ വിതരണം, ഫലവൃക്ഷതൈകളുടെ വിതരണം അടക്കമുള്ള നിരവധി പദ്ധതികൾ കാർഷിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കും. വൈറ്റില കൃഷിഭവനുമായി സഹകരിച്ചുകൊണ്ട് കാർഷിക പരിശീലനത്തിനായുള്ള പ്രത്യേകം പദ്ധതികൾ നടപ്പിലാക്കും.

377. കാർഷികരംഗത്തെ പ്രവർത്തനങ്ങൾക്കായി അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കൃഷി-വിദ്യാഭ്യാസം

378. നമ്മുടെ പുതുതലമുറ കൃഷിയിൽനിന്നും അകന്ന് പോകുന്നത് ഏറെ വേദനാകരമാണ്. നമ്മുടെയെല്ലാം പ്രിയങ്കരനായ ഭരത് മമ്മുട്ടി പറഞ്ഞത് പോലെ 'കൃഷി കർഷകന്റെ ഉപജീവനമല്ല, മനുഷ്യന്റെ അതിജീവനമാണ്'. ഒരു സമൂഹം എല്ലാ തടസ്സങ്ങളേയും നീക്കം ചെയ്ത് ഭാവിയിലേക്ക് കുതിക്കണമെങ്കിൽ കൃഷി എന്ന 'അതിജീവന മാർഗ്ഗം' സ്വീകരിച്ചേ മതിയാകൂ. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ കുട്ടികളെ കൃഷിയോടടുപ്പിക്കേണ്ടതിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നത്.

379. നമ്മുടെ വിദ്യാലയങ്ങളിൽ 'കൃഷി പഠനം' പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടി സ്വീകരിക്കും. ആദ്യപടിയായി കെ.എം.സി. യുടെ കീഴിലുള്ള മുഴുവൻ സ്കൂളുകളിലും സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി പാഠശാല ആരംഭിക്കും.

380. ഈ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## ഫലവൃക്ഷ തൈകൾ

381. നഗരത്തിനാവശ്യമായ ഫലവൃക്ഷങ്ങൾ നഗരത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇതിന്റെ ഭാഗമായി അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലും ഫലവൃക്ഷ തൈകൾ നട്ടുപരിപാലിക്കും. കൃഷി വകുപ്പിന്റേയും സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റേയും സഹായത്തോടെ ആയിരിക്കും പദ്ധതി നടപ്പിലാക്കുക.

382. ഈ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## ജൈവപച്ചക്കറി കൃഷി

383. വിഷരഹിത പച്ചക്കറി ഉൽപ്പാദനം ഉറപ്പ് വരുത്തുന്നതിനു വേണ്ടി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജീവന പദ്ധതിയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ഇടക്കൊച്ചി, പള്ളുരുത്തി, തോപ്പുംപടി, വൈറ്റില, ഇടപ്പള്ളി, വെണ്ണല ഭാഗങ്ങളിൽ ജൈവ പച്ചക്കറി ഉൽപ്പാദനത്തിനുള്ള സ്ഥലം കണ്ടെത്തി കൃഷി ആരംഭിക്കും.

384. പദ്ധതിയുടെ നടത്തിപ്പിനായി ഇരുപത്തിയഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## മത്സ്യമേഖല - വിദ്യാഭ്യാസ സഹായം

385. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി നടപ്പിലാക്കും. പ്രത്യേക സ്കോളർഷിപ്പുകൾ, പരീക്ഷാ തയ്യാറെടുപ്പിനായുള്ള സഹായങ്ങൾ, പ്രൊഫഷണൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സഹായങ്ങൾ, ആവശ്യത്തിന് ഫർണിച്ചറുകൾ അടക്കമുള്ള പഠന സാമഗ്രികൾ എന്നിവ ലഭ്യമാക്കും. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ലാപ്ടോപ് വിതരണം ചെയ്യും.

## കോളനികളുടെ നവീകരണം

386. നഗരത്തിലെ മുഴുവൻ മത്സ്യതൊഴിലാളികളുടെ കോളനികളും നവീകരിക്കും. ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും എല്ലാ വീടുകൾക്കും സൗജന്യ കുടിവെള്ള-വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കും.

## മാർക്കറ്റുകളുടെ നവീകരണം

387. നഗരത്തിലെ മുഴുവൻ മത്സ്യമാർക്കറ്റുകളും ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും പണി പൂർത്തീകരിക്കും. മാർക്കറ്റുകളിലേക്കുള്ള അപ്രോച്ച് റോഡ് നവീകരിക്കും.

## ഫിഷ് ലാന്റിംഗ് സെന്റർ

388. നഗരത്തിലെ എല്ലാ ഫിഷ്ലാന്റിംഗ് സെന്ററുകളും പുതുക്കിപ്പണിയും. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും. പൊതു വാർത്താ വിനിമയ സംവിധാനങ്ങൾ ഒരുക്കും.

## ഫൈബർ വള്ളങ്ങൾ

389. അർഹരായ എല്ലാ മത്സ്യതൊഴിലാളികൾക്കും ഫൈബർ വള്ളങ്ങൾ വിതരണം ചെയ്യും. വഞ്ചിയും വലയും അടക്കമുള്ള മറ്റ് തൊഴിലുപകരണങ്ങളും നൽകും. മത്സ്യവിതരണത്തിനായി മോട്ടോർ സൈക്കിളുകൾക്കായി സബ്സിഡി നൽകും.

## മത്സ്യസമ്പത്ത് വികസിപ്പിക്കുന്നതിനുള്ള പദ്ധതി

390. നഗരത്തിലെ കായലുകളിലും കനാലുകളിലും ചെറുതോടുകളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മീൻ കുഞ്ഞുങ്ങളേയും ചെമ്മീൻ കുഞ്ഞുങ്ങളേയും നിക്ഷേപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കും. ഈ പദ്ധതി മത്സ്യതൊഴിലാളി സഹകരണ സംഘംവഴി നടപ്പിലാക്കും. സി.എം.എഫ്.ആർ.ഐ. യുടേയും കുഫോസിന്റേയും സഹകരണത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

391. മത്സ്യമേഖലയിലെ പ്രവർത്തനങ്ങൾക്കായി മൂന്ന് കോടി രൂപ നീക്കിവെക്കുന്നു.

## ചമ്പക്കര മാർക്കറ്റ്

392. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാർക്കറ്റുകളിലൊന്നായ ചമ്പക്കര മാർക്കറ്റിന്റെ പുനരുദ്ധാരണത്തിനായുള്ള കർമ്മപദ്ധതി ഈ സമ്പത്തികവർഷം നടപ്പിലാക്കും. മാർക്കറ്റിന്റെ വികസനം ലക്ഷ്യമാക്കി കൂടുതൽ സ്ഥലം ഏറ്റെടുക്കും. ഏറ്റവും അധുനിക രീതിയിൽ മാർക്കറ്റ് പുതുക്കിപ്പണിയും.

393. പദ്ധതിക്കായി ഈ സാമ്പത്തികവർഷം അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ആൽബുക്കർക്ക് ജെട്ടി

394. കേരളത്തിലെതന്നെ ഏറ്റവും പുരാതനമായ ആൽബുക്കർക്ക് ഫിഷ് ലാന്റിംഗ് സെന്റർ പുതുക്കിപ്പണിത് ആധുനിക രീതിയിൽ സജ്ജീകരിക്കും. പരിസരം സൗന്ദര്യവൽക്കരിക്കും.

395. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## തോപ്പുംപടി ഹാർബർ വകസനം

396. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഹാർബറുകളിൽ ഒന്നും, നാല്പത് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കുകയും ചെയ്ത തോപ്പുംപടി ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി ഒരു പ്രത്യേക ബൃഹദ് പദ്ധതി തയ്യാറാക്കും. മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടേയും (എം.പി.ഇ.ഡി.എ) കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റേയും നേതൃത്വത്തിൽ നൂറ് കോടി രൂപ ചെലവഴിച്ച് നടത്തുന്ന ഈ പദ്ധതി കൊച്ചി നഗരത്തിന്റെ സമ്പത്തിക-വികസന രംഗത്ത് വൻ നേട്ടങ്ങൾക്ക് കാരണമാവും. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എം.സി. നടത്തേണ്ട അടിസ്ഥാന വികസനം അടക്കമുള്ള എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി വിജയിപ്പിക്കും.

397. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എം.സി. നടത്തേണ്ട പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## മാർക്കറ്റുകളുടെ നവീകരണം

398. കെ.എം.സി.ക്കു കീഴിലുള്ള എല്ലാ ഷോപ്പിംഗ് കോംപ്ലക്സുകളും പൊതുമാർക്കറ്റുകളും ഈ സാമ്പത്തിക വർഷം നവീകരിക്കും.

399. പദ്ധതിക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## എറണാകുളം മാർക്കറ്റ് ഏരിയ ഡെവലപ്മെന്റ്

400. സ്മാർട്ട് സിറ്റീസ് പദ്ധതിലുൾപ്പെടുത്തി നടപ്പിലാക്കുന്ന എറണാകുളം മാർക്കറ്റ് ഏരിയ ഡെവലപ്മെന്റ് പദ്ധതി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കും.

401. കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ സഹായത്തോടെ നൂറ് കോടി രൂപ ചെലവഴിക്കും.

## ബ്രോഡ്‌വേ സ്ട്രീറ്റ് നവീകരണം

402. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്രോഡ്‌വേ പുനരുദ്ധാരണ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. പദ്ധതിക്കായി 8.7 കോടി രൂപ ചെലവഴിക്കും.

## സ്വയംതൊഴിൽ സംരംഭം

403. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി സ്വയം തൊഴിൽ സംരംഭകത്വത്തിനായി നിരവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കും. ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡികൾ നൽകും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഗൈഡൻസ് സെല്ലുകൾ ആരംഭിക്കും. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

404. ഈ പദ്ധതിക്കായി എൺപത്തഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ലോക്കൽ എംപ്ലോയ്മെന്റ് അവയർനെസ് പ്രോഗ്രാം

405. കെ.എം.സി. യുടെ നേതൃത്വത്തിൽ 2020-2021 സാമ്പത്തിക വർഷം അമ്പത് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കും. സഹായ

സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവ വഴിയാണ് ഈ സംരംഭങ്ങൾ ആരംഭിക്കുക. ചെറുകിട വ്യവസായ സംരംഭങ്ങൾ, സാങ്കേതിക സേവന കേന്ദ്രങ്ങൾ, കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവ ഇതിന്റെ ഭാഗമായി ആരംഭിക്കും. കുടുംബശ്രീയെ തൊഴിൽ സംരംഭങ്ങളുടെ പ്രധാന ഏജൻസിയായി തിരഞ്ഞെടുക്കും.

406. ഈ പദ്ധതിക്കായി രണ്ട് ലക്ഷം രൂപ നീക്കിവെക്കുന്നു.

## എ.ബി.സി. പദ്ധതി

407. കെ.എം.സി. ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഏറ്റവും ശ്രദ്ധേയമായതിൽ ഒന്നാണ് എ.ബി.സി.ഡി. പദ്ധതി. ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഴുവൻ മാതൃകയാവുന്ന രീതിയിലാണ് നിലവിലുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രവർത്തിച്ചു വരുന്നത്. ഈ ഹോസ്പിറ്റലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ഓപ്പറേഷൻ തീയറ്റർ സജ്ജമാക്കുകയും ചെയ്യും. ആവശ്യമായ എല്ലാ ആശുപത്രി ഉപകരണങ്ങളും വാങ്ങും. കൂടുതൽ ഡോക്ടർമാരുടെ സേവനം ഉപയുക്തമാക്കും.

408. എ.ബി.സി.ഡി. പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം നാല്പ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## വളർത്തുനായ്ക്കളിൽ മൈക്രോ ചിപ്പ്

409. നഗരത്തിലെ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി നടപടികൾ സ്വീകരിക്കും. എല്ലാ വളർത്തു നായ്ക്കൾക്കും മൈക്രോ ചിപ്പ് സംവിധാനം ഏർപ്പെടുത്തും. ഉടമസ്ഥരുടെ ചെലവിൽ എ.ബി.സി.ഡി. പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കും.

410. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

**അറവുശാലകൾക്ക് ആധുനിക മുഖം**

411. കലൂർ അറവുശാലക്ക് പുതിയ എഫ്ളുന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബ്ലഡ് കൊയാഗുലേഷൻ യൂണിറ്റ് എന്നിവ ആരംഭിക്കും. മരക്കടവ് അറവുശാലയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ തടസ്സങ്ങളും നീക്കി പണി പൂർത്തീകരിക്കും.

412. അറവുശാലകൾക്കായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

**സൗജന്യ പൊതു ടോയ്‌ലറ്റുകൾ**

413. നഗരത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പൊതു ടോയ്‌ലറ്റുകൾ പണിയും. നിലവിലുള്ളവ പുതുക്കിപ്പണിയും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലുമുള്ള ടോയ്‌ലറ്റുകൾ പുതുക്കിപ്പണിയുകയും ആയത് പൊതു ടോയ്‌ലറ്റുകൾ ആയി ഉപയോഗിക്കുന്നതിനുള്ള സൗകര്യവും ഒരുക്കും. മുഴുവൻ പൊതു ടോയ്‌ലറ്റുകളും സൗജന്യമായി ഉപയോഗിക്കാവുന്ന വിധത്തിൽ കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ പരിപാലിക്കും. ഇതിനാവശ്യമായ തുക പ്ലാൻ ഫണ്ട് വഴി കണ്ടെത്തും.

414. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

**ശ്മശാനം**

415. ഫോർട്ട്കൊച്ചി വെളി, ഇടപ്പള്ളി, പുല്ലേപ്പടി, ആറുമുറി, ഇടക്കൊച്ചി, വാത്തുരുത്തി, രവിപുരം എന്നീ എല്ലാ പൊതു ശ്മശാനങ്ങളും നവീകരിക്കും. പള്ളുരുത്തി ശാന്തിഭൂമി ശ്മശാനത്തിന്റെ നവീകരണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കും.

416. ശ്മശാനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## സ്ത്രീസൗഹൃദ നഗരം

417. സ്ത്രീകളുടെ ശാക്തീകരണത്തിനും സുരക്ഷയ്ക്കും എന്നും പ്രത്യേക പ്രാധാന്യം നൽകിയാണ് കെ.എം.സി. പ്രവർത്തിച്ചുവരുന്നത്. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് വിവിധ തൊഴിൽ മേഖലകളിലുള്ള പരിശീലന പദ്ധതി നടപ്പിലാക്കും. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ വനിതാ വിഭാഗത്തിന്റെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കും. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളിൽ ഇടപെടുകയും അവർക്ക് ശരിയായ ഉപദേശം നൽകുകയും നിയമസഹായം നൽകുകയും ചെയ്യുന്നതിനുള്ള ഒരു നിയമവേദി രൂപീകരിക്കും. സ്ത്രീകൾക്കും കുട്ടികൾക്കുമായി സ്വയം സുരക്ഷാ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കും.

മേൽ പദ്ധതികൾക്കായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ചെലവഴിക്കും.

## ഷീ ഷെൽട്ടർ

418. സ്ത്രീകൾക്ക് കുറഞ്ഞ ചെലവിൽ താമസിക്കുവാനും അഭയ കേന്ദ്രമായി പ്രവർത്തിക്കുവാനും ഉതകുന്ന തരത്തിൽ നഗരത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഷീ ഷെൽട്ടർ നിർമ്മിക്കും. കൂടാതെ, നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീ സൗഹൃദ ടോയിലെറ്റുകൾ, മുലയൂട്ടൽ കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കും.

419. പദ്ധതിക്കായി ഒരു കോടി അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## നഗരത്തിൽ വിശ്രമകേന്ദ്രങ്ങൾ

420. നഗരത്തിൽ കുടുംബശ്രീയുടെ സഹകരണത്തോടെ താൽക്കാലിക വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കും. ആദ്യഘട്ടം എന്ന നിലയിൽ നഗരത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ഫോർട്ട്കൊച്ചിയിലും പൊതുഗതാഗത കേന്ദ്രങ്ങളായ വൈറ്റില മൊബിലിറ്റി ഹബ്, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, എം.ജി. റോഡ്, പള്ളുരുത്തി എന്നിവിടങ്ങളിൽ വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കും.

421. ഇതിനായി പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## വിമൻസ് വില്ലേജ്

422. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള വിവിധ അഭയ കേന്ദ്രങ്ങളിൽ നിരവധി സ്ത്രീകളും കുട്ടികളും സംരക്ഷിക്കപ്പെടുന്നുണ്ട്. അഭയകേന്ദ്രങ്ങളിൽ അഭയം തേടുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടിവരികയാണ്. പല അഭയകേന്ദ്രങ്ങളിലും താത്ക്കാലിക താമസത്തിനും സംരക്ഷണത്തിനുമുള്ള ഭൗതികവും സാമ്പത്തികവുമായ സാഹചര്യങ്ങളേ ഉള്ളൂ. ഈ പശ്ചാത്തലത്തിൽ നിലവിൽ വിവിധ അഭയകേന്ദ്രങ്ങളിലുള്ള സ്ത്രീകളേയും കുട്ടികളേയും ഏറ്റവും നല്ല രീതിയിൽ സംരക്ഷിക്കുന്നതിനായി 'വിമൻസ് വില്ലേജ്' സ്ഥാപിക്കും. ഇതിനായി പ്രത്യേക സ്ഥലം കണ്ടെത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയും. റിക്രിയേഷൻ സെന്ററുകളും ലൈബ്രറിയും മെഡിക്കൽ ഫെസിലിറ്റിയും അടക്കമുള്ള സംവിധാനം ഏർപ്പെടുത്തും.

423. ഈ ബൃഹദ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അമ്പത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കുടുംബശ്രീ പ്രവർത്തനം

424. നഗരത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് നിലവിൽ മിച്ച വരുമാനത്തിന്റെ രണ്ട് ശതമാനം മാത്രമാണ് നീക്കിവെക്കുന്നത്. ആയത് അഞ്ച് ശതമാനമായി ഉയർത്തും. ഇതിനാവശ്യമായ അനുമതിയും നിയമ നടപടികളും സ്വീകരിക്കും. കുടുംബശ്രീ പ്രവർത്തനങ്ങൾ ശാക്തീകരിക്കും.

## കുടുംബശ്രീ ആപ്പ്

425. കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റ് സംവിധാനത്തിലൂടെ വിൽപ്പന നടത്തുന്നതിന് ഒരു ആപ്പ് ഡെവലപ്പ് ചെയ്യും. ഇതിലൂടെ എല്ലാ കുടുംബശ്രീകളുടേയും ഉൽപ്പന്ന വിതരണമാണ് ലക്ഷ്യമിടുന്നത്.

426. ആയതിന് പത്ത് ലക്ഷം രൂപ നീക്കിവെക്കുന്നു.

## സ്വയംതൊഴിൽ പദ്ധതി

427. വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും ഏഴ് ശതമാനം പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായം നല്കും. എഴുപത്തിയഞ്ച് വ്യക്തിഗത സംരംഭങ്ങളും പത്ത് ഗ്രൂപ്പ് സംരംഭങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഓരോ വാർഡിലും ഓരോ സംരംഭം എന്ന നിലയിലും പദ്ധതികൾ തുടങ്ങുന്നതാണ്. ഇതിലേക്കായി പലിശ സബ്സിഡി ഇനത്തിൽ പത്ത് ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

428. വ്യവസായ വികസനത്തിനായി ലീഡ് ബാങ്കുമായി ചേർന്ന് സംരംഭകത്വ പരിശീലനം ആരംഭിക്കും. ഇതിനായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി ഇരുന്നൂറ് വ്യക്തികൾക്ക് ആറ് ദിവസത്തെ

പരിശീലനം നല്കുന്നതാണ്. ഇതിലേക്കായി 2.5 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

## ലിങ്കേജ് വായ്പ

429. അറുന്നൂറ് കുടുംബശ്രീ അയൽകൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ എടുക്കുന്നതിനുള്ള സംഗമം ഒരുക്കും. ലിങ്കേജ് വായ്പ നേടിയ ആയിരം അയൽകൂട്ടങ്ങൾക്ക് പലിശ സബ്സിഡി ലഭ്യമാക്കുന്നതിന് മൂന്ന് കോടി രൂപ ചെലവഴിക്കും.

430. ലിങ്കേജ് വായ്പ നേടിയ കുടുംബശ്രീ അയൽകൂട്ടം മുഖേന ഇരുന്നൂറ് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## നൈപുണ്യവും വികസനവും

431. 2019-20 സാമ്പത്തിക വർഷത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇരുന്നൂറ്റി ഇരുപത്തിയഞ്ച് യുവതീ യുവാക്കൾക്ക് വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കിയ നൂറ്റമ്പത് പേർക്ക് കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് നേടിയവരിൽ എഴുപത്തിയഞ്ച് പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കുകയും ചെയ്തു. നൈപുണ്യ പരിശീലനത്തിനുള്ള തുക കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും പരിശീലന ഏജൻസിക്കു ലഭ്യമക്കുന്നു. പാസായ ഒരു വിദ്യാർത്ഥിക്ക് ഏകദേശം 15000/- രൂപ നിരക്കിൽ ഇരുപത് ലക്ഷത്തോളം രൂപ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നേരിട്ട് വിവിധ ട്രെയിനിംഗ് ഏജൻസികൾക്കു നൽകുന്നുതാണ്.

432. 2020-21 സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നാനൂറ് യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുവാൻ ലക്ഷ്യമിടുന്നു.

433. പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടുന്നവരിൽ അമ്പത് ശതമാനം പേർക്ക് പ്ലെയ്സ്മെന്റ് കിട്ടുന്നതിനും ലക്ഷ്യമിടുന്നു.

## സാമൂഹ്യസംഘാടനവും സ്ഥാപന വികസനവും

434. കുടുംബശ്രീയുടെ നേതൃത്വത്തിൽ നൂറ് പുതിയ അയൽകൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിലവിലുള്ള അയൽകൂട്ടങ്ങൾക്ക് സമ്പാദ്യ ശീലം വളർത്തുന്നതിനായി പതിനായിരം രൂപ വീതം റിവോൾവിംഗ് അനുവദിക്കും.

## അഭയകേന്ദ്രങ്ങൾ

435. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന പത്ത് അഭയകേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള വലിയ കർമ്മ പദ്ധതി എറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിൽ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ്, ഫോർട്ട്കൊച്ചിയിലെ ഗുഡ്ഷേപ്പേർഡ്, തേവരയിലെ ഓൾഡ് എയ്ജ് ഹോം, ഗാന്ധിനഗറിലെ ശാന്തിഭവൻ, സ്നേഹഭവൻ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ ഉടനടി പൂർത്തീകരിക്കുന്നതാണ്. ഇതിനകം ഒരു കോടി ഇരുപത്തി അഞ്ചു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

436. ഈ വർഷം ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കോസ്റ്റ് ആയി മുപ്പത് ലക്ഷം രൂപ ചെലവഴിക്കും.

## ഇടക്കൊച്ചി അഭയ കേന്ദ്രം

437. ഇടക്കൊച്ചിയിൽ അഭയകേന്ദ്രം നിർമ്മിക്കുവാൻ കണ്ടെത്തിയിട്ടുള്ള കെ.എം.സി.യുടെ മൂന്നര ഏക്കർ സ്ഥലത്ത് അഭയകേന്ദ്രം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. ഏറ്റവും ആധുനിക രീതിയിൽ ആതുരശുശ്രൂഷ, വിനോദം,

വിജ്ഞാനം തുടങ്ങി എല്ലാ സൗകര്യങ്ങളുമുള്ള ഒരു അഭയകേന്ദ്ര മായിട്ടാണ് ഇത് നിർമ്മിക്കുക. ഇതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കു ന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

438. പദ്ധതിക്കായി ഒരു കോടി രൂപ ചെലവഴിക്കും.

## നഗര ഉപജീവന കേന്ദ്രം

439. നഗരത്തിലെ പാവപ്പെട്ടവരുടെ സേവനങ്ങൾക്കും ഉല്പ്പന്നം വിപണ നം ചെയ്യുന്നതിനും മൂന്ന് ഉപജീവന കേന്ദ്രങ്ങൾ ആരംഭിക്കും. തേവരയിലും ചുള്ളിക്കലിലും പദ്ധതി നടത്തിപ്പിനായി സ്ഥാപനം കണ്ടെത്തിയിട്ടുണ്ട്.

## കരുതൽ

440. സ്ത്രീകളും കുട്ടികളും തെരുവിൽ അന്തിയുറങ്ങുന്ന കാഴ്ച്ച മറ്റെല്ലാ നഗരങ്ങളേയുംപോലെ നമ്മുടെ കൊച്ചിയിലും വർദ്ധിച്ചുവരികയാ ണ്. ഏത് കാരണത്താലായാലും ഏത് സാഹചര്യങ്ങളുടെ അടിസ്ഥാന ത്തിലായാലും അശരണരായ ഇവരുടെ ക്ഷേമം ഒരു പ്രാദേശിക സർക്കാർ എന്നനിലയിൽ നാം ഉറപ്പാക്കിയേ തീരൂ. ഇത്തരത്തിൽ തെരുവിൽ അന്തിയുറങ്ങുന്ന കുട്ടികളേയും സ്ത്രീകളേയും പാർപ്പി ക്കുന്നതിനുള്ള സാമൂഹ്യ സേവന കേന്ദ്രങ്ങൾ നഗരത്തിന്റെ മൂന്ന് മേഖലകളിലായി ആരംഭിക്കും. ഈ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല സാമൂഹ്യ ക്ഷേമ ഓഫീസർക്ക് നൽകും.

441. പദ്ധതിക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## ഹോണറേറിയം

442. വർദ്ധിച്ച് വരുന്ന ചുമതലകളും ഭാരിച്ച ചെലവുകളും കണക്കിലെടുത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിലെ കൗൺസിലർമാരുടെ ഹോണറേറിയം നിലവിലുള്ള 8,500 രൂപയിൽ നിന്നും 15,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് ബഹു. സർക്കാരിനോട് ഈ കൗൺസിൽ ആവശ്യപ്പെടും.

## കരാറുകാരുടെ കുടിശ്ശിക

443. കെ.എം.സി.യുടെ പ്രവർത്തനങ്ങൾക്ക് എന്നും മുതൽകൂട്ടായി പ്രവർത്തിക്കുന്ന കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനായി അഞ്ച് കോടി രൂപ ഉടനടി അനുവദിക്കും. കൂടാതെ, കുടിശ്ശിക തീർക്കുന്നതിനായി പത്ത് കോടി രൂപ ലോൺ എടുക്കുന്നത് സംബന്ധിച്ച് ബഹു. സർക്കാരിന്റെ അനുമതി ഉടനടി ലഭ്യമാക്കും.

444. ബഹു. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ബിൽ ഡിസ്ക്കൗണ്ടിംഗ് സംവിധാനം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവകരമായ ആലോചന നടത്തും. കരാറുകാരുടെ ആത്മാർത്ഥമായ പിന്തുണ ഞാൻ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

## ഉപസംഹാരം

445. ആധുനിക സൗകര്യങ്ങളോടുകൂടിയ ലോക നിലവാരത്തിലേക്ക് ഉയരുന്ന ഒരു നഗരമാണ് നമ്മുടെ കൊച്ചി. ദക്ഷിണേന്ത്യയിലെ എല്ലാ നഗരങ്ങളേയും പോലെ നിരവധി വികസന വെല്ലുവിളികൾ നേരിടുന്ന നഗരവുമാണ് നമ്മുടെ കൊച്ചി. കൊച്ചിയുടെ വികസനത്തിനും വളർച്ചയ്ക്കുമായി നിരവധി അന്താരാഷ്ട്ര ഏജൻസികൾ കെ.എം.സി. യെ സഹായിക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. നഗരവികസനവുമായി ബന്ധപ്പെട്ട് നമ്മുടെ നഗരത്തിൽ ഉള്ള വിദഗ്ദ്ധരുടെ സേവനവും ഈ അന്താരാഷ്ട്ര വിദഗ്ദ്ധരുടെ സേവനവും സംയോജിക്കുമ്പോൾ അത് നമ്മുടെ നഗരത്തിന്റെ വളർച്ചയ്ക്ക് ശരിയായ മാർഗ്ഗദർശിയായി മാറുമെന്നതിൽ തർക്കമില്ല. കേരളം എന്ന

സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് തേരാളിയായി എന്നും മുന്നിൽ നിൽക്കുന്നത് നമ്മുടെ കൊച്ചിയാണ്. ഈ സംസ്ഥാനത്തിന്റെ റെവന്യൂ വരുമാനത്തിന്റെ നാല്പത് ശതമാനത്തോളം കണ്ടെത്തുന്നത് കൊച്ചി ഉൾപ്പെടുന്ന എറണാകുളം ജില്ലയിൽ നിന്നാണ്. കൊച്ചിയുടെ വികസനത്തിലൂടെ കേരളത്തിന്റെ ആകമാനം വികസനം നമുക്ക് സാധ്യമാക്കാനാവും. സമുദ്രോൽപ്പന്ന കയറ്റുമതിയിലൂടെയും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വ്യവസായത്തിലൂടെയും നേടുന്ന സാമ്പത്തിക മികവ് തീർച്ചയായും ഈ നഗരത്തിന് മാത്രമുള്ളതല്ല. മറിച്ച് ഈ സംസ്ഥാനത്തിന് ആകെയുള്ളതാണ്. ആയതുകൊണ്ട് തന്നെ കൊച്ചി നഗരത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും പ്രത്യേക പരിഗണന നൽകി പ്രവർത്തിക്കണമെന്ന് ബഹു. സംസ്ഥാന സർക്കാരിനോട് ഞാനീയവസരത്തിൽ അഭ്യർത്ഥിക്കുന്നു.

446. ഈ മഹാനഗരത്തിന്റെ വികസന പാതയിൽ എന്നും നമ്മോടൊപ്പമുള്ള ഭാരതത്തിന്റെ ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, കേന്ദ്ര ഭവന-നഗരകാര്യ വകുപ്പ് മന്ത്രി ശ്രീ. ഹർദീപ് സിംഗ് പുരി, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ, ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്, ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ. ഷൈലജ ടീച്ചർ, എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ. മാരായ ശ്രീ. ടി.ജെ. വിനോദ്, ശ്രീ. പി.ടി. തോമസ്, ശ്രീ. കെ.ജെ. മാക്സി, അഡ്വ. എം. സ്വരാജ്, ശ്രീ. ജോൺ ഫെർണാണ്ടസ്, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീമതി. ശാരദ മുരളീധരൻ, നഗരകാര്യ ഡയറക്ടർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ ഡോ. എം. ബീന ഐ.എ.എസ്., കെ.എം.ആർ.എൽ. എം.ഡി. ശ്രീ. അൽക്കേഷ് കുമാർ ശർമ്മ ഐ.എ.എസ്., എറണാകുളം ജില്ലാ കളക്ടർ ശ്രീ. എസ്. സുഹാസ് ഐ.എ.എസ്., സിറ്റി പോലീസ് കമ്മിഷണർ ശ്രീ. വിജയ് സാക്കറെ, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ശ്രീ. മധു എസ്. നായർ, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. വി. സലീം, മുൻ മേയർമാർ, മുൻ ഡെപ്യൂട്ടി

മേയർമാർ, മുൻ ജി.സി.ഡി.എ. ചെയർമാൻമാർ എന്നിവരോട് കൊച്ചി പൗരാവലിയുടെ അകൈതവമായ നന്ദി അറിയിക്കുന്നു.

447. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് എന്നും മാർഗ്ഗദർശിയായി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയേയും ജഡ്ജിമാരേയും മറ്റെല്ലാ ജീവനക്കാരേയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിരവധി പദ്ധതികളിൽ പങ്കാളികളാവുകയും നിയമപരവും സാങ്കേതികവുമായ നിരവധി വിഷയങ്ങളിൽ ശരിയായ ഉപദേശങ്ങൾ തന്ന് പിന്തുണക്കുന്ന കേരള ലീഗൽ സർവ്വീസ് അതോറിറ്റിയോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, കൊച്ചിൻ ലീഗൽ സർവ്വീസ് അതോറിറ്റിയോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ സമിതി, സംസ്ഥാന മനുഷ്യാവകാശ സമിതി എന്നിവർക്കും നന്ദി അറിയിക്കുന്നു.

448. കേന്ദ്ര-സംസ്ഥാന സർക്കാർ സെക്രട്ടറിമാർ, വിവിധ സർക്കാർ വകുപ്പ് തലവന്മാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, സാംസ്കാരിക നായകൻമാർ, തൊഴിലാളി സംഘടനാ നേതാക്കൾ, വിവിധ സംഘടനകൾ, വാണിജ്യ, വ്യാപാര, വ്യവസായ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൊച്ചി സോഷ്യൽ സർവ്വീസ് സൊസൈറ്റി, കലാ സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകൾ എന്നിവരും ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണ തുടർന്നും നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

449. ഇന്ത്യൻ നേവി, സംസ്ഥാന എക്സൈസ് വകുപ്പ്, സംസ്ഥാന മോട്ടോർ വെഹിക്കിൾ വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചിൻ ഷിപ്പ്യാർഡ്, ജിയോജിത്ത് ഫിനാഷ്യൽ സർവ്വീസസ് ലിമിറ്റഡ്, ബി.പി.സി.എൽ., കെ.ഡബ്ല്യൂ.എ., കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ., കൊച്ചി മെട്രോ, എം.പി.ഇ.ഡി.എ. തുടങ്ങിയ നഗര വികസനത്തിന് എന്നും പിന്തുണ നൽകുന്ന സ്ഥാപനങ്ങളോടു ള്ള നന്ദിയും ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തന്നു.

450. ഈ നഗരത്തിന്റെ വികസനപാതയിൽ എന്നും ഒപ്പം നിന്നവരാണ് കൊച്ചിയിലെ മാധ്യമ സ്ഥാപനങ്ങളും മാധ്യമ പ്രവർത്തകരും എറണാകുളം പ്രസ് ക്ലബും കൊച്ചി പ്രസ് ക്ലബും. ആ വലിയ പിന്തുണക്കുള്ള നന്ദി അറിയിക്കുവാൻ ഞാനീയവസരം വിനിയോഗിക്കുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ എന്നും പിന്തുണക്കുകയും കൂടെ നിൽക്കുകയും ചെയ്ത മുഴുവൻ പൗരാവലിയേയും ഞാനെന്റെ ഹൃദയംഗവും സനാതനവും സക്രിയവുമായ നന്ദി അറിയിക്കുന്നു.

451. കൊച്ചി നഗരത്തിന്റെ ഭാവി വികസനം ലക്ഷ്യമാക്കി ഇന്നിവിടെ സമർപ്പിച്ച ഈ ബജറ്റ് ഒരു വലിയ കൂട്ടായ്മയുടെ ശ്രമഫലമാണ്. എഴുപത്തിനാല് കൗൺസിലർമാരും സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഡെപ്യൂട്ടി സെക്രട്ടറി, വകുപ്പ് മേധാവികൾ അടക്കമുള്ള മുഴുവൻ ജീവനക്കാരും ഈ ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായിട്ടുണ്ട്. നമ്മുടെ നഗരം ഭാവിയിൽ എന്താകണമെന്ന് നാം ഓരോരുത്തരും കാണുന്ന സ്വപ്നത്തിന്റെ പ്രതിഫലനമാണ് ഈ ബജറ്റ് നിർദ്ദേശങ്ങൾ എല്ലാം തന്നെ. അവ ഓരോന്നും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കേണ്ടത് നാം ഓരോരുത്തരുടേയും കർത്തവ്യമാണ്. ഒറ്റക്കെട്ടായി ഈ ദൗത്യം എറ്റെടുക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ കൂട്ടായ ശ്രമം ഫലപ്രാപ്തി നൽകുമെന്നത് തീർച്ചയാണ്.

452. 'ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്. സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു' എന്ന മാഹാത്മജിയുടെ പ്രശസ്തമായ വരികൾ ഉദ്ധരിച്ചുകൊണ്ട് ഈ ബജറ്റ് നിങ്ങളുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,**

**ചെയർമാൻ**

**കെ.ആർ. പ്രേമകുമാർ**

**ഡെപ്യൂട്ടി മേയർ**